FINANCIAL BUSINESS

Voting on Demands for grants in the Budget for 1970-71 (*contd.*)

Mr. Speaker : Now we go to the discussion and Voting on Demand[1] for Grants.

Demand XXVII—Industries, XXIX—Labour and Employment and XXXIX—Forest.

Minister for Industries and Labour (**Shri P. Ravindran**) : Sir I move that Government be granted a sum of Rs. 1,18,04,000 under Demand XXVII Industries.

Sir, I also move that Government be granted a sum of Rs. 1,09,64,600 under Demand XXIX—Labour and Employment.

Sir, I further move that Government be granted a sum of Rs. 2,81,79,200 under Demand XXXIX—Forest.

Minister for Finance (**Shri N. K. Seshan**) : Sir, I second it.

Minister for Transport & Health (**Shri K. M. George**) : Sir, I move that Government be granted a sum of Rs. 11,27,75,200 under Demand XIX—Medical.

Sir, I also move that Government be granted a sum of Rs. 4,45,23,600 under Demand XX—Public Health.

Sir, I further move that Government be granted a sum of Rs. 2,15,00,300 under Demand XXI—Public Health Engineering.

Sir, I further move that Government be granted a sum of Rs. 21,24,000 under Demand IV—Taxes on Vehicles.

Sir, I further move that Government be granted a sum of Rs. 30,61,500 under Demand XXXV—Transport Schemes.

Sir, I further move that Government be granted a sum of Rs. 10,50,000 under Demand L—Capital Outlay on Transport Schemes.

Minister for Finance (**Shri N. K. Seshan**) : Sir, I second it.

Minister for Irrigation & Agriculture (**Shri O. Koran**) : Sir, I move that Government be granted a sum of Rs. 3,82,72,100 under Demand XXX—Harijan Welfare.

Sir, I also move that Government be granted a sum of Rs. 5,96,85,200 under Demand XXXII—Irrigation.

Sir, I further move that Government be granted a sum of Rs. 5,54,60,900 under Demand XLVI—Capital Outlay on Irrigation.

Minister for Finance (**Shri N. K. Seshan**): Sir, I second it.

Minister for Local Administration (**Shri K. Avukkaderkutty Naha**) :

Sir, I move that Government be granted a sum of Rs. 14,17,25,000 under Demand XXXIII—Public Works.

LIBRARY ARCHIVES Kerala Legislative Assembly

Sir, I also move that Government be granted a sum of Rs. 7,47,51,600 under Demand XLVII—Capital Outlay on Public Works.

Sir, I further move that Government be granted a sum of Rs. 1,65,00,300 under Demand XXIII—Fisheries.

Sir, I further move that Government be granted a sum of Rs. 1,53,79,500 under Demand XXIV—Rural Development.

Sir, I also move that Government be granted a sum of Rs. 2,79,11,900 under Demand XXVIII—Community Development Projects, National Extension Service and Local Development works.

Minister for Finance (**Shri N. K. Seshan**): Sir, I second it.

Mr. Speaker: There are a lot of cut motions. As agreed I think....

Shri C. B. Chandrasekhara Warrier: Sir, I have given notice of cut motion to all the Demands.

Mr. Speaker: You can move.

Shri C. B. Chandrasekhara Warrier: Sir, I move:

1. To reduce the total allotment of Rs. 1,18,04,000 under Demand XXVII by Rs. 100.
2. To reduce the total allotment of Rs. 1,09,54,600 under Demand XXIX by Rs. 100
3. To reduce the total allotment of Rs. 2,81,79,200 under Demand XXXIX by Rs. 100.
4. To reduce the total allotment of Rs. 11,27,75,200 under Demand XIX by Rs. 100.
5. To reduce the total allotment of Rs. 4,45,23,600 under Demand XX by Rs. 100.
6. To reduce the total allotment of Rs. 2,15,00,300 under Demand XXI by Rs. 100.
7. To reduce the total allotment of Rs. 21,24,000 under Demand IV by Rs. 100.
8. To reduce the total allotment of Rs. 30,61,500 under Demand XXXV by Rs. 100.
9. To reduce the total allotment of Rs. 10,50,000 under Demand L by Rs. 100.
10. To reduce the total allotment of Rs. 3,82,72,100 under Demand XXX by Rs. 100.
11. To reduce the total allotment of Rs. 5,96,85,200 under Demand XXXII by Rs. 100.
12. To reduce the total allotment of Rs. 5,54,60,900 under Demand XLVI by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

13. To reduce the total allotment of Rs. 14,17,25,000 under Demand XXXIII by Rs. 100.
14. To reduce the total allotment of Rs. 7,47,51,600 under Demand XLVII by Rs. 100.
15. To reduce the total allotment of Rs. 1,65,00,000 under Demand XXIII by Rs. 100.
16. To reduce the total allotment of Rs. 1,53,79,500 under Demand XXIV by Rs. 100.
17. To reduce the total allotment of Rs. 2,79,11,900 under Demand XXVIII by Rs. 100.

Shri P. P. George: Sir, I on behalf of Shri N. I. Devassykutty move the following cut motions:—

1. To reduce the total allotment of Rs. 1,18,04,000 under Demand XXVII by Rs. 100.
2. To reduce the total allotment of Rs. 1,09,64,600 under Demand XXIX by Rs. 100.
3. To reduce the total allotment of Rs. 2,81,79,200 under Demand XXXIX by Rs. 100.
4. To reduce the total allotment of Rs. 11,27,75,200 under Demand XIX by Rs. 100.
5. To reduce the total allotment of Rs. 4,45,23,600 under Demand XX by Rs. 100.
6. To reduce the total allotment of Rs. 2,15,00,300 under Demand XXI by Rs. 100.
7. To reduce the total allotment of Rs. 21,24,000 under Demand IV by Rs. 100.
8. To reduce the total allotment of Rs. 30,61,500 under Demand XXXV by Rs. 100.
9. To reduce the total allotment of Rs. 10,50,000 under Demand L by Rs. 100.
10. To reduce the total allotment of Rs. 3,82,72,100 under Demand XXX by Rs. 100.
11. To reduce the total allotment of Rs. 5,96,85,200 under Demand XXXII by Rs. 100.
12. To reduce the total allotment of Rs. 5,54,60,900 under Demand XLVI by Rs. 100.
13. To reduce the total allotment of Rs. 14,17,25,000 under Demand XXXIII by Rs. 100.
14. To reduce the total allotment of Rs. 7,47,51,600 under Demand XLVII by Rs. 100.
15. To reduce the total allotment of Rs. 1,65,00,300 under Demand XXIV by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

16. To reduce the total allotment of Rs. 1,53,79,500 under Demand XXIV by Rs. 100.

17. To reduce the total allotment of Rs. 2,79,11,900 under Demand XXVIII by Rs. 100.

Shri R. Gopalakrishnan Nair: Sir, I on behalf of Dr. George Thomas, move the following cut motions:

1. To reduce the total allotment of Rs. 1,18,04,000 under demand XXVII by Rs. 100.
2. To reduce the total allotment of Rs. 1,09,64,600 under Demand XXIX by Re. 1.
3. To reduce the total allotment of Rs. 2,81,79,200 under Demand XXXIX by Re. 1.
4. To reduce the total allotment of Rs. 11,27,75,200 under Demand XIX by Re. 1.
5. To reduce the total allotment of Rs. 4,45,23,600 under Demand XX by Re. 1.
6. To reduce the total allotment of Rs. 2,15,00,300 under Demand XXI by Re. 1.
7. To reduce the total allotment of Rs. 21,24,000 under Demand IV by Re. 1.
8. To reduce the total allotment of Rs. 30,61,500 under Demand XXXV by Re. 1.
9. To reduce the total allotment of Rs. 10,50,000 under Demand L by Re. 1.
10. To reduce the total allotment of Rs. 3,82,72,100 under Demand XXX by Re. 1.
11. To reduce the total allotment of Rs. 5,96,85,200 under Demand XXXII by Re. 1.
12. To reduce the total allotment of Rs. 14,17,25,000 under Demand XXXIII by Re. 1.
13. To reduce the total allotment of Rs. 4,47,51,600 under Demand XLVII by Rs. 100.
14. To reduce the total allotment of Rs. 1,65,00,300 under Demand XXIII by Re. 1.
15. To reduce the total allotment of Rs. 1,53,79,500 under Demand XXIV by Re. 1.
16. To reduce the total allotment of Rs. 2,29,11,900 under Demand XXVIII by Re. 1.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറുകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗതവ്യവസായങ്ങളുടെ സ്ഥിതിയെക്കുറിച്ച് ഇൗ ഗവൺമെൻറ് കാര്യമായി

LIBRARY ARCHIVES Kerala Legislative Assembly

ചിന്തിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞ കുറെ വർഷമായി കൈത്തറി കയർ, കശുവണ്ടി എന്നീവ്യവസായങ്ങളും അധ:പതിച്ചു തപതിച്ചു ഇന്ന് തകർച്ചയിലാണ്ടിരിക്കുകയാണ്; ആ വ്യവസായങ്ങളിലേർപ്പെട്ടിരുന്ന ലക്ഷക്കണക്കിനു തൊഴിലാളികളും പട്ടിണിയും പരിവട്ടവുമായി നട്ടംതിരിയുകയാണ്. ഇത്രയധികം തൊഴിലാളികളെ എൻഗേജുചെയ്യുന്നമറെറാരു വ്യവസായം നമ്മുടെ സംസ്ഥാനത്തില്ല. ഏറെക്കുറെ ജനങ്ങളുടെ ജീവിതസന്ധാരണത്തിന് ഉതകുന്ന ഈ വ്യവസായങ്ങളെ കാര്യമായി നയിക്കേണ്ട ചുമതല ഈ ഗവൺമെൻറിനുണ്ട്. കൈത്തറിവ്യവസായത്തെക്കുറിച്ച് ദീർഘമായി സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അതിനു ചില പരിപാടികളൊക്കെ നടപ്പാക്കി കൈത്തറിത്തൊഴിലാളികൾക്കു ചില ആനുകൂല്യങ്ങളൊക്കെ നൽകിയിട്ടുണ്ട്. പക്ഷേ കശുവണ്ടിവ്യവസായത്തിലെ തൊഴിലാളികളുടെ സ്ഥിതി ശോചനീയമാണ്, ദയനീയമാണ്. ഏതാണ്ട് ഫാക്ടറിയടിസ്ഥാനത്തിൽ മൂന്നുലക്ഷത്തോളം സംഘടിതതൊഴിലാളികൾക്ക് ഏർപ്പെട്ടിരിക്കുന്ന വ്യവസായമാണ് കശുവണ്ടിവ്യവസായം. എന്നാൽ ഇന്ന് ഈ വ്യവസായം സംഘടിതരൂപത്തിൽനിന്നു ഭിന്നമായി, ഫാക്ടറിയടിസ്ഥാനത്തിൽ നടത്തുന്നതിൽനിന്നു ഭിന്നമായി, ശിഥിലീകൃതമായ രൂപത്തിലാക്കിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൽ ഏറെക്കുറെ കുത്തകതന്നെയുണ്ടായിരുന്ന ഈ വ്യവസായം ഇന്നു നശിച്ചുകൊണ്ടിരിക്കുകയാണ്. അയൽസംസ്ഥാനമായ തമിഴ് നാട്ടിൽ അനേകം വ്യവസായസ്ഥാപനങ്ങളും ഇന്നു തുടങ്ങികഴിഞ്ഞിട്ടുണ്ട്. ഇറക്കുമതിചെയ്യുന്ന കശുവണ്ടിയുടെ നല്ലൊരുഭാഗംതന്നെ തമിഴ്നാട്ടിലേക്കു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇവിടെനിന്ന് ഈ വ്യവസായംതന്നെ പുറത്തേയ്ക്കു പൊയ്ക്കൊണ്ടിരിക്കുകയാണ്. കാരണം നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളും സംഘടിതരാണ്, അവർക്കു അർഹമായ ആനുകൂല്യങ്ങളും അവകാശങ്ങളും ഇന്നു നിയമംമൂലം നടപ്പാക്കുമ്പോൾ സാധാരണഗതിയിൽ വ്യവസായികൾക്കും മുതലാളിമാർക്കും നഷ്ടമുണ്ടാകും. നമ്മുടെ നാട്ടിലെ വ്യവസായികളും സംഘടിതവിഭാഗമായ തൊഴിലാളികളെ ശിഥിലീകരിച്ച് അവരുടെ അവകാശങ്ങളും അവർക്കുവേണ്ട ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ നഷ്ടപ്പെടുത്തിരിക്കുന്നതിന്, ഇന്ന് ശിഥിലീകൃതമായിരിക്കുന്ന ഈ വ്യവസായത്തെ, തൊഴിലാളികളും സമരം ചെയ്തുനേടിയ ആനുകൂല്യങ്ങളും നഷ്ടപ്പെടാതിരിക്കാൻ സംസ്ഥാനഗവൺമെൻറിൻെറ കീഴിൽ പുന:സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകുന്നതിനും വേണ്ട ഏർപ്പാടുകളും ഉണ്ടാകണം, എന്നാണ് എനിക്കുപറയാനുള്ളത്. ഇന്ന് എന്താണ് ചെയ്തിരിക്കുന്നത്? കശുവണ്ടി കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. അതിനുവേണ്ടി ആകെ നീക്കിവച്ചിട്ടുള്ളത് 50 ലക്ഷം രൂപയാണ്. ഇറക്കുമതിചെയ്യുന്ന കശുവണ്ടിയുടെ തോതും ഇന്നു നീക്കിവച്ചിട്ടുള്ള ഈ തുകയും തമ്മിൽ എന്തു ബന്ധമാണുള്ളത്? കോടികണക്കിനു രൂപ വിദേശനാണ്യം സമ്പാദിച്ചുതരുന്ന ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു കിട്ടേണ്ട ആനുകൂല്യങ്ങളും നിഷേധിക്കുന്നതു ഗവൺമെൻറു കണ്ടുകൊണ്ടിരിക്കുകയാണെങ്കിൽ അതു ഖേദകരമാണ്. കശുവണ്ടി കോർപ്പറേഷൻ കൊണ്ട് ഗവൺമെൻറ് ദ്ദേശിക്കുന്ന നേട്ടം തൊഴിലാളികൾക്കുണ്ടാകുമോ എന്ന് എനിക്ക് സംശയമുണ്ട്. 50 ലക്ഷം രൂപ എങ്ങനെ തികയുമെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ട്, അസംഘടിതമായിത്തീർന്നിരിക്കുന്ന ഈ വ്യവസായത്തെ സംഘടിതമാക്കിമാററി, ഈ രംഗത്തു തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ രക്ഷിക്കാൻ തയ്യാറാകണം.

രണ്ടാമത്തേതു കയർവ്യവസായമാണ്. കയർവ്യവസായത്തിൽ ആകെ, എക്കണോമിക് റെവ്യൂയിലെ റിപ്പോർട്ടനുസരിച്ചുതന്നെ ഉദ്ദേശം 13 ലക്ഷത്തോളം ആളുകൾ ഏർപ്പെട്ടിട്ടുണ്ട്. 13 ലക്ഷത്തോളമാളുകളുടെ ജീവസന്ധാരണത്തിനുതകുന്ന ഈ വ്യവസായം ഇന്ന് ഏതു നിലയിൽ കിടക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വെന്ന് ഗവൺമെൻറിനു അറിയാം. ഇതുസംബന്ധിച്ച് പരിചയമുള്ള ആളുകളാണ് ഭരണം ഏറെറടുത്തിരിക്കുന്നത്. കഴിഞ്ഞ രണ്ടരവർഷമായി ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ ചുമതലയും കടപ്പാടും അറിവും ഉള്ള ആൾ വ്യവസായമന്ത്രിയായിരുന്നിട്ടും, വാസ്തവത്തിൽ ഈ വ്യവസായത്തെ അവഗണിക്കുകയും പുറന്തള്ളുകയും ആണ് ചെയ്തിട്ടുള്ളത്. എന്തുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്? കഴിഞ്ഞ മൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്ത് 250 കോടിരൂപയോളം വിദേശനാണ്യം സമ്പാദിച്ചുകൊടുത്ത വ്യവസായമാണ് കയർ. മൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഈ രംഗത്ത് 3 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 250 കോടി രൂപ വിദേശനാണ്യം സമ്പാദിച്ചുതരികയും 14 ലക്ഷം തൊഴിലാളികൾക്കു തൊഴിൽ നൽകുകയുംചെയ്യുന്ന ഈ വ്യവസായം ഇന്നു സ്തംഭനാവസ്ഥയിലാണ്. ഈ വ്യവസായത്തെ ഉദ്ധരിക്കാൻ മന്ത്രിക്കു സമയവും സൗകര്യവുമില്ല. 14 ലക്ഷം തൊഴിലാളികളുടെ ജീവിതസന്ധാരണത്തിനുതകുന്ന ഈ വ്യവസായത്തെ മന്ത്രി അവഗണിച്ചു ഇന്ന് ഈ വ്യവസായം തകർന്നുതരിപ്പണമായിരിക്കുകയാണ്; കയർവ്യവസായമാകെ സ്തംഭനാവസ്ഥയിലാണ്. തൊഴിലാളികൾക്കു തൊഴിൽ ഇല്ലാതിരിക്കുകയാണ്. യാതൊന്നും ചെയ്തില്ലെന്നല്ല; കഴിഞ്ഞ രണ്ടരവർഷമായി ചിലതൊക്കെ ചെയ്തുവെന്നു പറയാറുണ്ടായിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ കയർ ഡെവലപ്പ്മെൻറ് സ്കീം തയ്യാറാക്കി. ആ സ്കീം ഇപ്പോൾ എവിടെ കിടക്കുന്നു? ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രത്തിൽ സമ്മർദ്ദംചെലുത്തി, നിവേദനം നടത്തി, എന്നു പറയുകയുണ്ടായി, കഴിഞ്ഞ വർഷം, കയർവികസനപ്രവർത്തനങ്ങൾ ആരംഭിക്കുമെന്നു വ്യവസായ മന്ത്രി ഈ സഭയ്ക്ക് ഉറപ്പുതന്നതാണ്. എന്തെങ്കിലുമൊരു നടപടി സ്വീകരിച്ചതായി എനിക്കറിവില്ല. 16 കോടി രൂപയാണ് കേന്ദ്രത്തോടാവശ്യപ്പെട്ടത്. ഈ 16 കോടി രൂപ കിട്ടാൻ ഗവൺമെൻറു എന്തു നടപടി സ്വീകരിച്ചു നിവേദനങ്ങൾ മാത്രം സമർപ്പിച്ചു. കയർവ്യവസായത്തിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ആ വ്യവസായം പുനസംഘടിപ്പിക്കുന്നതിനും ഗവൺമെൻറു തയ്യാറാകണം.; അതിനുവേണ്ട തുക സംഭരിക്കാൻ ഗവൺമെൻറു തയ്യാറാകണം. 250 കോടി രൂപ വിദേശനാണ്യം സമ്പാദിക്കുന്ന ഒരു വ്യവസായത്തിന് 16 കോടിയിലും കൂടുതൽ തുക കിട്ടേണ്ടതാണ്. കൂടുതൽ കിട്ടാൻ തൊഴിലാളികൾക്ക് അവകാശമുണ്ട്. അതു കേന്ദ്രഗവൺമെൻറിനോട് ചോദിച്ചുവാങ്ങാൻ ഗവൺമെൻറിനു കരുത്തുണ്ടാകണം. അതു കിട്ടിയിട്ടില്ലെങ്കിൽ അതിൻെറ ഉത്തരവാദിത്വം ഈ ഗവൺമെൻറു ഏറെറടുക്കണം. ഈ സ്കീം നടപ്പിലാക്കാതെയും മുന്നോട്ടുപോകാതെയുമിരുന്നാൽ, ഏറെറവും കൂടുതൽ തൊഴിലാളികളുള്ള ഈ വ്യവസായം ഇനിയും കൂടുതൽ കൂടുതൽ അധ:പതിക്കും; തൊഴിലാളികൾ ബുദ്ധിമുട്ടും. ഈ കയർ ഡവലപ്പ്മെൻറ് സ്കീം അനുസരിച്ചുള്ള 16 കോടി രൂപ മുടക്കി അഞ്ചുകൊല്ലത്തിനുള്ളിൽ പ്ലാൻ ചെയ്തു പദ്ധതികൾ നടപ്പിലാക്കി ഈ വ്യവസായത്തിലാകെ ഒരു പുന: സ്സംഘടനവരുത്തി, കയർ ഉൽപ്പാദിപ്പിക്കുന്നതുതൊട്ട് അവസാനം വിപണനം ചെയ്യുന്നതുവരെയുള്ള രംഗങ്ങളിൽ ഗവൺമെൻറ് നേരിട്ട് ഇടപെടേണ്ടതാണ്. ഇന്ന് ഉൽപാദനരംഗത്ത് എന്താണ് നടക്കുന്നത്? കച്ചവടക്കാർ കൂലികൊടുത്തു തൊഴിലാളികളെക്കൊണ്ടു ജോലിചെയ്യിക്കുന്നു. തൊണ്ടുവില നിയന്ത്രിച്ചുകൊണ്ട് ഗവൺമെൻറുത്തരവായിട്ടുണ്ട്. പക്ഷേ വിലയിൽ യഥാർത്ഥത്തിൽ യാതൊരു നിയന്ത്രണവുമില്ല. നിയന്ത്രിത വിലയും യഥാർത്ഥവിലയുമായി യാതൊരു ബന്ധവുമില്ല. കൂലിയെസംബന്ധിച്ചാണെങ്കിൽ യാതൊരുറപ്പുമില്ല. തൊണ്ടുവില നിയന്ത്രിച്ചതുകൊണ്ടുമാത്രം ഈ രംഗം നേരെയാകുമെന്ന് എനിക്കു തോന്നുന്നില്ല. കയർ ഉൽപാദനരംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കൂലി ലഭിക്കാൻ വ്യവസ്ഥകളുണ്ടാക്കാതെ നിവൃത്തിയില്ല. അല്ലെങ്കിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ തൊണ്ടു മുതലാളിമാർ

തട്ടിക്കൊണ്ടുപോകും. ഉൽപ്പാദനംതൊട്ടു വിപണനംവരെയുള്ള രംഗങ്ങളിൽ ഇടപെടാൻ ഗവൺമെൻറ് തയ്യാറാകുകയും തൊഴിലാളികൾക്കു നിശ്ചിതമായി കൂലി ലഭിക്കുമെന്നു ഉറപ്പുവരുത്തുകയുംവേണം. കുറഞ്ഞ കൂലി രണ്ടു രൂപ പോലും ലഭിക്കുന്നില്ല. അതുകൊണ്ട് തൊഴിലാളികൾക്കു ജീവിക്കാൻ കഴിയുകയില്ല.

കഴിഞ്ഞ തവണ കയർത്തൊഴിലാളികൾക്ക് മിനിമംവേജ് നിശ്ചയിച്ചിരുന്നത് ഒന്നര രൂപയാണ്. മിനിമംവേജ് മൂന്നു രൂപയായി ഉയർത്തിക്കൊണ്ടും തൊണ്ടിൻെറ വില ഉയർത്തിക്കൊണ്ടും, ഉണ്ടാക്കുന്ന കയർ മുഴുവനും ഗവൺമെൻറു നേരിട്ടു വാങ്ങണം. അങ്ങനെ വാങ്ങിക്കുന്നതിന് രൂപ ഉണ്ടാകുമോയെന്ന് ചോദിക്കും. വ്യവസായരംഗത്ത് ഗവൺമെൻറിൻെറ നയത്തിനനുസരണമായി വിലപേശി തൊഴിലാളികൾക്ക് നല്ല വിലകൊടുക്കാതെ, കൂലികൊടുക്കാതെ അസംസ്കൃതസാധനങ്ങൾക്ക് ന്യായമായ വില ലഭിക്കാതെ വിദേശങ്ങളിലേക്ക് കയററി അയയ്ക്കേണ്ട ഒരു സ്ഥിതിവിശേഷം അതല്ലെങ്കിൽ, ഉണ്ടാകും. അതുകൊണ്ടാണ് ഗവൺമെൻറു കയർ നേരിട്ടു വാങ്ങി കയററി അയക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്നു പറയുന്നത്. തൊണ്ടിൻെറ വില നിയന്ത്രിച്ചുവെന്നു പറയുകയുണ്ടായി. ഇപ്പോൾ ആയിരം തൊണ്ടിന് തൊണ്ണൂറ് തൊണ്ണൂറിഅഞ്ചുരൂപയോളം വിലയുണ്ട്. തൊണ്ടിൻെറ വില നിയന്ത്രിതാതീതമായി മുന്നോട്ടു പോകുന്നു. തൊണ്ടഴുക്കുന്നതിന് ലൈസൻസ് കൊടുക്കുന്ന സംപ്രദായം പൂർത്തിയായിട്ടുണ്ടെന്നു പറയുകയുണ്ടായി. ഇന്ന് മുതലാളിമാർ ലൈസൻസ് സംപ്രദായം തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. ഇന്ന് ലൈസൻസ് എടുക്കാനുള്ളത് എടുക്കാതിരിക്കുക തൊണ്ടിൻെറവില നിയന്ത്രണത്തിനതീതമായി മുന്നോട്ടുപോകുക, തൊഴിലാളികൾക്ക് നിജപ്പെടുത്തിയിട്ടുള്ള കൂലി കൊടുക്കാതിരിക്കുക ഇവയാണ് കയർവ്യവസായരംഗത്തു ഇന്നു കാണുന്നത്. കയർവ്യവസായരംഗത്തു പ്രവർത്തിക്കുന്ന ഇടത്തരം മുതലാളിമാരും വൻകിടകയറുമതിക്കാരുംകൂടി ഇന്ന് ഈ വ്യവസായത്തെ കൊന്നു കുഴിച്ചു മൂടിയിരിക്കുകയാണ്. ഈ സ്ഥിതിവിശേഷം തുടർന്നു പോകുകയാണെങ്കിൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തകർന്നു തരിപ്പണമാകും. ഗവൺമെൻറിൽനിന്നും എടുത്തിട്ടുള്ള നടപടികൾ തെററാണ്. കയർവ്യവസായം അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അനുകൂലമായ നിലയിൽ പുന:സംഘടിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം കർശനമായും ഗവൺമെൻറുതന്നെ ഏറെറടുക്കണം. ഇക്കാര്യം ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള കയർത്തൊഴിലാളികളുടെ പേരിൽ ഞാൻ ആവശ്യപ്പെടുകയാണ്. തൊഴിലാളികൾ അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ ചില സ്ഥലങ്ങളിൽ സമരം നടത്തി. അവരെയെല്ലാം തന്നെ വളരെ ഹീനമായ നിലയിൽ മർദ്ദിച്ചു ഒതുക്കുവാനുള്ള നടപടികളാണ് നടപ്പിലാക്കിയത്. അതിന് ഉദാഹരണമാണ് വാസുവിന് അടികൊണ്ടത്. ചിറയിൻകീഴ് കയർത്തൊഴിലാളികൾ നടത്തിയ സമരത്തെ ഗുണ്ടാകളെക്കൊണ്ട് അടിച്ചമർത്തുകയാണ് ചെയ്തത്. അറിഞ്ഞോ അറിയാതെയോ തൊഴിലാളിപ്രവർത്തകൻമാരായ ആളുകൾ അതിൽ പങ്കുചേരുകയും ഒരു വിഭാഗത്തിലുള്ള തൊഴിലാളിപ്രവർത്തകരെ മർദ്ദിക്കുകയും ചെയ്തു. തൊഴിലാളികൾക്കുവേണ്ടി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ ഗുണ്ടാകളെയും പോലീസിനെയുംകൊണ്ട് തകർക്കുകയാണ്. ഈ വ്യവസായത്തെ സംരക്ഷിക്കാനുള്ള ചുമതല ഗവൺമെൻറു ഏറെറടുക്കണം. ഇതിനുവേണ്ടി പതിനാറുകോടി രൂപയുടെ ഒരു സ്കീം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത് ഏറാവും വേഗം നടപ്പിലാക്കാൻ ശ്രമിക്കണം. ആ പദ്ധതി കേന്ദ്രഗവൺമെൻറിൻെറ മുമ്പാകെ സമർപ്പിക്കണം. അതിനാവശ്യമായ പൊതുജനപക്ഷോഭണം സംഘടിപ്പിക്കാനുള്ള അവസരം ഗവൺമെൻറു ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അടുത്തതായി എനിക്കു പറയുവാനുള്ളത് ഇലക്ട്രിസിറ്റി ബോർഡിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചാണ്. നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് വളരെ ഗൗരവത്തോടുകൂടി ചിലത് നടപ്പിലാക്കേണ്ടതാണ്. അതിന് ആധാരമായ രണ്ടു മൂന്നു റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ മുമ്പാകെ ഉണ്ട്. ഒന്നാമത്തെ റിപ്പോർട്ട് ശ്രീ. കെ. പി. എസ്. നായരുടെ റിപ്പോർട്ടാണ്. ആ റിപ്പോർട്ട് വളരെ ഗൗരവമായി പഠിച്ചുനടപ്പിലാക്കേണ്ട ഒന്നാണ്. സാങ്കേതികമായി വൈദഗ്ദ്ധ്യം ലഭിച്ചിട്ടുള്ള ആളാണ് ശ്രീ. കെ. പി. എസ്. നായർ. അദ്ദേഹത്തിന് സാങ്കേതികമായി അഭിപ്രായം പറയാനുള്ള കഴിവും യോഗ്യതയും ഉണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ എത്രകണ്ടു ഈ ഗവൺമെന്റു പാലിച്ചിട്ടുണ്ട്? 1964-ൽ ശ്രീ. കെ. പി. എസ്. നായർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ കൺക്ലൂഷനിൽ ഒരു വാചകം ചേർത്തിരിക്കുകയാണ്. അത് ഞാൻ വായിക്കാം;

The Board should have a good commercial outlook and make all out efforts to increase the sale of energy and thereby raise the revenues of the Board.

സർ, ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമേഴ്സ്യൽ രംഗത്തു ഇലക്ട്രിസിറ്റി നിലനിറുത്തുന്നതിനും ആദായകരമായ ഒരു വ്യവസായമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും ഈ ഗവൺമെന്റു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ട്? മറെറാരു റിപ്പോർട്ട് പത്മനാഭൻ തയ്യാറാക്കിയിട്ടുള്ള ഫൈനാൻസ് എൻക്വയറി കമ്മിഷൻ റിപ്പോർട്ടാണ്. ഈ വ്യവസായം നടത്തിക്കൊണ്ടുപോകുന്നതിനെപ്പറ്റിയും ഇലക്ട്രിസിറ്റിബോർഡിന്റെ സാമ്പത്തികസ്ഥിതികളെക്കുറിച്ചും ധനാഗമമാർഗ്ഗങ്ങളെ കുറിച്ചും വളരെ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ആ റിപ്പോർട്ടും ഗവൺമെന്റു പരിശോധിച്ചിട്ടില്ല. മറെറാരു റിപ്പോർട്ടു ഷോളയാർ ശബരിഗിരി പ്രോജക്ടുകളും കോൺട്രാക്ടു കൊടുത്തിട്ടുള്ളതിനെപ്പറ്റിയാണ്. റിട്ടയർഡ് ചീഫ് ജസ്റ്റീസ് ശങ്കരൻ ആണ് ആ റിപ്പോർട്ടുണ്ടാക്കിയിട്ടുള്ളത്. ഷോളയാർ ശബരിഗിരി പ്രോജക്ടുകളും കോൺട്രാക്ടു കൊടുത്തിട്ടുള്ളതിൽ ഉണ്ടായ അപാകതകളെക്കുറിച്ചാണ് അതിൽ പറഞ്ഞിട്ടുള്ളത്. അത് നിയമവിരുദ്ധവും തോന്നിയതുപോലെയും കൊടുത്തിട്ടുള്ളതിന്റെ ഫലമായി ഗവൺമെന്റിനുണ്ടായ നഷ്ടത്തെക്കുറിച്ചാണ് ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ചുള്ള ഈ മൂന്നു അടിസ്ഥാന റിപ്പോർട്ടുകളും ഗവൺമെന്റിന്റെ മുമ്പാകെ ഉണ്ട്. ആ റിപ്പോർട്ടനുസരിച്ച് ഗവൺമെന്റു കാര്യമായി ഒന്നും ചെയ്തിട്ടില്ല. ശരിയായ അഡ്മിനിസ്ട്രേഷൻ ഈ ഭാഗത്തു വന്നിട്ടില്ല. ഇലക്ട്രിസിറ്റിബോർഡിന്റെ കീഴിൽ 1967 വരെ ഏഴു പ്രോജക്ടുകൾക്കായി 100 കോടി രൂപ ഇൻവെസ്റ്റു ചെയ്തിട്ടുണ്ട്. അതിൽ ഗവൺമെന്റിന് എന്ത് പങ്കുണ്ട്? ഗവൺമെന്റ് അതിൽ എത്ര കണ്ടു സൂപ്പർവിഷൻ നടത്തിയിട്ടുണ്ട്. 100 കോടി രൂപ ഇൻവെസ്റ്റു ചെയ്തിട്ടുള്ളതിൽനിന്നും 546 ലക്ഷം മെഗോവാട്ട്സ് വിദ്യുച്ഛക്തി ലഭിക്കുന്നുണ്ട്. അതിലെല്ലാം കൂടി 728 ലക്ഷം മെഗോവാട്ട്സ് ജനറേറിംഗ് കപ്പാസിറ്റി ഉണ്ട്. യഥാർത്ഥത്തിൽ 546 ലക്ഷം മെഗോവാട്ട്സ് ആണ് പ്രൊഡ്യൂസ് ചെയ്യുന്നതും ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതും. ബാക്കി 182 ലക്ഷം മെഗോവാട്ട്സ് വിദ്യുച്ഛക്തി എവിടെപ്പോയി? ഈ നഷ്ടം ഗവൺമെന്റു കണക്കാക്കിയിട്ടില്ല. ഡിസ്ട്രിബ്യൂഷൻ ലൈസൻസും ട്രാൻസ്മിഷനും ശരിയായി കാണാതെ ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടം ഉണ്ടാക്കിയിരിക്കുകയാണ്. ഗവൺമെന്റു കണക്കാക്കിയിട്ടുള്ളത് ഏതാണ്ട് അൻപതു ലക്ഷം രൂപയുടെ നഷ്ടം ഉണ്ടെന്നാണ്. ഈ ലോസ് 20 ശതമാനത്തിൽനിന്നും 15 ശതമാനമായി കുറച്ചാൽ അൻപതു ലക്ഷം രൂപയുടെ നഷ്ടം നികത്താൻ കഴിയും. ഇലക്ട്രിസിറ്റി പൗവ്വർ പ്രോജക്ടു പ്രവർത്തിപ്പിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡിലെ വിദഗ്ധൻമാരാണ്. സാങ്കേതികവൈദഗദ്ധ്യം നേടിയിട്ടുള്ള വിദഗ്ധൻമാർ ഈ രംഗത്തു പ്രവർത്തിച്ചാൽ നിശ്ചയമായും ഇലക്ട്രിസിറ്റിയുടെ ഉൽപ്പാദനം സുഗമമാക്കാനും ഡിസ്ട്രിബ്യൂഷൻ സുഗമമാക്കാനും കഴിയും. പ്രൊഡ്യൂസ് ചെയ്യുന്ന ഇലക്ട്രിസിറ്റി ഡിമാൻറനുസരിച്ച് സപ്ലൈ ചെയ്തില്ലെങ്കിൽ ലോസ് വരും. ശ്രീ. കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഗവൺമെൻറിന് ഈ തരത്തിൽ യാതൊരു ലോസും വരികയില്ല. പക്ഷെ അതനുസരിച്ച് ഗവൺമെൻറ് ഒരു നടപടികളും എടുത്തിട്ടില്ല. കൺട്രാക്ടറൻമാർക്ക് ലാഭം ഉണ്ടാക്കുന്നതിനുമാത്രമായിട്ടാണ് ഇപ്പോഴും പ്രോജക്ടുകളുടെ പ്രവർത്തനം നടത്തുന്നത്. ആ സംപ്രദായം മാറ്റിയിട്ട് ബോർഡിന് ലാഭം ഉണ്ടാക്കുന്നതിനും ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുന്നതിനും വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിന് ആവശ്യമായ രീതിയിൽ സപ്ലൈ ചെയ്യുന്നതിനും ശ്രമിക്കേണ്ടതാണ്. ഇന്ന് ഇലക്ട്രിസിറ്റിബോർഡിലെ അഡ്മിനിസ്ട്രേഷൻതന്നെ എന്താണ്? അഡ്മിനിസ്ട്രേഷൻ സിസ്റ്റത്തിൽ മൂന്നു റിട്ടയർഡ് ഉദ്യോഗസ്ഥൻമാരുടെ അഭയകേന്ദ്രമാക്കിയിരിക്കുകയാണ്. പേഴ്സണൽ ഓഫീസർ പി. എൻ. കൃഷ്ണപിള്ള, വിജിലൻസ് ഓഫീസർ റിട്ടയർഡ ഡി. ഐ. ജി. മാരാർ, ചീഫ് ഇൻജിനീയറായി പത്മനാഭയ്യരേയും നിയമിച്ചിരിക്കുകയാണ്. അങ്ങനെ റിട്ടയർഡ് ഉദ്യോഗസ്ഥൻമാരുടെ അഭയകേന്ദ്രമായി പ്രവർത്തിക്കുന്നുവെന്നുള്ളതിൽക്കവിഞ്ഞ് അവിടെ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയോ, ആവശ്യമായ ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികളെടുക്കുകയോ ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിസിറ്റി ഡിമാൻറനുസരിച്ച് സപ്ലൈ ചെയ്യുകയോ ഗവൺമെൻറിനു ലാഭകരമാക്കുകയോ ഒന്നും തന്നെ ചെയ്യുന്നില്ല. പ്രൊഡ്യൂസ് ചെയ്യുന്ന ഇലക്ട്രിസിറ്റി മറ്റു സ്റ്റേറ്റുകളിൽ കൊടുത്തു കാശുണ്ടാക്കുന്നതിനുള്ള മാർഗ്ഗവും ആരാഞ്ഞിട്ടില്ല. ശ്രീ. കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ആവശ്യമായ നടപടികളും എടുത്തിരുന്നുവെങ്കിൽ ഈ ഇനത്തിൽ കൂടുതൽ ലാഭം ഉണ്ടാകുമായിരുന്നു. സർ, എന്താണ് ഈ കോൺട്രാക്ടു സിസ്റ്റം? അവസാനിപ്പിക്കേണ്ടതല്ലേ? ജൂനിയർ ഇൻജിനീയറൻമാർ അവരുടെ അഭിപ്രായങ്ങൾ വച്ചിട്ടുണ്ട്. എസ്റ്റിമേറ്റു കാലാകാലങ്ങളിൽ വർദ്ധിപ്പിക്കാത്തതിൻെറ ഫലമായി ഗവൺമെൻറിനു നഷ്ടമുണ്ടാകും. കോൺട്രാക്ടു തുകയാറിൽ കൊടുക്കുന്നതുകൊണ്ടു പണി കാലാകാലങ്ങളിൽ പൂർത്തീകരിക്കാൻ സാധിക്കാതെ വരും. അതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി വർക്കുകൾ കംപ്ലീറ്റാകാതെ മുന്നോട്ടു കൊണ്ടുപോകുന്ന ഒരു പരിത: സ്ഥിതിയുണ്ടാകുന്നു. ഇതിനെല്ലാം മാറ്റം വരുത്തുന്നതിന് ആവശ്യമായ നടപടികളെടുക്കേണ്ടതാണ്.

കഴിഞ്ഞദിവസം ഇലക്ട്രിസിറ്റി ബോർഡ് ചെയർമാന്റെ ഒരു പ്രഭാഷണം റേഡിയോയിൽ കൂടിയുണ്ടായിരുന്നു. അതായത് 1974-ൽ ഇടുക്കി പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ രാജ്യമാകെ അപകടത്തിലാകുമെന്ന്. സർ, ഇതുവരെയായിട്ടും അവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കിയിട്ടില്ല. അവർ എന്നും സമരം ചെയ്യുകയാണ്. ഇടുക്കി സ്കീമിനെപ്പറ്റി ഇലക്ട്രിസിറ്റിബോർഡ് ചെയർമാൻ പഠിച്ചിട്ടുണ്ടോ? അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇന്ന് ആക്ഷേപമുണ്ട്. ഇടുക്കി പദ്ധതിയുടെ പണി 1971-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. 68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിന്റെ പകുതിപോലും പൂർത്തിയായിട്ടില്ല. ഇടുക്കി ചെറുതോണി ഡാമുകളുടെ പണി തീർന്നാൽ 700 ലക്ഷം മെഗോവാട്ട്സ് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻകഴിയും. അത് ഉൽപ്പാദിപ്പിക്കുമ്പോൾ സപ്ലൈ ചെയ്യുന്നതിനുള്ള മാർഗ്ഗത്തെപ്പറ്റി കൂടി അന്വേഷണം നടത്തേണ്ടതാണ്. ഇതിന്റെയെല്ലാം ഉത്തരവാദിത്വം ഈ ഗവൺമെന്റ് ഏറ്റെടുക്കേണ്ടതാണ്. ഇടുക്കിയുടെ ആർച്ച് ഡാം കെട്ടുന്നതിന് ഒരു സ്പെഷ്യലൈസ് ചെയ്ത ഇൻജിനീയർ ഉണ്ടായിരുന്നു. ശ്രീ. കെ. വി. കൊച്ചുനിയൻ എന്ന ചീഫ് ഇൻജീനിയർ. ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിക്കാർക്ക് അനുകൂലമായി പറയാത്തതുകൊണ്ട് അദ്ദേഹത്തെ അവിടെനിന്നും മാറ്റിയിരിക്കുകയാണ്. അതിനുപകരമായിട്ടാണ് പത്മനാഭയ്യരെ നിയമിച്ചിരിക്കുന്നത്. എച്ച്. സി. സി. ക്ക് എതിരായി ശബ്ദം ഉയർത്തിയ ടെക്നിക്കൽ വിദ്യാഭ്യാസം നേടിയ ചീഫ് ഇൻജിനീയറെ അവിടെ നിയമിക്കേണ്ടതാണ്. അതിന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദ്രോഹകരമായ പ്രവർത്തനങ്ങളെ തടയുന്നതിനുവേണ്ടി പ്രശ്നിച്ച സാങ്കേതിക പരിജ്ഞാനം ലഭിച്ച ആളുകളെ മാറ്റിയിട്ട് ചിലയാളുകളുടെ താൽപ്പര്യം സംരക്ഷിക്കാനുള്ള ശ്രമം നടത്തിയിരിക്കുകയാണ്. ഇലക്ട്രിസിറ്റിബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ മുമ്പാകെയുള്ള റിപ്പോർട്ടുകളിൽ പറയുന്നത് നടപ്പിലാക്കാൻ ഇലക്ട്രിസിറ്റിബോർഡും ഗവൺമെന്റും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറുകളെ ഞാൻ അനുകൂലിക്കുകയാണ്. വളരെയധികം ജനസാന്ദ്രതയുള്ള നമ്മുടെ സ്റ്റേറ്റിൽ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണണമെന്നുണ്ടെങ്കിൽ വ്യവസായവൽക്കരണം കൊണ്ടുമാത്രമേ സാധിക്കുകയുള്ളു എന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് നമ്മുടെ ഗവൺമെന്റ് ആവശ്യമായ നടപടികളെടുക്കേണ്ടതാണ്. അക്കാര്യം വച്ചുനോക്കുമ്പോൾ നമ്മുടെ ഗവൺമെന്റു വ്യവസായവൽക്കരണ പ്രവർത്തനങ്ങളിൽ ഇപ്പോഴെടുക്കുന്ന നടപടികളെ തീർച്ചയായും അപലപിക്കാതിരിക്കാൻ നിവൃത്തിയില്ല. പൊതുമേഖലയിൽ കൂടുതൽ നിക്ഷേപം ഇറക്കാൻ കേന്ദ്രഗവൺമെന്റിൽ നമ്മുടെ ഗവൺമെന്റു ശക്തിയായ സമ്മർദ്ദം ചെലുത്തണം. കൊച്ചിയിൽ സ്ഥാപിക്കാൻ പോകുന്ന കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തരീതപ്പെടുത്തുന്ന കാര്യത്തിലും പാലക്കാട് സ്ഥാപിക്കാനുദ്ദേശിക്കുന്ന മെഷിൻ ടൂൾ ഫാക്ടറി പ്രവർത്തനത്തിൽ കൊണ്ടുവരുന്ന കാര്യത്തിലും കോഴിക്കോട്ടുനിന്നും ഇരുമ്പയിരു ഖനനം ചെയ്യുന്ന സ്റ്റീൽ പ്ലാന്റ് സ്ഥാപിക്കുന്നതിനും കേന്ദ്രഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധ പതിഞ്ഞുകാണാനും, കേന്ദ്രഗവണ്മെന്റിനെ കൊണ്ട് ഈ വ്യവസായങ്ങൾ നമ്മുടെ സ്റ്റേറ്റിൽ ആരംഭിക്കാനും ശക്തിയായ സമ്മർദ്ദം ചെലുത്തേണ്ടത് നമ്മുടെ ഗവണ്മെന്റിന്റെ കർത്തവ്യമാണ്. ബഹുമാനപ്പെട്ട വ്യവസായമന്ത്രിയും ഈ മന്ത്രിസഭയും ഇക്കാര്യത്തിൽ തീർച്ചയായും ശക്തിയായ സമ്മർദ്ദം ചെലുത്തുമെന്ന് വിശ്വസിക്കുകയാണ്. ഭൂപരിഷ്ക്കരണ നിയമനം നടപ്പിലാകുന്നതോടുകൂടി ഭൂവുടമകൾക്കു നൽകുന്ന നഷ്ടപരിഹാരം അതുമൂലംവരുന്ന ഭീമമായ സംഖ്യ വ്യവസായങ്ങളിൽ മുടക്കുന്നതിനും അങ്ങനെ അതു പ്രയോജനപ്പെടുത്താനും സാധിക്കുമെങ്കിൽ നമ്മുടെ സ്റ്റേറ്റിൽ കൂടുതൽ വ്യവസായങ്ങൾ സ്ഥാപിക്കാൻ കഴിയുകയും അങ്ങനെ നമ്മുടെ സ്റ്റേറ്റിലെ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണാൻ സാധിക്കുമെന്നുള്ളതുകൊണ്ടും അക്കാര്യത്തെപ്പറ്റി ഗവണ്മെന്റു ചിന്തിക്കുകയും, നഷ്ടപരിഹാരം കൊടുക്കുന്ന സംഖ്യ വ്യവസായങ്ങൾക്ക് ഉപയോഗിക്കാൻ ഉള്ള സമഗ്രമായ പരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ പരമ്പരാഗതമായ വ്യവസായങ്ങളായ കശുവണ്ടി, കയർ, കൈത്തറി എന്നീ വ്യവസായങ്ങളുടെ ഉന്നമനത്തിനുവേണ്ടി കുറെയധികം സംഖ്യ നീക്കിവച്ചിട്ടുണ്ടെന്നു കാണുന്നതിൽ വളരെയധികം ആശ്വാസം ഉണ്ട്. കയർ വ്യവസായത്തിനു പതിനാറു കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

കശുവണ്ടി വ്യവസായവികസന കാർപ്പറേഷന്റെ പ്രവർത്തനത്തിനുവേണ്ടി ഈ ബഡ്ജറ്റിൽ 50 ലക്ഷത്തിൽപ്പരം രൂപ നീക്കിവച്ചിട്ടുള്ളത് തീർച്ചയായും അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. നമ്മുടെ വളരെയധികം പ്രധ്യാന്യമർഹിക്കുന്ന പരമ്പരാഗത വ്യവസായമായ കൈത്തറിയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ കൈത്തറിത്തൊഴിലാളികളുടെ ഇന്നത്തെ ദയനീയസ്ഥിതി ആരേയും വേദനിപ്പിക്കുന്ന ഒന്നായിത്തീർന്നിരിക്കുകയാണ്. കൈത്തറിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അവരെ തൊഴിലില്ലായ്മ തുറിച്ചുനോക്കുന്ന കാഴ്ച അടുത്ത കാലത്തായി കാണാൻ സാധിക്കും. എന്താണ് ഇതിനു കാരണം? നൂലിനും പഞ്ഞിക്കും വില ദിനംപ്രതി വാണംപോലെ കയറിക്കൊണ്ടിരിക്കുകയാണ്. നൂലിന്റെ വില അടുത്ത കാലത്തായി ഓരോ ദിവസവും ഓരോ പെട്ടിക്ക് ഒരു രൂപയും രണ്ടുരൂപയും കയറി സാധാരണക്കാരായ നെയ്ത്തുതൊഴിലാളികൾക്ക് നൂൽ വാങ്ങാൻ സാധിക്കാത്ത തരത്തിൽ അത്രയും വമ്പിച്ച വിലവർദ്ധനവ് ഉണ്ടായിരിക്കുകയാണ്. നൂലിന്റെ വില വർദ്ധനവിന് കാരണം പരുത്തിയുടെവിലവർദ്ധനവാണെന്നു പറയുന്നു. അതുകൊണ്ട് നൂലിന്റെ വിലവർദ്ധനവ് നിയന്ത്രിക്കാൻ, പരുത്തിയുടെ വിലവർദ്ധനവ് നിയന്ത്രിക്കാൻ, സ്റ്റേറ്റ് ഗവണ്മെന്റിന് വില നിയന്ത്രിക്കാനുള്ള അധികാരമില്ലെങ്കിൽക്കൂടിയും, കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് കൈത്തറിത്തൊഴിലാളികൾക്ക് ചുരുങ്ങിയ വിലയ്ക്കു നൂൽ ലഭിക്കാനുള്ള അടിയന്തിരമായ നടപടികൾ എടുത്തേ മതിയാകൂ. അങ്ങനെ അടിയന്തിരമായ നടപടികൾ എടുക്കാൻ തയ്യാറാകാത്ത പക്ഷം നമ്മുടെ കൈത്തറി വ്യവസായം ആകമാനം പരാജയപ്പെട്ടുകൊണ്ട് ലക്ഷക്കണക്കായ കൈത്തറിത്തൊഴിലാളികൾ പട്ടിണിയിൽനിന്നും പട്ടിണിയിലേക്കു പോകുന്ന കാഴ്ച അതിവിദൂരമല്ലാത്ത ഭാവിയിൽ ഉണ്ടാകുമെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് കൈത്തറി വ്യവസായ പ്രശ്നത്തിൽ അടിയന്തിരമായ നടപടികൾ കൈക്കൊള്ളണം. കെട്ടിക്കിടക്കുന്ന കൈത്തറിത്തുണികളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ നമ്മുടെ കൈത്തറി സഹ

കരണസംഘങ്ങളിലുള്ള കോടിക്കണക്കിനുള്ള രൂപ വിലയ്ക്കുള്ള കൈത്തറിത്തുണികൾ വിറ്റഴിക്കാൻ സാധിക്കാതെ കെട്ടിക്കിടപ്പുണ്ട്. മുൻകൊല്ലങ്ങളിൽ അനുവദിക്കുന്ന സ്പെഷ്യൽ റിബേറ്റ് ഇപ്രാവശ്യം അനുവദിച്ചില്ല. ഈ ആണ്ടിൽ അതിന് കേന്ദ്രഗവൺമെന്റിന്റെ അനുവാദം ലഭിച്ചില്ലെന്നാണ് പറയുന്നത്. അതുകൊണ്ട് അടുത്തു വരുന്ന മാസത്തിലെങ്കിലും സ്പെഷ്യൽറിബേറ്റ് അനുവദിച്ചുകൊണ്ട് കെട്ടിക്കിടക്കുന്ന കോടിക്കണക്കിനു രൂപ വിലയ്ക്കുള്ള കൈത്തറിത്തുണികൾ വിറ്റഴിക്കാനുള്ള പരിപാടികൾ വ്യവസായമന്ത്രി ആവിഷ്ക്കരിക്കണം. അതുപോലെതന്നെ ന്യായമായ വിലയ്ക്ക് ചായവും കെമിക്കൽസും ലഭിക്കുമാറാക്കുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കണം. റ്റി. സി. സി. യിലുണ്ടാകുന്ന ഹൈഡ്രോസൾഫേറ്റും കാസ്റ്റിക്ക് സോഡായും മറ്റാളുകൾക്ക് കൊടുക്കാതെ കൈത്തറിത്തൊഴിലാളികൾക്ക് ലഭിക്കുന്നതിന് മുൻഗണന കൊടുത്തുകൊണ്ടുള്ള കൽപ്പന വരികയാണെങ്കിൽ ഈ വ്യവസായത്തിന് അത് വളരെയേറെ സഹായകരമായിരിക്കും. അതുപോലെതന്നെ നമ്മുടെ കൈത്തറിത്തൊഴിലാളികളെ സഹായിക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് പവ്വർലൂം പദ്ധതി. കേന്ദ്രഗവൺമെന്റ് ഭീമമായ തുക ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് പ്രത്യേകമായി സഹകരണസംഘങ്ങൾ ഇതിനുവേണ്ടി രൂപീകരിച്ചുകൊണ്ട് പവ്വർലൂംസ് സഹകരണസംഘങ്ങൾക്ക് നൽകുകയാണെങ്കിൽ കൈത്തറിത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ കൈത്തറിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അവർക്ക് ഇന്നു കിട്ടുന്ന തുച്ഛമായ കൂലികൊണ്ട് അവരുടെ കുടുംബത്തെ പോറ്റാൻ നിർവ്വാഹമില്ലാതെയാണിരിക്കുന്നത്. കൈത്തറിത്തൊഴിലാളികൾക്ക് മിനിമം വേജസ് നടപ്പിൽവരുത്തണം. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ചുരുങ്ങിയ കൂലി നിശ്ചയിക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് അടിയന്തിരമായി ഒരു മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് അതിനെസംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി ഈ തൊഴിലാളികളുടെ കൂലി നിജപ്പെടുത്താൻ അടിയന്തിരമായ നടപടികളെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ നാട്ടിലെ കൈത്തറി വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പാർപ്പിടസൗകര്യമില്ലാത്തവർക്ക് പാർപ്പിടസൗകര്യമുണ്ടാക്കിക്കൊടുക്കാനുള്ള ഒരു പദ്ധതിയും നമ്മുടെ ബഡ്ജറ്റിൽ കാണുന്നില്ല. കേന്ദ്രഗവൺമെന്റ് ഭീമമായ സംഖ്യ പാർപ്പിടസൗകര്യം കൈത്തറിത്തൊഴിലാളികൾക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി സെസ്ഫണ്ടായി ഹാൻറ്ലൂം ബോർഡിനു അനുവദിച്ചിട്ടുണ്ട്. നമ്മുടെ സ്റ്റേറ്റിനു അത് അനുവദിച്ചുകാണുന്നില്ല. നമ്മുടെ തൊഴിലാളികൾക്കുകൂടി പാർപ്പിട സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കാനുള്ള സംഖ്യ കേന്ദ്രഗവൺമെന്റിൽനിന്നു വാങ്ങുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്താൻ വ്യവസായമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, തൊഴിൽവകുപ്പിനെ സംബന്ധിച്ചു പറയുമ്പോൾ നമ്മുടെ ഗവൺമെന്റ് ഇന്നു പാസാക്കിയിട്ടുള്ള ഗ്രാറ്റുവിറ്റി നിയമം സ്വാഗതാർഹമായ ഒന്നാണ്. ആ നിയമം കൊണ്ട് വിവിധവിഭാഗം തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ നിയമമായ മൈൻസ് ആക്ട് ബാധകമായ തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കുമോ എന്ന കാര്യം സംശയമാണ്. മൈൻസ് ആക്ട് ബാധകമായിട്ടുള്ള ചായത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുണ്ട്. ആ തൊഴിലാളികൾക്കുകൂടി ഗ്രാറ്റുവിറ്റി നിയമത്തിന്റെ ആനുകൂല്യം ലഭിക്കത്തക്കവിധത്തിലുള്ള നിയമനിർമ്മാണമോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കൽപ്പനയോ അടിയന്തിരമായി നടപ്പിൽവരുത്താൻ വ്യവസായമന്ത്രി ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി എനിക്ക് പറയാനുള്ളത് പൊതുജനാരോഗ്യത്തെ സംബന്ധിച്ചാണ്. നമ്മുടെ നാട്ടിലെ താലൂക്കാശുപത്രികളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ വടക്കൻപ്രദേശങ്ങളിലുള്ള താലൂക്കാശുപത്രികളും കടലാസിൽ താലൂക്കാശുപത്രികളായി കിടക്കുകയാണ്. അവിടെയൊന്നും ബഡ് സ്ട്രെങ്ത് വർദ്ധിപ്പിച്ചിട്ടില്ല, എക്സ്റേ പ്ലാൻറില്ല. ഹോസ്ദുർഗ് ആശുപത്രിയെ സംബന്ധിച്ചു പറയുമ്പോൾ, മുൻ ആരോഗ്യമന്ത്രി, ജനങ്ങളും മുന്നോട്ടുവന്ന് കെട്ടിടം കെട്ടിക്കൊടുക്കുകയാണെങ്കിൽ ബഡ്ഡ് സ്ട്രെങ്ത് വർദ്ധിപ്പിക്കാമെന്നു പറയുകയുണ്ടായി. അതനുസരിച്ച് അവിടത്തെ പഞ്ചായത്തും ബഹുജനങ്ങളും എല്ലാംകൂടി മുമ്പോട്ടുവന്ന് ഏകദേശം ഒരു ലക്ഷം രൂപ വിലവരുന്ന സ്ഥലം ഗവൺമെൻറിലേയ്ക്കു വിട്ടുകൊടുത്തു. ആ കെട്ടിടം ഗവൺമെൻറ് ഏറ്റെടുത്തിട്ട് ഒരു കൊല്ലത്തോളമായി. 30 കിടക്കകളുള്ള ആ ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഇതുവരെ സംഘടിപ്പിച്ചിട്ടില്ല. നമ്മുടെ ഇപ്പോഴത്തെ ആരോഗ്യമന്ത്രിയെങ്കിലും ആ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഡിമാൻറുകളെ അനുകൂലിക്കുകയാണ്.

ശ്രീ. കെ. സി. വാമദേവൻ: ഈ ഡിമാൻറുകളെ മൊത്തത്തിൽ ഞാൻ അനുകൂലിക്കുകയാണ്. ഇതിൽ സുപ്രധാനമായ രണ്ടുമൂന്നു വകുപ്പുകളെപ്പറ്റിയാണ് ഞാൻ ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നത്. ശ്രീ. എൻ. കെ. ബാലകൃഷ്ണനും, ശ്രീ. സി.കെ. ബാലകൃഷ്ണനും സംസാരിച്ചപ്പോൾ എന്തെല്ലാം സാമൂഹ്യക്ഷേമ പദ്ധതികൾ നാം നടപ്പാക്കാൻ ശ്രമിച്ചാലും അടിയന്തിരമായ വ്യവസായവൽക്കരണം കൊണ്ടല്ലാതെ നമ്മുടെ രാജ്യത്തെ ഇന്ന് അലട്ടികൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുകയില്ലെന്നു പറയുകയുണ്ടായി. അതുകൊണ്ട് മിക്കവാറും എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനപ്പുറത്ത് അടിന്തിരമായി വ്യവസായവൽക്കരണത്തിലുള്ള നടപടികൾ സ്വീകരിക്കണമെന്നും, തകർന്നുവീണുകൊണ്ടിരിക്കുന്ന നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ നിലനിറുത്തുന്നുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും ഞാൻ വ്യവസായമന്ത്രിയോട് ആദ്യമായിത്തന്നെ പറയാനാഗ്രഹിക്കുകയാണ്. സർ, നമ്മുടെ നാടു വ്യവസായിക പ്രധാനമായ ഒരു നാടല്ല. നമ്മുടെ നാട് കാർഷികപ്രധാനമായ ഒരു നാടാണ്. നമ്മുടെ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിക്കഴിയുമ്പോൾ ആ രംഗത്ത് ഒരു വലിയ മാറ്റമുണ്ടാകും. അതുകൂടി മനസ്സിൽ കണ്ടുകൊണ്ട് വ്യവസായവൽക്കരണത്തിൽ ശ്രദ്ധ ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ സാമൂഹ്യരാഷ്ട്രീയ സാമ്പത്തിക മണ്ഡലങ്ങളിൽ സ്വാധീനമുള്ളവർ എൻെറ അഭിപ്രായത്തിൽ പൊതുമരാമത്തു കൺട്രാക്ടറൻമാരാണ്. അവരുടെയത്ര സ്വാധീനശക്തിയുള്ള വേറെ വ്യാവസായിക പ്രമുഖൻമാർ നമ്മുടെ നാട്ടിലില്ല. ഈ പൊതുമരാമത്തു പണികളിലുള്ള കാൺട്രാക്ടു സംപ്രദായം അടിയന്തിരമായി നിറുത്തലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മുൻപ് പല പ്രാവശ്യവും ഞാൻ ഇതു ഉന്നയിച്ചിട്ടുണ്ട്. മുൻപൊതുമരാമത്തുവകുപ്പുമന്ത്രി ഒന്നിലധികം പ്രാവശ്യം ഈ നിയമസഭയിൽനിന്നുകൊണ്ട് ഒരു കൺസ്ട്രക്ഷൻ കാർപ്പറേഷൻ ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്നതായി വാഗ്ദാനം നൽകിയിട്ടുണ്ട്. നമ്മുടെ സാമ്പത്തികമണ്ഡലത്തിൽ മറ്റേതൊരു വിഭാഗം ആളുകളേക്കാളും സ്വാധീനം ചെലുത്തുകയും നിയന്ത്രിക്കുകയും ചെയ്യാൻ കഴിവുള്ള പബ്ലിക് വർക്സ് കൺട്രക്ടറൻമാരുടെ, ഞാൻ ഉദ്ദേശിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡിനെക്കൂടെ ചേർത്തുകൊണ്ടാണ്, ഈ സ്വാധീനത്തിനു അറുതി വരുത്തുന്നതിൻെറ ആദ്യപടിയായി പൊതുമരാമത്തു പണികളുടെ കാൺട്രാക്ട്

LIBRARY ARCHIVES Kerala Legislative Assembly

സിസ്റ്റം അവസാനിപ്പിക്കണമെന്നും അതു പൊതുമേഖലയിൽ തന്നെ കൊണ്ടു വരണമെന്നും അതിന് ഒരു ഡിപ്പാർട്ടുമെന്റുതന്നെ എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഇതു പറയുമ്പോൾ, ഗവൺമെന്റ് നേരിട്ടു പണികളും നടത്തേണ്ടിവരുമ്പോൾ വളരെയേറെ ബദ്ധപ്പാടുകളും ഉണ്ടാകുമെന്നും, വളരെ വ്യാപകമായി പടർന്നുപിടിച്ചു കൊണ്ടിരിക്കുന്ന തൊഴിലാളികളുടെ അവകാശ സമരങ്ങളെപ്പറ്റിയും സംഘടനാകാര്യങ്ങളെപ്പറ്റിയും ഉൽക്കണ്ഠ പ്രദർശിപ്പിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുമുണ്ട്. അതൊരു ശാസ്ത്രീയമായ സമീപനമാണെന്നു എനിക്കഭിപ്രായമില്ല. കേരളത്തേക്കാളും വളരെ പിന്നോക്കം നിൽക്കുന്ന പല സംസ്ഥാനങ്ങളിലും പൊതുമരാമത്തു പണികളുടെ കാൺട്രാക്ട് സിസ്റ്റം അവസാനിപ്പിക്കാനും പണികളും നേരിട്ടു നടത്താനും സാധിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് പ്രബുദ്ധമായ കേരളത്തിൽ അതിനു സാധിക്കുകയില്ലെന്നു ഞാൻ ചോദിക്കുകയാണ്.

അടുത്തതായി എനിക്ക് പറയാനുള്ളത് പബ്ലിക് ഹെൽത്ത് വകുപ്പിനെപ്പറ്റിയാണ്. അതിലെ ചില ക്രമക്കേടുകളെപ്പറ്റി പറയുന്ന അവസരത്തിൽ ഒരു ഉദാഹരണംമാത്രം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഏതാണ്ട് രണ്ടു വർഷംമുമ്പ് യൂണിസെഫിന്റെ ഒരു വിങ്ങ് നമ്മുടെ സംസ്ഥാനത്തിലെ ലെപ്രസി കൺട്രോൾ പ്രോഗ്രാമിനെ സഹായിക്കാൻ വേണ്ടി 60 മോട്ടോർ സൈക്കിളുകളും സംഭാവനയായി നൽകാമെന്നു പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ വിവരം കേരള ഗവൺമെന്റിലെ ഹെൽത്ത് സർവീസസിനെ അറിയിച്ചു. 60 മോട്ടോർ സൈക്കിളുകളും പാറ്റ്നായിൽവന്ന് കേരളഗവൺമെന്റിനുവേണ്ടി അവിടെ സ്വീകരിക്കുചെയ്തു. ഇവിടെ കത്തു കിട്ടിയ മുറയ്ക്ക് ആ 60 മോട്ടോർ സൈക്കിളുകളും എടുത്തുകൊണ്ടുവരാനുള്ള ശ്രമം നടത്തി. കേരളത്തിലെ ലെപ്രസി വിസിറ്റേഴ്സിനു ഉപയോഗപ്പെടുത്താൻവേണ്ടി ഈ മോട്ടോർ സൈക്കിളുകളും പാറ്റ്നായിൽവന്ന് രണ്ടു വർഷം കിടന്നിട്ടും ഫൈനാൻസ് വകുപ്പിന്റെ തടസ്സവാദങ്ങളുടെ കാരണത്താൽ അത് നമുക്ക് നഷ്ടപ്പെടേണ്ടിവന്ന സത്യം അറിയിക്കുകയാണ്. കൂടുതൽ അന്വേഷിച്ചപ്പോൾ മനസിലായത്, 60 മോട്ടോർ സൈക്കിളും റൈഡേഴ്സിനെ അയച്ച് അതുകൊണ്ട് വരുന്നതിനു ഹെൽത്തു സർവീസസ് ഡയറക്ടറാഫീസിൽനിന്ന് കത്തയച്ചത് സെക്രട്ടറിയേറ്റിലെത്താൻ, തിരുവനന്തപുരത്തെ രണ്ടാഫീസുകളായ ഹെൽത്തുസർവീസസിൽനിന്ന് സെക്രട്ടറിയേറ്റിലെത്താൻ ഒന്നേമുക്കാൽ വർഷം പിടിച്ചു എന്നാണ്. ഹെൽത്തുസർവീസസ് ഡിപ്പാർട്ടുമെന്റും സെക്രട്ടറിയേറ്റിലെ ഫൈനാൻസ് വകുപ്പും തമ്മിൽ നടത്തിയ കത്തിടപാടുകളുടെ രണ്ടു വർഷത്തെ താമസംകൊണ്ട് ഈ സംഭാവന റദ്ദു ചെയ്യപ്പെട്ടു എന്നുള്ള സത്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആരുടെ കുറ്റം കൊണ്ടാണ്, അലംഭാവം കൊണ്ടാണ് ഇത് നഷ്ടപ്പെട്ടതെന്ന വസ്തുത അറിയാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇതേപ്പറ്റി ഒരന്വേഷണം നടത്തണം.

മറ്റൊരുകാര്യം എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് തിരുവനന്തപുരം വാട്ടർവർക്സിന്റെ ആഗ്മെന്റേഷൻ പദ്ധതിയിൽ ഗവൺമെന്റ് അലംഭാവം കാണിക്കുകയാണെന്നുള്ളതാണ്. നിയമസഭാ സാമാജികൻമാർക്ക് വേനൽക്കാല സമ്മേളനങ്ങളിൽ വരുമ്പോൾ തിരുവനന്തപുരം വാട്ടർവർക്സിന്റെ അപര്യാപ്തതയെപ്പറ്റി ബോദ്ധ്യമായിരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പത്തുപന്ത്രണ്ടു ദിവസം തിരുവനന്തപുരത്തെ ജലവിതരണപദ്ധതി സ്തംഭനത്തിലെത്തി. ഇപ്പോൾ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന ഇതേ ക്രമത്തിലാണ് തുക നീക്കിവയ്ക്കുന്നതെങ്കിൽ 35 വർഷക്കാലംകൊണ്ട് മാത്രമേ തിരുവനന്തപുരം ജല വിതരണ പദ്ധതിയുടെ ആഗ്മെന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പൂർത്തിയാക്കുവാൻ കഴിയുകയുള്ളു. എന്തെല്ലാം പരാധീനതകളുണ്ടെങ്കിലും ഇതിനു കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ഇതു പൂർത്തികരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറെറാരു കാര്യം പറയാനുള്ളത് വിഴിഞ്ഞത്തുള്ള ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചാണ്. 1970 മാർച്ച് മാസത്തോടു കൂടി എതാണ്ട് ഒന്ന് ഒന്നര കോടി രൂപ അവിടെ ചെലവാക്കിയില്ലെങ്കിൽ സെ്ടൽ എയിഡ് നിന്നുപോകുമെന്നാണ് മനസിലാകുന്നത്. കൺ്ടകട്ടരും ഗവൺമെൻറും തമ്മിലുള്ള ഒരു കേസ് ഒതുക്കിത്തീർക്കാത്തതിൻെറ ഫലമായി ഒന്നര വർഷക്കാലംകൊണ്ട് വിഴിഞ്ഞം ഹാർബറിൻെറ പണി സ്തംഭിച്ചിരിക്കുകയാണ്. പണി മാത്രമേ സ്തംഭിച്ചിട്ടുള്ളൂ. രണ്ടു സബ്ഡിവിഷനുകളും അവിടെ പ്രവർത്തനംനടത്തുന്നുണ്ട് രണ്ടു സബ്ഡിവിഷനുകളിലുമുള്ള മുഴുവൻ ആളുകൾക്കും ശമ്പളവും അലവൻസും പ്രോജക്ട് അലവൻസും എല്ലാം കൊടുക്കുന്നുണ്ട്. മറിച്ച് പണി ഒരു മണൽത്തരിപോലും ചലിക്കുന്നില്ല. ഇങ്ങനെയാണെങ്കിൽ ഒരു വമ്പിച്ച പദ്ധതി നമുക്ക് നഷ്ടപ്പെട്ടുപോകുമെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

മറെറാന്ന്, കുറേ പ്രാദേശികാവശ്യങ്ങളാണ്. ഇതു പറയാൻ മറെറാരവസരം കിട്ടുകയില്ല. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം ഒരു മെമ്മോറാണ്ടത്തിൻെറ രൂപത്തിൽ പറയുകയാണ്. പ്രാദേശിക മനോഭാവംകൊണ്ട് പറയുന്നതാണെന്നും ആരും കുറ്റം പറയരുത്. അടുത്തകാലത്ത് ഗവൺമെൻറ് ഒരു അർബൺ ഫൈനാൻസ് കാർപ്പറേഷൻ രൂപീകരിച്ചു. തിരുവനന്തപുരം നഗരസഭപോലുള്ള മൂന്നു കാർപ്പറേഷനുകൾക്കും 28 മുനിസിപ്പാലിറ്റികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടിയുള്ള ഒരു സ്ഥാപനമാണ് ഇത്. ഈ ആഫീസിൻെറ ആസ്ഥാനം എവിടെയായിരുന്നാലും സൗകര്യപ്രദമായ സ്ഥലത്തായിരിക്കണമെന്നു മാത്രമേ പറയുന്നുള്ളു. കോഴിക്കോട്ട് സ്ഥാപിച്ചതിലുള്ള അസൂയകൊണ്ടോ അമർഷം കൊണ്ടോപറയുകയല്ല. മിക്ക മുനിസിപ്പാലിറ്റികൾക്കും കാർപ്പറേഷനുകൾക്കും അസൗകര്യം മാത്രം ഉണ്ടാക്കികൊണ്ടാണ് കോഴിക്കോട്ട് ഇതു സ്ഥാപിച്ചിരിക്കുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ചിട്ടി കാർപ്പറേഷൻെറ ആസ്ഥാനം തൃശ്ശൂർ സ്ഥാപിച്ചതിൽ ഞങ്ങൾക്ക് പ്രതിഷേധമില്ല. പക്ഷേ ഇതു പ്രതിഷേധിക്കാൻ കാരണം, അർബൺ ഫൈനാൻസ് കാർപ്പറേഷൻ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്യുമ്പോൾ, മുനിസിപ്പാലിറ്റീസ് ഡയറക്ടരും, ഡെവലപ്പുമെൻറ് കമ്മീഷണറും, ചീഫ് എൻജിനീയറും ഒക്കെയായി കൂടിയാലോചിച്ചു പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ കിട്ടുകയുള്ള. സെക്രട്ടറിയേറ്റ് തിരുവനന്തപുരത്താണെങ്കിൽ, മുനിസിപ്പാലിറ്റീസ് ഡയറക്ടരാഫീസ് തിരുവനന്തപുരത്താണെങ്കിൽ, പി. ഡബ്ളിയു. ഡി. ചീഫ് എൻജിനീയറുടെ ആഫീസ് തിരുവനന്തപുരത്താണെങ്കിൽ, ഡെവലപ്പുമെൻറു കമ്മീഷണറുടെ ആഫീസു തിരുവനന്തപുരത്താണെങ്കിൽ, ചീഫ് ടൗൺപ്ലാനിംഗ് ആഫീസ് തിരുവനന്തപുരത്താണെങ്കിൽ ഇവരുടെയെല്ലാംപേരുടെ സംയുക്തമായ അംഗീകാരത്തിനുമാത്രം വിധേയമായി പണം നൽകാൻ ബാദ്ധ്യസ്ഥമായ അർബൺ ഫൈനാൻസ് കാർപ്പറേഷൻെറ ആഫീസ് കോഴിക്കോട്ടായതുകൊണ്ട് അതിൻെറ മാനേജിംഗ് ഡയറക്ടർ തിരുവനന്തപുരത്ത് വരേണ്ടിവരുന്ന സ്ഥിതിയാണുള്ളതെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ കാർഷികസർവ്വകലാശാല മണ്ണുത്തിയിൽ സ്ഥാപിക്കാൻ തീരുമാനിച്ചു. പക്ഷേ അത് തിരുവനന്തപുരത്തു സ്ഥാപിക്കാൻ തീരുമാനമെടുക്കാത്തതിൽ ഞങ്ങൾക്കാക്ഷേപമില്ല. അതേക്കുറിച്ച് അന്വേഷിക്കുന്നതിന് സി.കെ.എൻ .നായരെ സ്പെഷ്യലാഫീസറായി നിയമിച്ചു. വെള്ളായണികാർഷിക കോളേജിൽനിന്നു ബഹുമതികരിച്ച അദ്ദേഹത്തെയാണ് കാർഷികസർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly

എവിടെ സ്ഥാപിക്കണമെന്ന കാര്യത്തെക്കുറിച്ചന്വേഷിക്കുന്നതിന് നിയമി ച്ചത്. വെള്ളായണി എന്നു കേട്ടാൽ അദ്ദേഹത്തിന് തലവേദനവരും. വെള്ളായണിയിൽ കാർഷിക കാളേജും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും കോടിക്കണ ക്കിനു രൂപ ചെലവു ചെയ്തു മനോഹരമായ ആ സ്ഥലത്ത് എല്ലാ ആധു നിക സജ്ജീകരണങ്ങളോടുംകൂടി സ്ഥാപിച്ചിരിക്കുമ്പോൾ, കേന്ദ്രത്തിൽ നിന്നും പണംചെലവുചെയ്തു തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്ത് വർഷങ്ങളായി ഒരു കാർഷിക കാളേജും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തനം നടത്തുമ്പോൾ, ഇതുമായി അടുത്തകണ്ടു ബന്ധമില്ലാത്ത, വെറ്റിനറി കാളേജു മാത്രം സ്ഥിതിചെയ്യുന്ന മണ്ണുത്തിയിൽ ഇത് സ്ഥാപിക്കുന്നതിന് എന്തു യോഗ്യതയാണുള്ളതെന്നത് പ്രാദേശിക മനോഭാവം മാറ്റിവച്ച് ഒന്ന് ചിന്തിക്കണ മെന്നു മാത്രമേ പറയുന്നുള്ളു. ഇവിടെ സ്ഥലത്തിന്റെ കുറവാണെന്നു പറയു കയാണെങ്കിൽ അതിനുവേണ്ടി എത്ര സ്ഥലംവേണമെങ്കിലും കൊടുക്കാൻ ബഹുജനങ്ങളും തയ്യാറായിരിക്കുമെന്നു അവരെ പ്രതിനിധീകരിച്ചുകൊണ്ട് ഞാൻ പറയുകയാണ്. അതുതീർച്ചയായും ഈ ജില്ലയോടും ഈ നാട്ടു കാരോടും കാണിച്ച പ്രാദേശിക മനോഭാവമല്ലെങ്കിൽ മറ്റെന്താണ്? ഭരണതലത്തിൽ സംസാരിക്കുമ്പോൾ തിരുവനന്തപുരത്തെക്കുറിച്ച് സംസാരിക്കാൻ ആരുമില്ലാ ത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നതെന്നുള്ള ആക്ഷേപമുണ്ടാ യത് വിശ്വസിക്കാൻ ന്യായമുണ്ട്. തിരുവനന്തപുരം ജില്ലയും തിരുവനന്തപുരം നഗരവും വളരെ പിന്നോക്കം നിൽക്കുന്നു എന്നു പറഞ്ഞാൽ അതു വസ്തുത മാത്രമാണ്. സർ, ബഹുമാനപ്പെട്ട മന്ത്രിമാർക്കറിയാം: വള്ളക്കടവ്, വലിയതുറ എന്നീ സ്ഥലങ്ങളും. ആ സ്ഥലത്തെക്കുറിച്ച് അറിയാത്തവരു ണ്ടെങ്കിൽ അവരുടെ ശ്രദ്ധ അതിലേക്ക് ഞാൻ തിരിക്കുകയാണ്. വലിയ തുറയിൽ ഒരു പോർട്ടുണ്ട്. ആ പോർട്ടിൽ ആണ്ടിൽ രണ്ടു കപ്പലെങ്കിലും അടുക്കണമെന്ന് ഈ ജില്ലയിലെ എം. എൽ. എ. മാർ ഒന്നിച്ചു നിവേദനം നടത്തിയിട്ടുള്ളതാണ്. ആലപ്പുഴ കപ്പൽവരും, മറ്റു സ്ഥലങ്ങളിൽ കപ്പൽ വരും, എന്തുകൊണ്ട് തിരുവനന്തപുരത്ത് വരുന്നില്ല? ആ കാര്യത്തിൽ ഞങ്ങൾക്കെല്ലാവർക്കും പ്രതിഷേധമുണ്ടെന്ന അറിയിക്കുകയാണ്. ഇത് പ്രാദേശിക മനോഭാവമല്ലെങ്കിൽ മറ്റെന്താണ്? ടൂറിസം വികസനത്തിന് ഇവിടത്തെ എയർപോർട്ട് വികസിപ്പിക്കുമ്പോൾ ഐ. റ്റി. ഐ. കെട്ടിടം അസൗകര്യമാണെന്നു ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നതാണ്. ഞങ്ങൾ അത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അതൊക്കെ മനസ്സിൽ കണ്ടുകൊണ്ടാണ് ഐ. റ്റി. ഐ. കെട്ടിടം അവിടെ സ്ഥാപിച്ചത്. ഞങ്ങൾ ഈ കാര്യം വീണ്ടും വ്യവസായവും തൊഴിലും മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആ കെട്ടിടം ഇടിച്ചുനിരപ്പാക്കി വേറെ സ്ഥലത്ത് ഐ.റ്റി. ഐ. കെട്ടിടം കെട്ടു ന്നതിനും എയർപോർട്ട് വികസിപ്പിക്കുന്നതിനുമുള്ള തീരുമാനമുണ്ടായി. അതിൽ വളരെ സന്തോഷമുണ്ട്. തിരുവനന്തപുരത്ത് ഒരു ഗവൺമെന്റ് എൻ ജിനീയറിംഗ് വർക്ക്ഷാപ്പുള്ളത് എല്ലാവർക്കുമറിയാം. അഞ്ചു അഞ്ചര ലക്ഷം രൂപയുടെ മെഷിനറി 15 വർഷങ്ങൾക്കുമുമ്പ് വരുത്തിയത് ഇതുവരേ കേസുപോലും പൊട്ടിക്കാതെ അവിടെ കിടക്കുകയാണ്. ആ മെഷിനറി ലേലത്തിലിട്ട് വിൽക്കണം. ഈയ്യിടെ കുറേ നിയമസഭാ സാമാജികൻമാർ ആ ഫാക്ടറി സന്ദർശിക്കുകയുണ്ടായി. തെക്കേ ഇൻഡ്യയിലെ ഏറ്റവും ആധുനികമായ സജ്ജീകരണങ്ങളോടുകൂടി വികസിപ്പിക്കാൻ വളരെക്കൂടുതൽ സഹായകമായ രീതിയിൽ പ്രവർത്തിച്ചുകൊണ്ടി രിക്കുന്ന ഗവൺമെന്റ് എൻജിനിയറീംഗ് വർക്ക്ഷാപ്പു വികസിപ്പിക്കാൻ അടിയന്തിരമായ നടപടികളും സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുകയാണ്. കേരള ഇലക്ട്രിസിറ്റി ബോർഡിനും, പി. എച്ച്. ഈ. ഡി. ക്കും ആവശ്യമായ സാധനങ്ങളും ഇവിടെയാണ് ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ ആ പണികളും എടുക്കുന്നില്ല. സ്വകാര്യ കൺട്രാക്ടർൻമാർ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് വർക്ക്ഷാപ്പിൽക്കൊണ്ടുചെന്ന് പണി ചെയ്യിക്കുന്ന എർപ്പാട് അവസാനിപ്പിക്കണം. വർഷങ്ങൾക്കുമുമ്പ് തുടങ്ങിയ ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേ ഫാക്ടറി ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. അതുതുറന്നു പ്രവർത്തിക്കാനുള്ള അടിയന്തിര നടപടികളും സ്വീകരിക്കണം.

ശ്രീ. വി. എസ്. അച്യുതനാനന്ദൻ: ഈ ഗവൺമെൻറ് അവതരിപ്പിച്ചിട്ടുള്ള ഡിമാൻറുകളെ പൊതുവിൽ ഒന്നൊന്നായി വിശദീകരിക്കാൻ വേണ്ടത്ര സമയമില്ല. അതേയവസത്തിൽ പൊതുവായി രണ്ടുകാര്യങ്ങളെ സംബന്ധിച്ചു മാത്രമാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഡിമാൻറുകളെ പൊതുവായി ഞാൻ എതിർക്കുകയാണ്. ഈ ഡിമാൻറുകളിൽ മുഖ്യമായ രണ്ടെണ്ണം, ഈ ഗവൺമെൻറിൻെറ തൊഴിൽനയത്തേയും വ്യവസായനയത്തേയും ആസ്പദമാക്കിയിട്ടുള്ളതാണ്. ഈ ഗവൺമെൻറിൻെറ തൊഴിൽനയം പൊതുവായി പരിശോധിച്ചാൽ എനിക്ക് മുമ്പ് സംസാരിച്ച - ശ്രീ. സി. കെ. ബാലകൃഷ്ണൻ പറഞ്ഞതുപോലെ ഗവൺമെൻറിൻെറ ഉടമയിലുള്ള വ്യവസായങ്ങളും ഒരു പിടി ഐ. എ. എസ്. ആഫീസർമാർക്ക് തുള്ളിച്ചാടാനും കൊള്ള ചെയ്യാനും അവസരം നൽകുന്ന ഒരു കരിമ്പിൻകാടായിട്ട് മാത്രമേ കാണാൻ കഴിയുകയുള്ളു. ഈ ഗവൺമെൻറ് കോടിക്കണക്കിന് രൂപ മുതൽ മുടക്കിയിട്ടുള്ള ഗവൺമെൻറുടമയിലുള്ള വ്യവസായങ്ങളുടെ പൊതുസ്ഥിതി പരിശോധിച്ചാൽ എന്തെങ്കിലും കാര്യമായ വരുമാനം ഗവൺമെൻറിൻെറ പൊതുച്ചെലവിനു സഹായമാകുംവിധം ഗവൺമെൻറ് നേരിട്ടു നടത്തുന്നതും കോവപ്പറേറ്റീവ് അടിസ്ഥാനത്തിൽ ഗവൺമെൻറ് നല്ലൊരു മൂലധനം മുടക്കിയിട്ടുള്ളതുമായ വ്യവസായ സംരംഭങ്ങളിൽനിന്ന് കിട്ടുന്നുണ്ടോ? പൊതുവായി പരിശോധിച്ചാൽ കൊല്ലങ്ങളായി ഓരോ ബഡ്ജറ്റ് അവതരിപ്പിച്ച് ചർച്ച ചെയ്യുന്ന സാഹചര്യത്തിലും സന്ദർഭത്തിലും ഇവിടെ നടക്കുന്ന വെട്ടിപ്പുകളെ സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർ നടത്തുന്ന കൊള്ളകളെ സംബന്ധിച്ച് അസംബ്ളി ശബ്ദമുഖരിതമാകാറുണ്ട്, അസംബ്ളിയിൽ പ്രതിഷേധത്തിൻെറ കോളിളക്കം കേൾക്കാറുണ്ട്. ആ രംഗത്തിലേക്കു ഞാൻ കൂടുതൽ കടക്കുന്നില്ല, സമയമില്ലാത്തതുകൊണ്ട്. ഈ ഗവൺമെൻറ് അധികാരത്തിൽവരുന്നതിനു മുമ്പുതന്നെ തകർന്നുപോയ ഒരു വ്യവസായത്തിൻെറ പുനരുദ്ധരാണത്തിനുവേണ്ടി, കയർ വ്യവസായത്തിൻെറ പുനരുദ്ധരാണത്തിനുവേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിക്കുകയുണ്ടായി. ആ കാർപ്പറേഷനു 50 ലക്ഷം രൂപ കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു. കയർ വ്യവസായ മേഖലയിൽ ആ 50 ലക്ഷത്തിൽ 25 ലക്ഷം രൂപ വിനിയോഗിക്കാൻ നീക്കിവച്ചിരുന്നെങ്കിലും ഈ ഗവൺമെൻറ് അതിൽനിന്ന് 15 ലക്ഷം രൂപ മറേറതോ ആവശ്യത്തിനുവേണ്ടി തട്ടിയെടുക്കുകയാണ് ചെയ്തത്. വെറും പത്തു ലക്ഷം രൂപാ മാത്രമാണ് വ്യാവസായികരംഗത്ത് കാർപ്പറേഷൻ ചെലവു ചെയ്തത്. 15 ലക്ഷത്തോളം രൂപ കയർ ഫാക്ടറി തൊഴിലാളികളുടെ പുനരുദ്ധാരണത്തിനുവേണ്ടി മുൻഗവൺമെൻറ് നീക്കിവച്ചത് ഈ ഗവൺമെൻറ് തട്ടിയെടുത്തു. ഈ ബഡ്ജറ്റിൽ 10 ലക്ഷം രൂപ സൗജന്യപൂർവ്വം ഭിക്ഷ നൽകുന്നതുപോലെ വച്ചിരിക്കുകയാണ്. കയർ ഫാക്ടറി തൊഴിലാളികളുടെ സമുദ്ധാരണത്തിന്, ചെറിയ ഫാക്ടറികളിൽ തൊഴിൽ ചെയ്യുന്ന കയർ ഫാക്ടറി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാൻ ഗവൺമെൻറ് നേരിട്ട് ഈ രംഗത്ത് ചരക്കെടുക്കാനുള്ള സ്കീമായിരുന്നു ഈ കാർപ്പറേഷനിൽ നിന്നു മുന്നോട്ടുവച്ചിരുന്നത്. 300 ഫാക്ടറിതൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങാൻ ഒരാഴ്ചയിൽ കുറഞ്ഞത് 40,000 രൂപാവേണം. ആലപ്പുഴ, ചേർത്തല, വൈക്കം പ്രദേശങ്ങളിൽ പത്തു പതിനായിരത്തോളം തൊഴിലാളികൾ ചെറുകിട ഫാക്ടറികളിൽ പണിയെടുക്കുന്നുണ്ട്. 300 തൊഴിലാളികൾ ഒരാഴ്ചയിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങാൻ, 300 തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറി ഉടമകളിൽനിന്നു ഒരാഴ്ചത്തെ ഉൽ-

LIBRARY ARCHIVES Kerala Legislative Assembly

പ്പന്നം വാങ്ങാൻ 40,000 രൂപ വേണ്ടിവരുമെങ്കിൽ പതിനായ്യായിരത്തോളം, തൊഴിലാളികളം ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളം വാങ്ങാൻ എത്ര ലക്ഷം രൂപ വേണ്ടിവരുമെന്നു വിവരിക്കേണ്ടതായിട്ടില്ല. ആ രംഗത്തു ഇന്നു നീക്കിവച്ചിരിക്കുന്ന 10 ലക്ഷം രൂപ ഫാക്ടറി സ്ഥലത്തിനും അതിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളച്ചെലവിനുപോലും തികയുകയില്ല. കയർ ഫാക്ടറി തൊഴിലാളികളേയും കയർ പിരി തൊഴിലാളികളേയും സംരക്ഷിക്കുകയാണെന്നു വീമ്പിളക്കിക്കൊണ്ട് അവർക്കുവേണ്ടി മുതലക്കണ്ണീർ പൊഴിക്കുന്ന ഗവൺമെൻറ് ഇതിനുവേണ്ടി മാററിവച്ചിരിക്കുന്നത് ഇത്രയും പെറിയൊരു തുകയാണ്. ഇത് ആരെയാണ് സഹായിക്കുന്നത്? ഈ രാജ്യത്തെ വൻകിട തൊണ്ടുമുതലാളിമാരേയും, ലക്ഷക്കണക്കിന് തൊഴിലാളികളെ ചൂഷണം ചെയ്തു കൊള്ളലാഭമടിക്കുന്ന മുതലാളിമാരേയും സംരക്ഷിക്കുകയാണ് ഇതുമൂലം ചെയ്യുന്നത്. കുത്തകക്കാരായ കയർ ഫാക്ടറി മുതലാളിമാരെ സഹായിക്കുകയാണ് ചെയ്യുന്നത്. അവരുടെ മുഖത്തു നോക്കാൻ ഈ ഗവൺമെൻറിനു വിഷമമാണ്. അങ്ങനെ കേന്ദ്രഗവൺമെൻറും ഈ ഗവൺമെൻറുംകൂടി ലക്ഷക്കണക്കിന് കയർ തൊഴിലാളികളെ കൊള്ള ചെയ്യുന്നതിൻെറ വ്യക്തമായ ഉദാഹരണമാണ് ഈ കാർപ്പറേഷൻെറ സംരംഭങ്ങളിൽക്കൂടി നാം കാണുന്നത്. കൂടുതൽ ആരംഗത്തെ സംബന്ധിച്ചു ഞാൻ വിശദീകരിക്കുന്നില്ല.

എന്താണ് ഈ ഗവൺമെൻറിൻെറ തൊഴിൽനയം? 10—ാം നൂറാണ്ടിലെ ഏറ്റവും നികൃഷ്ടരും ചൂഷകരുമായ പന്ന മുതലാളിമാർപോലും ചെയ്യാനറക്കുന്ന ഹീനമായ ഒരു തൊഴിൽ നയമാണ് ഈ ഗവൺമെൻറ് അനുവർത്തിച്ചു വരുന്നത്. ട്രാൻസ്പോർട്ടിൽനിന്ന് 600—ൽ പരം തൊഴിലാളികളെ ഈ ഗവൺമെൻറു പിരിച്ചുവിട്ടു. സ്വകാര്യമേഖലയിലെ മുതലാളിമാർക്ക് മാതൃകയായിരിക്കേണ്ട ഗവൺമെൻറാണ് ഈ പിരിച്ചുവിടൽ നടത്തിയത്. ഈ ഗവൺമെൻറിൻെറ ഉന്നതനായ മുഖ്യമന്ത്രി അടുത്തകാലത്ത് പരേതനായ ശ്രീ. ആർ. സുഗതൻെറ അനുയായിയും നേതാവുമാണ്. ശ്രീ. സുഗതൻ ആലപ്പുഴ കയർ ഫാക്ടറി തൊഴിലാളി യൂണിയൻെറ ജനറൽ സെക്രട്ടറിയായിരുന്നപ്പോഴാണ് കെ. എസ്. ഗംഗാധര അയ്യരുടെ കമ്പനിയിൽനിന്ന് 5 കയർ ഫാക്ടറി തൊഴിലാളികളെ പിരിച്ചുവിട്ടതിന് സമരംചെയ്തു. അഞ്ചു തൊഴിലാളികളെ പിരിച്ചുവിട്ടതിനെതിരായി സമരംചെയ്തു പണിമുടക്ക് കഴിഞ്ഞു. പല നേതാക്കൻമാരും സമരരംഗത്തുവന്നു. ശ്രീ. ആർ. സുഗതൻ സത്യാഗ്രഹത്തിനു മുന്നണിയിൽനിന്നു. സത്യാഗ്രഹത്തിനു മുന്നോട്ടുവന്ന ശ്രീ. ആർ. സുഗതൻ സത്യാഗ്രഹം കിടക്കുന്ന സ്ഥലത്ത് നിങ്ങളുടെ കരുണാകരൻെറ പാർട്ടിയിൽപ്പെട്ട ഐ. എൻ. ററി. യു. സി. ക്കാർ ചൂടുവെള്ളം തളിച്ചിരുന്നു. ശ്രീ. സുഗതൻ അതു വകവയ്ക്കാതെ ആ ചൂടുവെള്ളത്തിൽ കിടന്നു സത്യാഗ്രഹം അനുഷ്ഠിച്ചു. എന്തിനായിരുന്നു? അഞ്ചു തൊഴിലാളികളെ പിരിച്ചുവിട്ടതിനെതിരായ സമരമായിരുന്നു.

11 a.m.

സർ, ട്രാൻസ്പോർട്ടിൽ അദ്ദേഹത്തിൻെറ അനുയായിയും നേതാവുമായ സഖാവ് അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുന്ന ഒരു ഭരണത്തിൻ കീഴിൽ 5 അല്ല, 50 അല്ല 500 അല്ല 600—ൽപ്പരം ട്രാൻസ്പോർട്ട് തൊഴിലാളികളെ വഴിയാധാരമാക്കിയതിനെതിരായി നടത്തിയ സമരം. ജനുവരി 22—ാംതീയതി ആരംഭിച്ച പണിമുടക്കു സമരം. നീണ്ട ഒരു മാസം നീണ്ടുനിന്നു ആ സമരം. ആയിരക്കണക്കായ തൊഴിലാളി പ്രവർത്തകൻമാരുടെ നട്ടെല്ലു തകർന്നു. എം. എൽ. എ. മാരെപ്പോലെയും മർദ്ദിച്ചു. എം. എൽ. എ. മാർ. ധീരതയോടുകൂടി അവരുടെ സമരത്തിനു മുമ്പിൽ അവരുടെ ജീവൻ പന്താടിക്കൊണ്ട് നിരാഹാരസമരം നടത്തേണ്ടിവന്നു. ഒരു മാസത്തിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷമാണ് ഈ മന്ത്രിസഭയ്ക്ക് ഈ പ്രശ്നത്തിൽ ഒന്നു കനിഞ്ഞ് ഇടപെടാനും അവസാനം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 10 (എ) വകുപ്പു അനുസരിച്ച് അത് ഒരു സ്പെഷ്യൽ ആർബിട്രേഷനു വിടാനും ഉള്ള ഉത്തരവുണ്ടായതെന്ന് നാം അനുസ്മരിക്കണം. അതുപോലെതന്നെ എറണാകുളത്ത് ഹോട്ടൽ തൊഴിലാളികളെ പിരിച്ചുവിടലിനെതിരായി സമരം നടത്തുകയാണ്. മാസങ്ങളായ സമരം. എറണാകുളം കോർപ്പറേഷൻ മേയർ ആ സമരസഹായസമിതിയുടെ കൺവീനർ ആണെന്നാണ് അറിയാൻ കഴിഞ്ഞത്. മാസങ്ങളായി പിരിച്ചുവിട്ട ഹോട്ടൽ തൊഴിലാളികളുടെ പ്രശ്നത്തിൽ ഇടപെട്ട് അവരെ തിരിച്ചെടുപ്പിക്കാൻ ഇന്നും ഈ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല. ഹോട്ടൽ മുതലാളിമാരെ അഭിമുഖീകരിക്കുമ്പോഴും ഗവൺമെൻറിനും തൊഴിൽ കാര്യമന്ത്രിക്കും വിഷമമുണ്ടാകും. അതുകൊണ്ട് അത് ഇതുവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കുട്ടനാട് കർഷകത്തൊഴിലാളികളും തങ്ങളുടെ കൊയ്ത്തവകാശത്തിനുവേണ്ടി ഒരു സമരം ഫെബ്രുവരി ഒന്നാം തീയതി ആരംഭിച്ചു. കാർഷികത്തൊഴിലാളികളെപ്പറ്റി പറയുമ്പോഴും നമ്മുടെ ഭരണാധികാരികൾക്കു തൊഴിൽ മന്ത്രിക്ക്, അദ്ദേഹത്തിൻറെ പിന്നിലിരിക്കുന്ന പാർട്ടിക്കാർക്ക് കണ്ണുനീരാണ്. അവർ ആരംഭിച്ച സമരം ദിവസങ്ങളും നീണ്ടതിനുശേഷം ഫെബ്രുവരി 5—ാം തീയതി തൊഴിൽകാര്യമന്ത്രി ഒരു ഹൈലെവൽ കോൺഫറൻസ് തിരുവനന്തപുരത്തു വിളിച്ചുകൂട്ടി. ആ കോൺഫറൻസിൽ കാർഷികമുതലാളിമാരും തൊഴിലാളി പ്രതിനിധികളും പങ്കെടുത്തു. ഗവൺമെൻറിൻറെ ഉത്തരവാദപ്പെട്ട ലേബർ കമ്മീഷണറും ഈ സമ്മേളനത്തിൽ പങ്കെടുത്തു, രണ്ടു ഭാഗത്തേയും വാദം കേട്ടതിനുശേഷം ഒരു തീരുമാനമെടുക്കാൻ. എട്ടിലൊരു മണി നെല്ലുപോലും കൂടുതൽ കൊടുക്കുകയില്ലെന്ന് കാർഷികമുതലാളിമാരും ഏഴിലൊന്ന് കിട്ടണമെന്ന് തൊഴിലാളിപ്രതിനിധികളും ആവശ്യപ്പെട്ടു. മദ്ധ്യസ്ഥ തീരുമാനത്തിൽ ഏഴര പതം കൊടുക്കാൻ കഴിയുമെന്ന് ഗവൺമെൻറിൻറെ പിൻതുണക്കാരായ ആർ. എസ്. പി. യിലെ പ്രവർത്തകനായ ബഹുമാനപ്പെട്ട കുമാരപിള്ള എം. എൽ. എ. പോലും പറഞ്ഞു. അദ്ദേഹവും ശ്രീ. എം. കെ. ജോർജും പറഞ്ഞു ഇരുനാഴി നെല്ലിൻറെ വ്യത്യാസമല്ലേ ഉള്ളൂഎന്ന്. നീണ്ട വർഷങ്ങൾ കഴിഞ്ഞിട്ടാണ് തൊഴിലാളികൾ ഇതു നേടിയെടുത്തത്. 1961—ലെ കാർഷികപരിഷ്കരണനിയമംമൂലം ഭൂവുടമകളായവരാണ്. ആ ഭൂവുടമകളോടാണ് കാർഷികത്തൊഴിലാളികൾ 12 സംവൽസരമായി നിലനിൽക്കുന്ന കൊയ്ത്താദായത്തിന് നെല്ലു വർദ്ധനവ് വരുത്തണമെന്നാവശ്യപ്പെട്ടപ്പോൾ ആ തൊഴിലാളികളെസഹായിക്കാനല്ല ഗവൺമെൻറു ശ്രമിച്ചത്. അതുപോലെ ഈ സംസ്ഥാനത്ത് ആകെ നടന്ന കുടികിടപ്പുകാരുടെയും കർഷകത്തൊഴിലാളികളുടെയും കുടികിടപ്പവകാശത്തിനും കൃഷിഭൂമികൾക്കുംവേണ്ടി നടത്തിയ സമരത്തിൽ ഈ ഗവൺമെൻറിൻറെ നിലപാട് എന്തായിരുന്നു എന്നു എല്ലാവർക്കും അറിയാം. അവരുടെ ഈ അവകാശങ്ങൾ കൂടിയാലോചനകളിൽകൂടി പരിഹരിക്കണമെന്നുള്ള കർഷകസംഘങ്ങളുടെ ആവശ്യത്തെക്കുറിച്ച് രണ്ടുമാസംകഴിഞ്ഞതിനുശേഷമാണ് ഈ ഗവൺമെൻറിന് ഭൂതോദയമുണ്ടായത്. ഈ രാജ്യത്ത് ഒരു മണ്ണാങ്കട്ടയും നടക്കാൻ പോകുന്നില്ലെന്നായിരുന്നു ഗവൺമെൻറിൻറെ ആളായ ശ്രീ. എം. എൻ. ഗോവിന്ദൻനായർ 30—ാം തീയതി തൊടുപുഴ കൂടിയ മഹായോഗത്തിൽ പ്രഖ്യാപിച്ചത്. 2—ാം തീയതി ഈ ഗവൺമെൻറിനു പിൻതുണ നൽകുന്ന കേരളകൗമുദിയിൽത്തന്നെ എതിർക്കുന്ന പത്രമല്ല, ഈ ഗവൺമെൻറിനെ അനുകൂലിക്കുന്ന പത്രത്തിൽ വന്നതാണ്, ''മാർക്സിസ്റ്റുകാർ പലയിടത്തും ഭൂമി കയ്യേറ്റ പരിപാടികൾ തുടങ്ങി, അനിഷ്ടസംഭവങ്ങളൊന്നുമുണ്ടായില്ല, ''പോലീസ് സജീവമായ ജാഗ്രത പാലിക്കുന്നു, ആഭ്യന്തരകാര്യമന്ത്രി മുഹമ്മദുകോയ. ഒരു മണ്ണാങ്കട്ടയും സമരത്തിനുശേഷം ഉണ്ടാക്കാൻ പോകുന്നില്ലെന്ന് എം. എൻ. ഗോവിന്ദൻനായർ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാംതീയതി പലയിടത്തും ഭൂമി കയ്യേറ്റമെന്ന് ആഭ്യന്തരമന്ത്രി. എത്ര യാലും ഈ സമരം രണ്ടുമാസത്തിനുശേഷമെങ്കിലും കുടികിടപ്പുകാരുടെ അവ കാശം കൂടിയാലോചനകളിൽക്കൂടിത്തന്നെ പരിഹരിക്കണമെന്ന് നമ്മുടെ റവന്യൂ മന്ത്രിക്ക് അദ്ദേഹംവളരെ വേഗത്തിൽ കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് പ്രതി പ്രവർത്തകർ അദ്ദേഹത്തിന് ഒരു പേരിട്ടിട്ടുണ്ട്. എന്റെ ജില്ലയിൽ ഒരു വേലകൾ വളരെ സ്പീഡിൽ ചെയ്യുന്ന ഒരാളുണ്ട്. അയാളെ ഇലക്ട്രിക് മൈതീൻ എന്നാണ് നാട്ടുകാർവിളിക്കുന്നത്. അതുപോലെ നമ്മുടെ മന്ത്രി യെ ഇലക്ട്രിക് മന്ത്രി എന്നു വിളിക്കാൻ കഴിയുമോ എന്നു എനിക്ക് സംശയ മുണ്ട്. എന്തായാലും അദ്ദേഹം ഇലക്ട്രിക് മന്ത്രി എന്നു സ്വയം അവകാശപ്പെട്ടുകൊണ്ട് പ്രതിക്കാർപോലും അങ്ങനെയുള്ള പേരിന് അർഹനാ ണെന്നു വിശേഷിപ്പിക്കുന്ന തരത്തിൽ സ്പീഡിൽ കാര്യങ്ങൾ ചെയ്യുന്നു എന്നു അവകാശപ്പെടുന്ന ആളാണ്. അദ്ദേഹത്തിന്റെ മന്ത്രിസഭയ്ക്കു പോലും നീണ്ട രണ്ടുമാസം കഴിഞ്ഞിട്ടാണ് ഇതിൽ ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞത്. ഡിസംബർ 29—ാം തീയതി കാർഷികത്തൊഴിലാളി യൂണി യന്റെ ആക്ഷൻ കൗൺസിൽ കൺവീനർ ആയിരുന്ന ബഹുമാനപ്പെട്ട എം. എൽ. എ. ചാത്തുണ്ണിമാസ്റ്റർ അന്നു നടത്തിയ ഹൈലവൽ കോൺഫറൻസിൽ കൂടി യാലോചനകളിൽകൂടി ഈ പ്രശ്നം പരിഹരിക്കണമെന്നു പറഞ്ഞിട്ട് ഗവ ൺമെന്റു കേട്ടില്ല. നീണ്ട രണ്ടുമാസത്തിനുശേഷം വസ്തു ഉടമകളും കുടി കിടപ്പുകാരുടെ അവകാശങ്ങളും ന്യായമായി കൊടുത്തുതുടങ്ങിയപ്പോൾ ഗവൺ മെന്റ് നാണമില്ലാതെ സ്ഥിരംപല്ലയം കൊടുക്കുകയാണെന്നും പറഞ്ഞ് വന്നിരിക്കുകയാണ്. മാത്രമല്ല ഈ രാജ്യത്തെ ചെത്തുതൊഴിലാളികളോട് ഈ ഗവൺമെന്റ് ഒരു കടുത്ത കൈ കാണിച്ചു. ചെത്തു തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി മുതലായവയ്ക്ക് രൂപം കൊടുക്കുമ്പോൾ ഇന്നത്തെ തൊഴിൽകാര്യമന്ത്രി അന്നത്തെ സെലക്ടുകമ്മിറ്റിയിൽ അംഗമാ യിരുന്നു. അദ്ദേഹം ആ ബില്ലിനു രൂപം കൊടുത്ത സന്ദർഭത്തിൽ ഈ ബിൽ പാസാകുന്നതിന് തൊട്ട് 5 കൊല്ലം മുമ്പെങ്കിലും പൂർവ്വകാലപ്രാ ബല്യമായിട്ട് തൊഴിലാളികൾക്ക് വേതനം കിട്ടാൻ അവകാശമുണ്ടായിരിക്കണ മെന്നു വാദിച്ച ആളാണ്. ഞങ്ങളെല്ലാം അതിനെ അനുകൂലിക്കുകയും ചെയ്തു. മന്ത്രിയുടെയും മറ്റു ഉദ്യോഗസ്ഥൻമാരുടെയും ചർച്ചയ്ക്കുശേഷം ബിൽ നട പ്പിലാകുമ്പോൾ അത് നടപ്പിലായാൽ മതിയെന്ന് അവസാന നിഗമനത്തിൽ എത്തി. എന്നാൽ ആ ബിൽ നടപ്പിലായിക്കഴിഞ്ഞതിനുശേഷം ചെത്തു തൊഴിലാളികളുടെ സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള തൊഴിലാളി പ്രതിനിധി കളും കോൺട്രാക്ടർമാരും, ഗവൺമെന്റ് ഭാഗത്തുള്ള പ്രതിനിധികളും കൂടി ഒരു ഹൈലെവൽ സമ്മേളനംകൂടി. 1969 ഏപ്രിൽ ഒന്നാംതീയതി മുതൽ പ്രോവിഡന്റ്ഫണ്ടും, ഗ്രാറ്റുവിറ്റിയും നൽകേണ്ടതാണെന്നു തീരു മാനിച്ചിരുന്നുവെങ്കിലും എക്സൈസ് വകുപ്പു മന്ത്രി ബഹുമാനപ്പെട്ട കെ. ടി. ജേക്കബിന്റെ ഒരു പ്രഖ്യാപനം കണ്ടു. 1970 ജനുവരി ഒന്നാം തീയതി മുതൽ പ്രോവിഡന്റുഫണ്ടും, ഗ്രാറ്റുവിറ്റിയും നടപ്പിലാക്കിയാൽ മതിയെന്ന്. എന്താണ് 75 ലക്ഷത്തോളം ചെത്തുതൊഴിലാളികളുടെയും 25 ലക്ഷത്തിൽപ്പരം ഷാപ്പു ജോലി ചെയ്ത തൊഴിലാളികളുടെയും 9 മാസക്കാല ത്തെ ഒരു കോടിയോളം രൂപ കള്ളു കോൺട്രാക്ടർമാർക്കായി ഈ ഗവൺ മെന്റ് സംഭാവന ചെയ്തിരിക്കുകയാണ്. ഒരു ദിവസം മൂന്നുനേരം തെങ്ങിൽ കയറി ചെത്തുന്ന, ഓണത്തിനും വിഷുവിനും വാവിനും ചെത്തുന്ന പാവപ്പെട്ട തൊഴിലാളികളുടെ ഒരുകോടി രൂപയോളം കള്ളുഷാപ്പു കോൺട്രാക്ടർ മാർക്ക് സംഭാവന ചെയ്തിരിക്കുകയാണ്. ഈ രാജ്യത്തു നടക്കുന്ന തൊഴിൽ സമരങ്ങളെ ഈ ഗവൺമെന്റിനെതിരായ സമരമാണെന്നുകണ്ട് ഭീതിപ്പെട്ട് എല്ലാ സമരങ്ങളെയും അടിച്ചമർത്താൻ ഈ ഗവൺമെന്റ് വെമ്പൽ കൊള്ളുക യാണ്. 1114—ൽ കയർ ഫാക്ടറി തൊഴിലാളികളും ഉത്തരവാദഭരണത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ആദ്യമായി പ്രമേയം പാസാക്കി. 1116-ൽ കയർ ഫാക്ടറി തൊഴിലാളികളും പഞ്ഞം വരുമ്പോഴും അരികിട്ടാൻ ഒരു റേഷൻകട വേണമെന്നു പറഞ്ഞുസമരം നടത്തി. ഭയങ്കരനാണെന്നറിയപ്പെടുന്ന സർ സി. പി. പോലും അവർക്ക് റേഷൻകട അനുവദിച്ചുകൊടുത്തു. സർ സി. പി. യാണ് ആദ്യമായി നാലുശതമാനം ബോണസ് കയർ തൊഴിലാളികൾക്കു നൽകിയത്. തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾക്കു വേണ്ടിയുള്ള സമരം ഗവൺമെൻറിനെ അധികാരത്തിൽനിന്നു മാറ്റാനാണെന്നു വിചാരിക്കരുത്. അടിയന്തിരാവശ്യങ്ങൾക്കുള്ള സമരത്തേയും ഗവൺമെൻറിനെതിരായ സമരത്തെയും കൂട്ടിക്കുഴച്ച് അതിനെ മർദ്ദിച്ചൊതുക്കാനുള്ള നിലപാടാണ് ഈ ഗവൺമെൻറ് തുടർന്നുവരുന്നത്. അത് പരാജയത്തിൻറെ പടുകുഴിയിൽ എത്തിയിരിക്കുന്നു എന്നാണ് കഴിഞ്ഞകാലത്തെ അനുഭവങ്ങൾ തെളിയിക്കുന്നത്. കള്ളുഷാപ്പു കോൺട്രാക്ടർമാരേയും, തോട്ടമുടമകളേയും കാർഷിക മുതലാളിമാരേയും ഹോട്ടൽ മുതലാളിമാരേയും സഹായിക്കുന്ന ഒരു തൊഴിൽ നയമാണ് ഈ ഗവൺമെൻറ് തുടർന്നുപോരുന്നത്. ഈ രാജ്യത്ത് തൊഴിൽ രംഗത്ത് സമാധാനം നിലനിറുത്തുന്നതിനും തൊഴിലാളികളും മുതലാളിമാരും തമ്മിലുള്ള സൗഹൃദപൂർവ്വമായ അന്തരീക്ഷം കൈവരുത്തുന്നതിനും പാവപ്പെട്ട തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്ന നടപടി ഒട്ടും സഹായകരമല്ല. തൊഴിൽസമരങ്ങളേയും ഗവൺമെൻറിനെതിരായിട്ടുള്ള പൊതുസമരങ്ങളെയും രണ്ടായികാണാൻ സർ സി. പി. ക്കു കഴിഞ്ഞെങ്കിലും അച്യുതമേനോൻറെ നേതൃത്വത്തിലുള്ള സങ്കരമന്ത്രിസഭയ്ക്ക് കഴിയുന്നില്ല. ഈ മർദ്ദനങ്ങളേയും ഭീഷണികളേയും അതിജീവിച്ചുകൊണ്ട്, പാവപ്പെട്ട കർഷകത്തൊഴിലാളികളും കുടികിടപ്പുകാരും ട്രാൻസ്പോർട്ടു തൊഴിലാളികളും എല്ലാമെല്ലാം ഇതിനെ അതിജീവിച്ചുകൊണ്ട് നടത്തിയ സമരങ്ങളുടെ പരിണതഫലങ്ങൾ പരിശോധിക്കുമ്പോൾ തീർച്ചയായും ഈ ഗവൺമെൻറിനു ധീരമായ മർദ്ദനങ്ങൾ നടത്തിയെങ്കിലും അവസാനം അവരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കേണ്ടിവന്നു എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഈ രാജ്യത്ത് ഈ ഭീഷണിയേയും മർദ്ദനങ്ങളേയും അതിജീവിച്ചു സമരം നടത്തി അവകാശങ്ങൾ നേടിയ തൊഴിലാളികളെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറിൻറെ ഹീനമായ തൊഴിൽനയത്തിനെതിരായി സമരംചെയ്താൽ മാത്രമേ അവകാശങ്ങൾ നേടി എടുക്കാൻ കഴിയുകയുള്ളു എന്ന പ്രഖ്യാപനമാണ് ഇന്ന് ഈ അനുഭവം വിളിച്ചു പറയുന്നത്. മുതലാളിമാരുടേയും തോട്ടമുടമകളുടേയും ഇടത്തേതോളിലും വലത്തേതോളിലും റവല്യൂഷണറി സോഷ്യലിസവും വലതുപക്ഷ സോഷ്യലിസവും ആടയാഭരണങ്ങൾ അണിഞ്ഞുവരികയാണ്. അതു വളരെ വ്യക്തമായ നിലയിൽ കാണാം.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സർ, ബഹുമാനപ്പെട്ട മെമ്പറുടെ സമയം തീർന്നിരിക്കുന്ന ഈ അവസരത്തിൽ മറ്റു കക്ഷികളെ യാതൊരുടിസ്ഥാനവുമില്ലാതെ മുതലാളിമാരുടെ തോളിൽ ഇരിക്കുന്നു എന്നൊക്കെ പറയുന്നത് ഓർഡറിലാണോ; ഏതു മുതലാളിമാരുടെ തോളിലാണിരിക്കുന്നത്.

മി. ചെയർമാൻ: സമയക്കൂടുതൽ പാർട്ടിയുടെ സമയത്തിൽനിന്നും എടുക്കുന്നതാണ്. ഇനി മെമ്പർക്കു സമയമില്ല. മി. കുന്നിക്കുല്ലയ്ക്ക് സംസാരിക്കാം.

Shri U. P. Kunhikullaya: Sir, I am sorry to say that I am constrained to support these demands under protest, because when I went through the various pages of the detailed estimates of works, I see that the future of

LIBRARY ARCHIVES Kerala Legislative Assembly

Kasargod is bleak and black, because with regard to any developmental activities, practically no amount has been alloted. That means the developmental needs of that area are not met with. Of course the backwardness of that area can be imagined when Shri K. C. Vamadevan said that the Trivandrum District is a backward area. Kasargod Taluk is admittedly a backward area. A comparison can be made between Trivandrum and Kasargod. Under these circumstances, Government ought to have taken more care and bestowed more attention for the developmental needs of our area. But to our utter regret, Government that have come and gone; even the previous Government, except paying lip sympathy to our people have not practically done anything. That is being repeated here also. That is why I am constrained to say that it is not a fair attitude to be adopted by this Government for the Development of that area.

Now with regard to road works, bridges, irrigation facilities, industries, I should say on everything, Government have neglected our area. Only in one matter, Government have not neglected our area viz, in the matter of collecting taxes. We have been making repeated representations to Government to give some relief to the tax payers in our Taluk since they had to face a severe drought during 1969 and their crops had suffered heavy damages. Through the Government except paying lip sympathy and saying that they have issued necessary instructions, to the departments concerned, in fact have not shown any mercy to the tax payers. So I am constrained to place before this House a relevant portion of the order of the Deputy Commissioner Agricultural Incometax, and Salestax, North Zone, Calicut, who has in this order dated 1-8-1969 admitted that the Kasargod area had suffered from severe drought and necessary relief should be given.

I will read a portion of his report:

> "The enquiries go to show that the arecanut crop of 1968-69 in Kasaragod was badly affected by drought in most of the arecanut gardens. It was not possible for the Departmental officers to conduct local inspection of individual hol ings and ascertain the damages in each case in the relevant year itself. An inspection conducted during this year cannot also give any idea about the extent of damages to crop during the drought season of 1968-69. Therefore the only feasible method of redressing the grievances of the agriculturists in this respect is only to allow a general reduction in estimates in all deserving cases. The information gathered would show that a flat rate of 25% of the crop of 1967-68 would be a reasonable estimate of damages. So I am instructing the officers that in best judgement assessments where crop is estimated the arcanut crop of 1968-69 may be fixed at 75% of that of 1967-68 except in cases in which there are reasons to believe that the crop was not affected by drought or there was inspection of the holdings in the drought season itself."

Now the order says that the burden of proving the previous year's income of the agriculturist viz. during the drought season, is on the department. But unfortunately, what is happening is this order is used as a clever by the officers in the lower category to make money for themselves. The

LIBRARY ARCHIVES Kerala Legislative Assembly

burden is thrown on the agriculturist to prove that he has suffered damages eventhough the Commissioner has recommended a flat rate reduction of 25 per cent and the burden is put on the department to prove that the agriculturist has not suffered damages. Unfortunately it will be seen that only in a few cases, out of thousand cases, relief has been given, that too I am constrained to say it is because the parties have properly approached them and not in deserving cases. Unless instructions are given to the department, I am sorry to say, the assessees will be victimised. It will tantamount to the killing of the goose that lays the golden egg. That is not proper on the part of the Income tax Department. They should have shown consideration to our tax-payers who are the source of income to Government. I request the Finance Minister to see that the Deputy Commissioner's order is implemented and direction given to that effect. Otherwise, I am afraid, we will not get justice from the hands of the Incometax Department people.

When Government is not bestowing serious attention to this matter, arbitrary taxation is going on in our area. I am sorry to say that Government is not taking so much interest in the development of our area. I am sorry to repeat that. So my appeal is, I need not appeal for mercy, I am entitled as a matter of right, to claim that the due share of the revenue derived from our area is spent for the development of our area. Our taluk is being utterly neglected and it is backward which requires communication facilities, medical aid, educational facilities, industries, electrification etc. Now some of the schemes which were there in the previous years' budget and for which token provisions have been made, are completely deleted in this year's budget. This is not fair. It is for the Government to rectify it. Even the former Minister for Irrigation, Shri P. R. Kurup, when he visited a place in Shri Bhandary's constituency, assured that a scheme for anicut cum dam bridge would be considered and implemented. But to my utter regret it is not included in the present budget; whether it is the fault of anybody or it is a deliberate discrimination or indifference, I cannot say. We have been requesting Government to implement so many other developmental schemes; but they are not included in the budget.

Therefore, I said 'I am constrained to support these demands under protest.' I have already issued a statement that if our area is not cared for properly, if equitable distribution of funds is not made, if remedial measures are not taken and proper allotments are not made for the development of our area, we will really feel that our area is neglected and we are discriminated. When I go through the various works which are implemented, I can see that some Districts are shown much favour. For example, Quilon and Trichur are treated as favourite Districts. It is a wellknown fact that Cannanore is the biggest District in the State. The Kasaragod taluk which is 386 sq. miles in extent, having 80 villages, is a backward area, when compared to other taluks in that District. But, Sir, sufficient funds have not been allotted to that District and Kasaragod in particular.

This is my complaint. I request the honourable Ministers to pay due regard to our area and see that we are not carried by the impression that we are discriminated.

Thank you.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമലിംഗം: സർ, ഞാൻ ഈ ഡിമാൻറുകളെ അനുകൂലിക്കുകയാണ്. എല്ലാ ഡിമാൻറുകളെയും അതുമായി ബന്ധിക്കുന്ന ചില കാര്യങ്ങളെയും പറഞ്ഞ് സംസാരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും എല്ലാംകൂടി ഒന്നിച്ചായതുകൊണ്ടും, സമയക്കുറവായതുകൊണ്ടും ലേബർ ആൻറ് എംപ്ലോയിമെൻറ്, ഇൻഡസ്ട്രീസ്, അഗ്രികൾച്ചർ എന്നീ വകുപ്പുകളെസംബന്ധിച്ചു മാത്രമേ തൽക്കാലം പറയാൻ ഉദ്ദേശിക്കുന്നുള്ളു. സർ, നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം ഏതു ഗവൺമെൻറ് ഇവിടെ ഭരിച്ചാലും ആ ഗവൺമെൻറിൻെറ ചെയ്തികളെ അവസാനമായി വിലയിരുത്തപ്പെടുമ്പോൾ ആ ഗവൺമെൻറിൻെറ പ്രവർത്തനംകൊണ്ട് എത്രമാത്രം ഭക്ഷ്യകമ്മി നികത്താൻ കഴിഞ്ഞു അല്ലെങ്കിൽ ഭക്ഷ്യസാധനങ്ങളിൽ എത്രമാത്രം വർദ്ധനവുണ്ടാക്കി, തൊഴിലില്ലായ്മ എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞു എന്നുള്ളകാര്യമാണ് പ്രധാനമായും കണക്കിലെടുക്കുക. ബാക്കി എന്തെല്ലാം കാര്യങ്ങൾ ചെയ്താലും കേരളത്തിൻെറ മുഖ്യമായ ഈ രണ്ടു പ്രശ്നങ്ങൾ ഗവൺമെൻറ് എങ്ങനെ കൈകാര്യം ചെയ്തു എന്നുള്ളതിനെ ആശ്രയിച്ചായിരിക്കും അവസാനമായി ഒരു ഗവൺമെൻറിനെ വിലയിരുത്തുന്നത്.

സർ, ഇവിടത്തെ ഭക്ഷ്യസ്വയംപര്യാപ്തതയെസംബന്ധിച്ചിടത്തോളം അതു കൈവരുത്തുന്നതിനാവശ്യമായ ചില പദ്ധതികളും ഈ ഗവൺമെൻറ്, അധികാരത്തിൽവന്നതിനുശേഷം കാര്യമായി ചെയ്യാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളതിതിൻെറ ദൃഷ്ടാന്തമാണ് ഇറിഗേഷനുവകകൊള്ളിച്ചിട്ടുള്ളതും, മൈനർ ഇറിഗേഷനു വകകൊള്ളിച്ചിട്ടുള്ളതുമായ ബഡ്ജറിലെ തുകകളും. അതുപോലെതന്നെ ഞാൻ ഇതു പത്രത്തിൽ വായിക്കുകയുണ്ടായി. കല്ലട ഇറിഗേഷൻ പ്രോജക്ട് ഈ നാലാം പഞ്ചവൽസര പദ്ധതി അവസാനിക്കുന്നതിനുമുമ്പുതന്നെ പൂർത്തിയാകുമെന്നാണ് ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ പ്രസ്താവന. ഈ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു ജലസേചന പദ്ധതി, നെല്ലുൽപ്പാദിപ്പിക്കുന്നതിന് ഏറ്റവുംകൂടുതൽ സ്ഥലത്ത് ജലസേചനം നൽകുന്നതിന് ഉപകരിക്കുന്ന ഒരു പദ്ധതി ആയ കല്ലട പദ്ധതി നാലാം പദ്ധതിയുടെ അവസാനത്തിൽ പൂർത്തിയാകുമെന്ന ഒരു പ്രത്യാശയുണ്ടായിട്ടുണ്ടെങ്കിൽ ആ വഴിക്ക് ഈ ഗവൺമെൻറ് കാര്യമായി നീങ്ങിയിട്ടുണ്ടെന്നുള്ളതിൻെറ ദൃഷ്ടാന്തമാണ്. അങ്ങനെ പറയാൻ ഉദ്യോഗസ്ഥൻമാർക്ക് ധൈര്യം വന്നതുതന്നെ ഈ ഗവൺമെൻറ് ജലസേചനപദ്ധതികളും കാര്യക്ഷമമായി നടപ്പാക്കുന്നതിനും അതുമാതിരി കൃഷിഅഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടിയിട്ട് പ്രവർത്തിക്കാൻ തയ്യാറായിരിക്കുന്നു എന്നുള്ളതിൻെറ സൂചനയാണ്. സർ, ഭക്ഷ്യസ്വയംപര്യാപ്തതപോലെതന്നെ ഈ തൊഴിലില്ലായ്മ മുഴുവൻ പരിഹരിക്കാമെന്ന് ഞാൻ പറയുന്നില്ല. തൊഴിലില്ലായ്മപരിഹരിക്കുന്നതിന് വേണ്ടിയിട്ട് എന്തെല്ലാം ശ്രമങ്ങളാണ് ഒരു ഗവൺമെൻറു നടത്തുന്നത് എന്നുള്ളതിനെ ആശ്രയിച്ചാണ് ഭാവി വിധിയെഴുതാൻ പോകുന്നത്. ഇവിടെ സഖാവ് അച്യുതാനന്ദനും മറ്റും പറയുകയുണ്ടായി. ഈ ഗവൺമെൻറിൻെറ തൊഴിൽനയത്തെപ്പറ്റി. സർ, ഈ തൊഴിൽനയമെന്നു പറയുന്നത് തൊഴിലാളിസമരങ്ങളിൽ പോലീസ് ഇടപെടുകയില്ലെന്നുമാത്രം പറഞ്ഞാൽ അത് ഒരു തൊഴിൽനയമായി നമുക്കു കാണാൻകഴിയുമോയെന്ന് ഞാൻ സംശയിക്കുന്നു സർ. ഈ തൊഴിൽനയമെന്നു പറയുമ്പോൾ തൊഴിൽചെയ്യുന്നതിന് അവനുള്ള അവകാശങ്ങൾ സംരക്ഷിക്കുകയും അതു നേടിയെടുക്കാനുള്ള സന്ദർഭമുണ്ടാക്കികൊടുക്കുക, അതിനു തടസ്സമുണ്ടാക്കാതിരിക്കുക, അതുപോലെതന്നെ വ്യവസായനയവുമായി ബന്ധപ്പെട്ടതുകൂടിയാണ് തൊഴിൽനയം. തൊഴിലിൽ കൂടുതൽ ഉണ്ടാക്കുന്നതിനും, കൂടുതൽ തൊഴിൽദിവസങ്ങൾ ഉണ്ടാക്കുന്നതിനും തൊഴിൽനിന്നും വരുമാനം കൂടുതൽ ഉണ്ടാക്കുന്നതിനും ആവശ്യമായ അന്തരീക്ഷമുണ്ടാക്കുകയെന്നുള്ളതും, അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉംപ്പെടും. അതുപരിശോധിക്കുന്ന അവസരത്തിൽ സഖാവ് ബാലാനന്ദൻ പറയുകയുണ്ടായി, ട്രാൻസ്പോർട്ടിൽ നിന്നും 600 തൊഴിലാളികളെ പിരിച്ചു വിട്ടതും ആ കാര്യത്തിൽ ഈ ഗവൺമെൻറ് എടുത്തനിലപാടും ഈ ഗവൺമെൻറിൻെറ തൊഴിൽ നയം വ്യക്തമാക്കുന്നുവെന്ന്. സർ, എവിടെയെങ്കിലും പിരിച്ചുവിടലുണ്ടായാൽ ഗവൺമെൻറ് ഓടിച്ചെന്നിട്ട് ആ വ്യവസായത്തിലെ ആളുകളെയെല്ലാം തിരിച്ചെടുപ്പിച്ചാൽ ആ ഗവൺമെൻറിൻെറ തൊഴിൽനയം അതുകൊണ്ടു മാത്രം തെളിയിക്കാൻ കഴിയുമോ? ഞാൻ പറയുന്നത് ഗവൺമെൻറ് തൊഴിൽ നയത്തെസംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ സംഘടിതശക്തി ശരിയായ വഴിക്ക് പ്രയോഗിക്കാനുള്ള ഒരു അവസരമുണ്ടാക്കുക എന്നുള്ളതാണ് ഗവൺമെൻറിൻെറ തൊഴിൽനയമായി ഞാൻ കാണുന്നത്. അതുവച്ചുനോക്കുമ്പോൾ 1967—ൽ ഐക്യമുന്നണി ഗവൺമെൻറ് അധികാരത്തിൽവന്നപ്പോൾ ശ്രീമാൻ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ ഈ രാജ്യത്തെ തൊഴിലാളികൾക്കു മുഴുവൻതന്നെയും തങ്ങൾക്കു സംഘടിക്കാനും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനും, സമരത്തിലൂടെ നേടിയെടുക്കാനും കഴിയുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. അങ്ങനെ തൊഴിലാളികൾക്ക് സമരംചെയ്യാനും അതിന് ആധാരമായിട്ടുള്ള സംഘടന ഉറപ്പിക്കുന്നതിനും വേണ്ടി ട്രേഡ്യൂണിയൻ അംഗീകാരനിയമം കൊണ്ടുവരണമെന്ന് നിരവധി ട്രേഡ്യൂണിയനുകൾ ആവശ്യപ്പെടുകയുണ്ടായി. എന്താണ് ഈ ട്രേഡുയൂണിയൻ അംഗീകാരനിയമം, അതിൻെറ ആവശ്യം എന്താണ്? തൊഴിലാളികളുടെ അവശതകളെപ്പറ്റി വാതോരാതെ വളരെ അധികം പ്രസംഗിക്കുന്ന ആളുകൾ ഇത് അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. തൊഴിലാളികളുടെ അവകാശങ്ങളെപ്പറ്റി തീരുമാനിക്കുമ്പോൾ അവർക്കും അതിനുള്ള അവകാശമുണ്ടായിരിക്കണം. പക്ഷെ ഈ 32 മാസക്കാലമായിട്ട് ട്രേഡ്യൂണിയൻ അംഗീകാരം നൽകുന്നതിനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് ആ ഗവൺമെൻറിനു കഴിഞ്ഞില്ല. സർ, കമ്മ്യൂണിസ്റ്റും മാർക്സിസ്റ്റു കമ്മ്യൂണസ്റ്റും ഒന്നുമല്ലാത്ത മദ്ധ്യപ്രദേശിലെയാണെന്നു തോന്നുന്നു ശ്രീമാൻ രാജമാതായുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരുകയുണ്ടായി. എന്നിട്ട് ഇവിടെ എന്തുകൊണ്ടാണ് അതു കൊണ്ടുവരാൻ കഴിയാത്തത്? അതു അബദ്ധം പറ്റിപ്പോയതുകൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. സർ അതു മനപ്പൂർവമായിരുന്നു എന്നുള്ളതിന് യാതൊരു തർക്കവുമില്ല. കാരണം സാമൂഹ്യപരിഷ്ക്കാരത്തിനും സോഷ്യലിസം കൈവരുത്തുന്നതിനും ഒക്കെ തൊഴിലാളിവർഗ്ഗത്തിനെ ആകെ യോജിപ്പിച്ചുകൊണ്ട് അവരെ ചൂഷണം ചെയ്യുന്ന വർഗ്ഗത്തിനെതിരായ സമരത്തിലൂടെ മുന്നോട്ടുപോവുകയെന്നുള്ള പാതവിട്ട് ഒരുപിടി ആളുകളെക്കൊണ്ട് ആയുധമേന്തിസമരംനടത്തി അധികാരംപിടിച്ചെടുത്തു സോഷ്യലിസം നടപ്പിലാക്കാമെന്ന ചിന്താഗതിയുടെ ഒരു ഭാഗമായിരുന്നു ട്രേഡുയൂണിയൻ അംഗീകാരനിയമം കൊണ്ടുവരാതിരിക്കുന്നതിന് അവരെ പ്രേരിപ്പിച്ച സംഗതി. സർ, പ്രധാനമായി ഇവിടെ നടന്നത് എന്താണ്, ട്രേഡുയൂണിയനുകളെ ഭിന്നിപ്പിക്കുകയെന്നുള്ളതായിരുന്നു. നിലവിലുള്ള യൂണിയനുകൾക്കെതിരായി റൈവൽയൂണിയനുകൾ പലസ്ഥലത്തും ഉണ്ടാക്കുകയും ആ യൂണിയനുകൾക്ക് അംഗീകാരംകൊടുക്കുകയും ഭൂരിപക്ഷതൊഴിലാളികളുടെ സംഘടിതശക്തിയെ വെല്ലുവിളിച്ച് എതിർക്കുകയും ചെയ്തു. എന്നിട്ട് ഒരുപിടി ആളുകളെ മാത്രം അണിനിരത്തിക്കൊണ്ട് മുതലാളിമാർക്കെതിരായി ഹെരാവോയ്ക്കു പ്രോൽസാഹനം നൽകി. ഞങ്ങൾ അതിനെ ന്യായീകരിക്കുന്നില്ല. എന്തുകൊണ്ട്? ഒരുപിടി ആളുകൾ മുതലാളിമാരെ തടഞ്ഞുവച്ചതുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാകുകയില്ലെന്നു മാത്രമല്ല ട്രേഡുയൂണിയനുകളുടെ ചിത്രംതന്നെ അതു വികൃതമാക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്യും. തൊഴിലാളികളുടെ സംഘടിതമായ സമരത്തിന് അത് ഒരു തടസ്സമായിരുന്നു. അങ്ങനെ വൈവൽ സംഘടനകളും രൂപീകരിച്ചു കൊണ്ട് ഈ രാജ്യത്തെ തൊഴിലാളികളുടെ സംഘടിതശക്തിയെ തകർക്കുന്നതിനുള്ള ശ്രമമാണു സർ കഴിഞ്ഞ 32 മാസം നടത്തിയത്. ഇന്ന് ഇവിടെ ട്രാൻസ്പോർട്ടിലെ 600 തൊഴിലാളികളെ പിരിച്ചു വിട്ടതിനെപ്പറ്റി പറയുകയുണ്ടായി. ആലപ്പുഴ ഗംഗാധരൻ കമ്പനിയിലെ പിരിച്ചു വിടലിന് എതിരായിട്ട് അച്യുതമേനോന്റെ ഗുരുനാഥനായ സുഗതൻസാറ് സത്യാഗ്രഹം അനുഷ്ഠിച്ചതിനെപ്പറ്റിയും പറയുകയുണ്ടായി. ഇന്നെങ്കിലും സുഗതൻസാറിനെപ്പറ്റി ഓർക്കാൻ തയ്യാറായതിൽ ഞാൻ അവരോട് കൃതാർത്ഥനാണ്. സുഗതൻ സാറിന്റെ ചരമത്തോടനുബന്ധിച്ചു നടന്ന കർമ്മങ്ങളിലോ അതിനോട് അനുബന്ധിച്ചുനടന്ന യോഗത്തിലോ പങ്കെടുക്കാൻ തയ്യാറാകാത്ത മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ആളുകളും ഈ നിയമസഭയിൽവച്ച് അദ്ദേഹത്തെ അച്യുതമേനോന്റെ ഗുരുനാഥനായെങ്കിലും അംഗീകരിക്കുന്നതിനു തയ്യാറായതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. സർ, ഞാൻ ചോദിക്കട്ടെ, സുഗതൻസാർ സത്യാഗ്രഹമനുഷ്ഠിച്ചിരുന്ന അവസരത്തിൽ അദ്ദേഹം മാത്രമായിരുന്നോ സത്യാഗ്രഹമനുഷ്ഠിച്ചത്? ആലപ്പുഴയിലെ പതിനായിരക്കണക്കിനാളുകളുടെ പ്രതിനിധിയായിട്ടാണ് സത്യാഗ്രഹം നടത്തിയത്. ഞങ്ങൾ വിശ്വസിക്കുന്നത് തൊഴിലാളികളുടെ സംഘടിതശക്തിയിലാണ്: സംഘടിക്കാനും സംഘടിതമായിനിന്നു വിലപേശാനുമുള്ള അവരുടെ അവകാശത്തിനെതിരായി നിൽക്കരുതെന്നാണ് ഞങ്ങൾ പറയുന്നത്. അത് ഈ ഗവൺമെന്റു ചെയ്യുമെന്നുള്ളതിനു യാതൊരു തർക്കവുമില്ല. സർ, ഇവിടെ നടന്ന ട്രാൻസ്പോർട്ട് സമരം തൊഴിലാളികളുടെ സമരമായിരുന്നില്ല. അങ്ങനെവരുമ്പോൾ അത് സ്വാഭാവികമായി ചോദ്യംചെയ്യേണ്ടതായിവരും. എന്താണ് കാര്യം? തൊഴിലാളികളുടെ സംഘടിതശക്തിയെ മുൻനിറുത്തിക്കൊണ്ടു സമരംചെയ്യാതെ ഒറ്റപ്പെട്ടു സമരം ചെയ്യുന്ന അവസരത്തിലാണ്, തൊഴിലാളിക്ക് ആവശ്യമില്ലാത്ത അവസരത്തിലാണ് ഈ നിലവിളി ഉണ്ടാകുക. തൊഴിലാളികളുടെ സംഘടിതശക്തിയെ ശക്തിപ്പെടുത്തുകയും മുതലാളിയുടെ ഭാഗമായി നിൽക്കാതിരിക്കുകയും ചെയ്യുക എന്നുള്ളതാണ് തൊഴിലാളിയുടെ മുതൽക്കൂട്ട്. ഞാൻ ആ ഭാഗത്തേക്കു കൂടുതലായി കടക്കുന്നില്ല. സർ, ഈ രാജ്യത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ നാം ആരായേണ്ടിയിരിക്കുന്നു. പരമ്പരാഗതവ്യവസായങ്ങളായ കയർവ്യവസായവും കശുവണ്ടിവ്യവസായവും പുനരുദ്ധരിക്കണമെന്നുള്ള കാര്യത്തിൽ തർക്കമൊന്നുമില്ല. അതുപോലെതന്നെ കൈത്തറിവ്യവസായം. നാം കഴിഞ്ഞ കാലങ്ങളിലൊക്കെ പറയാറുള്ള കാര്യമാണ് കയർവ്യവസായത്തിലും കൈത്തറിവ്യവസായത്തിലും തൊഴിലില്ലായ്മയും കഷ്ടപ്പാടുകളുമൊക്കെ വർദ്ധിച്ചു വരുന്നു എന്ന്. ആ വ്യവസായങ്ങൾ പുനരുദ്ധരിക്കുമ്പോൾ അതിൽ എന്തുമാത്രം പുരോഗതിയുണ്ടാകുമെന്നുള്ളത് നമുക്കു കാണാൻകഴിയും. ഈ വ്യവസായസ്ഥാപനത്തിൽ ജോലിചെയ്യുന്ന ആളുകളെ മറ്റു വ്യവസായസ്ഥാപനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കണം. ഇവിടെ വ്യവസായീകരണത്തെപ്പറ്റി വളരെയൊക്കെ പറയാറുണ്ട്. നമുക്ക് വ്യവസായീകരണം വേണം. വ്യവസായീകരണത്തിനു തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് നാം ആദ്യമായി ആലോചിക്കണം. വലിയ വ്യവസായങ്ങൾമാത്രം കണ്ണിൽ കണ്ടുകൊണ്ടു പറഞ്ഞാൽപോര. ഈ രാജ്യത്ത് എത്രയോ ചെറിയ വ്യവസായങ്ങൾ ഉണ്ടാക്കാനുള്ള സാധ്യതയുണ്ട്. അതുണ്ടാകാത്തതിന്റെ തടസ്സമെന്താണെന്നുള്ളതാലോചിക്കുമ്പോൾ ഈ രാജ്യത്ത് വ്യവസായങ്ങളുണ്ടാകാനുള്ള സാധ്യതയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ള മാർഗ്ഗങ്ങളും ഇല്ലെന്നുള്ളതു കാണാൻകഴിയും. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ചെറിയ ചെറിയ പുതിയ വ്യവസായങ്ങൾ കണ്ടുപിടിക്കുന്നതിനും വേണ്ടി ഒരു ഇൻഡസ്ട്രിയൽ റിസർച്ചു സെൻറർ ഉണ്ടാക്കണമെന്ന് നമുക്ക് ആഗ്രഹമുണ്ട്. സർ, ലേബർ ഡിപ്പാർട്ടുമെൻറിനെപ്പറ്റിയും പലതും പറയാനുണ്ട്. പക്ഷേ ഒരൊറ്റക്കാര്യംകൂടി. വർക്ക്മെൻസ് കോമ്പൻസേഷൻറെ കാര്യത്തിൽ നൂറുകണക്കിനുകേസുകൾ പെൻറിംഗ് ആയി കിടക്കുകയാണ്. അതുപോലെതന്നെ നമ്മുടെ ലേബർ ഡിപ്പാർട്ടുമെൻറ് പുന:സംഘടിപ്പിക്കണം. ഇക്കാര്യങ്ങൾ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും ഈ ഡിമാൻറിനെ അനുകൂലിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കുഞ്ഞൻ: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണ്. ചുരുങ്ങിയ സമയംകൊണ്ട് പ്രധാനമായ ഒന്നുരണ്ടു കാര്യങ്ങൾ ഗവൺമെൻറിൻറെ മുമ്പാകെ വയ്ക്കാനാണ് ഞാനാഗ്രഹിക്കുന്നത്. ഇറിഗേഷൻ പദ്ധതിയെസംബന്ധിച്ച് ഇവിടെ വളരെയധികം പ്രസംഗിക്കുന്നതുകേട്ടു. ഇറിഗേഷൻപദ്ധതിക്ക് ഗവൺമെൻറ് വളരെയധികം മുൻഗണന കൊടുത്തിട്ടുണ്ടെന്നു പറയുകയുണ്ടായി. സർ, എനിക്കുമുൻപു സംസാരിച്ച സ്നേഹിതൻ പറഞ്ഞതുപോലെ നമ്മെ എക്കാലവും ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നത് ഇവിടത്തെ ഭക്ഷ്യക്ഷാമമാണ്. ഈ ഭക്ഷ്യക്ഷാമം നികത്തുന്നതിനുവേണ്ടി ശാസ്ത്രീയമായ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു പറയുന്നതൊഴികെ അതു നടപ്പാക്കുന്നതിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് പരാജയപ്പെട്ടു എന്നാണെനിക്കു പറയാനുള്ളത്. സർ, എത്രനല്ല വിത്തുകൾകൊടുത്താലും ഏതുതരത്തിലുള്ള വളങ്ങൾ കൊടുത്താലും കൃഷിയിറക്കണമെങ്കിൽ വെള്ളം കൂടിയേകഴിയൂ. ജലസേചനപദ്ധതികൾ 1951 മുതൽ, പ്രത്യേകിച്ചും കേരളം ഉടലെടുത്തതിനുശേഷം ആസൂത്രണം ചെയ്തിട്ടുള്ള എത്രയോ വൻകിടപദ്ധതികൾ ഇന്നും പൂർത്തീകരിക്കാതെ കിടക്കുകയാണ്. ഇങ്ങനെയുള്ള പദ്ധതികൾക്കുവേണ്ടി തുകകൾ നീക്കിവയ്ക്കുന്നുണ്ടെങ്കിലും അതിൻറെ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ലെന്നുള്ളതാണ് സത്യം. ഇങ്ങനെ വൻകിടപദ്ധതികൾ ആസൂത്രണം ചെയ്യുകയും അതിൻറെ പേരും പറഞ്ഞുകൊണ്ട് ചെറുകിടപദ്ധതികൾ നടപ്പിലാക്കാതിരിക്കുകയും ചെയ്യുകയാണ്. ഉദാഹരണം കാഞ്ഞിരപ്പുഴ പദ്ധതി. പാലക്കാടുജില്ല കേരളത്തിൻറെ നെല്ലറയാണ്. പാലക്കാടുജില്ലയിലെ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ് കാഞ്ഞിരപ്പുഴപദ്ധതി. ഈ പദ്ധതിക്ക് 51 മൃഗലേ സംഖ്യ നീക്കിവയ്ക്കുകയാണ്.. ഈ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി അവിടെ ഉദ്യോഗസ്ഥൻമാർക്ക് താമസസൗകര്യവും മറ്റും ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. എത്രകാലംകൊണ്ട് അതിൻറെ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്നു പറയാൻകഴിയുകയില്ല. ഉദ്യോഗസ്ഥൻമാർക്കു കൊടുക്കുന്ന ശമ്പളമെല്ലാംകൂടി നോക്കിയാൽത്തന്നെ ഈ പദ്ധതിയുടെ ആകെത്തുകയിൽക്കവിഞ്ഞ് കാണുമെന്നുതോന്നുന്നു. ചെറുകിടപദ്ധതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഏറ്റവും എളുപ്പത്തിൽ പൂർത്തീകരിക്കാനും കൃഷിക്കാർക്കു വെള്ളംകൊടുക്കാനും സാധിക്കുന്ന മേജർ ഇറിഗേഷൻ പദ്ധതികളും മൈനർ ഇറിഗേഷൻപദ്ധതികളുംമെല്ലാം ലിഫ്റ്റ് ഇറിഗേഷൻപദ്ധതിയുടെ കാര്യംപറഞ്ഞ് അവയുടെ പണി നിറുത്തിവച്ചിരിക്കുകയാണ്. തൃശൂർജില്ലയിലെ നെല്ലറയാണ് തലപ്പള്ളി താലൂക്ക്. വളരെക്കാലമായി അവിടത്തെ കൃഷിക്ക് ഉണക്കു ബാധിച്ചിരിക്കുകയാണ്. അതിനെസംബന്ധിച്ച് വളരെയധികം ചർച്ചകൾ നടന്നിട്ടുള്ളതാണ്. കഴിഞ്ഞ ഗവൺമെൻറ് വന്നകാലത്ത് ഇക്കാര്യങ്ങളെപ്പറ്റി ചർച്ചനടത്തുകയും ഇരുപത്തി

LIBRARY ARCHIVES Kerala Legislative Assembly

മൂന്നു ചെറുകിടപദ്ധതികളും നടപ്പിലാക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. എമർജൻസി ഫണ്ട് ഉപയോഗിച്ചെങ്കിലും അതു നടപ്പാക്കണമെന്നു തീരുമാനിച്ചു. 1968–69–70 കാലങ്ങളിൽ 9 പദ്ധതികളും നടപ്പാക്കി. അതിൽ പ്രധാനപ്പെട്ടത് അസിരാംകുണ്ടുപദ്ധതി, നരിക്കുണ്ടുപദ്ധതി തുടങ്ങിയവയാണ്. പദ്ധതികളും നടപ്പാക്കുന്നകാര്യത്തിൽ ഈ ഗവൺമെൻറ് വളരെയധികം അശ്രദ്ധ കാണിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പൊന്നാനിത്താലൂക്കിലുള്ള ഈശ്വരമംഗലം, ഇരിക്കാംപാടം, മതിലശ്ശേരി മുതലായ പദ്ധതികളുടെ എസ്റ്റിമേറ്റ് 1954 മുതൽ പുതുക്കിക്കൊണ്ടിരിക്കുകയാണ്. ഇന്നാണെങ്കിൽ ഭൂമിയുടെ വിലകൂടിയിട്ടുണ്ട്, അതുപോലെ മറ്റു പല സാധനങ്ങളുടെയും വില കൂടിയിട്ടുണ്ട്. ഓരോ കൊല്ലവും റിവൈസ്ഡ് എസ്റ്റിമേറ്റ് കൊണ്ടുവരുന്നതിന്റെ ഫലമായി സംഖ്യകൂടുന്നതല്ലാതെ പ്രവർത്തനമൊന്നും നടക്കുന്നില്ല. അതുകൊണ്ട് ഇത്തരം പദ്ധതികളും ഉടനടി നടപ്പാക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കണം. അങ്ങനെ ചെറുകിടപദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തിയാൽമാത്രമേ ഭക്ഷ്യക്ഷാമം കുറയുകയുള്ളു. അതുകൊണ്ട് അക്കാര്യത്തിൽ ഗവൺമെൻറ് സത്വരശ്രദ്ധ പതിപ്പിക്കണം. അതുപോലെതന്നെ പൊന്നാനിത്താലൂക്കിലുള്ള പല പദ്ധതികളും 1956–57 മുതൽ പ്രവർത്തനം ആരംഭിച്ചിട്ട് ഇപ്പോഴും സ്തംഭനാവസ്ഥയിൽ കിടക്കുകയാണ്. അത്തരം പദ്ധതികളും ഈ വർഷത്തിൽത്തന്നെ നടപ്പാക്കണം.

അടുത്തതായി എനിക്കു പറയാനുള്ളത് മെഡിക്കൽ വകുപ്പിനെപ്പറ്റിയാണ്. കൂടുതലായി പറയണമെന്നാഗ്രഹിക്കുന്നില്ലെങ്കിലും ഒന്നു രണ്ടു കാര്യങ്ങളും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ ഏറ്റവും മലംപ്രദേശമായ തലപ്പള്ളി താലൂക്കിൽ വളരെ ശോചനീയമായ അവസ്ഥയാണുള്ളത്. അവിടെയുള്ള രണ്ടു മുന്നാശുപത്രികളും വികസിപ്പിക്കണമെന്നു പറഞ്ഞുകൊണ്ട് പത്തുകൊല്ലംമുൻപുമുതൽ ആവശ്യപ്പെടുകയാണ്. 12 ബെഡ്ഡുള്ള ഒരു ഹോസ്പിറ്റൽ കെട്ടിക്കൊടുക്കാമെന്ന് പണയന്നൂർ നിവാസികളും സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടുപോലും അതിന് അനുവാദംകൊടുത്തിട്ടില്ല.

അടുത്തതായി എനിക്കു പറയാനുള്ളത് ഹരിജൻഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണ്. ഇതെപ്പറ്റി പറയുമ്പോൾ ഇന്നലെ മി. രാഘവൻ ഇവിടെ ചെയ്ത ഗംഭീരമായ പ്രസംഗമാണ് എനിക്കോർമ്മവരുന്നത്. അദ്ദേഹം പറഞ്ഞു ഇ. എം. എസിന് ഹരിജനങ്ങളുടെ കാര്യം പറയാൻപോലും അർഹതയില്ലെന്ന്. ഐക്യമുന്നണിഭരണത്തിന്റെ 32 മാസക്കാലത്തിനിടയിൽ അന്നത്തെമന്ത്രിമാർ പ്രത്യേകിച്ച് ഇ. എം. എസിനെയും ഗൗരിയെയുമാണ് പറഞ്ഞത്. അതിന്റെ വിശദീകരണത്തിലേക്കു കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. എനിക്ക് അദ്ദേഹത്തോട് ഒന്നേചോദിക്കാനുള്ളൂ. 32 മാസക്കാലം ഇ. എം. എസ് ഭരിച്ചിരുന്ന കാലത്ത് കേരളത്തിലെ ഹരിജനങ്ങളെ അവഗണിച്ചിരുന്നു. അതില്ലാതാക്കാൻവേണ്ടി ഇന്ന് ആരുടെകൂടെയാണ് കൂടിയിരിക്കുന്നത്? 1954 മുതൽ ഇൻഡ്യയിൽ അയിത്തോച്ചാടനത്തിനു വേണ്ടി കോടിക്കണക്കിനുരൂപ ചെലവഴിച്ചിട്ടും അതെല്ലാം ഒരുപിടി കോൺഗ്രസ്സുകാരുടെ പോക്കറ്റിൽ ഇട്ടിരിക്കുകയാണെന്ന് പെരുമാറ്റക്കമ്മിറ്റി റിപ്പോർട്ടിൽ വെട്ടിത്തുറന്നു പറഞ്ഞിട്ടുണ്ട്. ആ കോൺഗ്രസ്സിനെ കൂട്ടുപിടിച്ചുകൊണ്ടാണ് ഇന്ന് വലതു കമ്മ്യൂണിസ്റ്റുകാർ ഭരണംനടത്തുന്നത്. ഇൻഡ്യയിൽ ഹരിജനങ്ങൾക്ക് പൊതുവേ റിസർവേഷൻ ഉണ്ടെങ്കിലും അതുകൊടുക്കാൻസാധിച്ചിട്ടില്ല. ഇൻഡ്യയിലുള്ള ഹരിജനങ്ങളും പൊതുവേ കർഷകത്തൊഴിലാളികളാണ്. കർഷകത്തൊഴിലാളികളും സമരത്തിനുപ്രേരുമ്പോൾ വലതു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നയം എന്താണ്? ആയിരക്കണക്കി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള ഹരിജനങ്ങൾക്ക് കൂലികൂടുതൽ കിട്ടിയാൽമാത്രമേ അവരുടെ കുട്ടികളെ വിദ്യാഭ്യാസത്തിനയയ്ക്കാൻ സാധിക്കുകയുള്ളൂ. ഇന്നു കിട്ടുന്ന കൂലികൊണ്ട് അവർക്ക് ജീവിക്കാൻപോലും തികയുന്നില്ല. ഇതു മാറാൻ, സാമ്പത്തികപരമായി അവരുടെ ജീവിതത്തിൽ മാറ്റംവരുത്താൻ എന്താണ് ഇവരുടെ പരിപാടി? യാതൊരു പരിപാടിയുമില്ല. ഫാക്ടറി തൊഴിലാളികൾ കൂലി കൂടുതൽ ചോദിച്ചാൽ മുതലാളിമാർ മർദ്ദിക്കുകയാണുചെയ്യുന്നത്. ഈ അടികൊള്ളുന്നവരിൽ ഒരുവിഭാഗം ഈഴവനും ഒരു വിഭാഗം ഹരിജനങ്ങളുമൊക്കെയാണ്. സംഘടിതമായി അവകാശങ്ങൾക്കുവേണ്ടി പോരാടുന്ന ജനങ്ങളെ ജാതിയുടെയും മതത്തിന്റെയും പേരിൽ ഭിന്നിപ്പിച്ച് പരസ്പരം അടിപ്പിക്കുന്ന സമ്പ്രദായമാണ് ഇപ്പോഴുള്ളത്. ഹരിജനങ്ങൾ എന്നുപറഞ്ഞാൽ തിരുവനന്തപുരത്ത് ഡിഗ്രിയുംസമ്പാദിച്ചു നടക്കുന്ന ആളുകളാണോ? അവർക്കു പ്രമോഷൻ കൊടുത്താൽ ഹരിജനോദ്ധാരണമായി എന്നാണ് ചിലർ വിശ്വസിക്കുന്നത്. ഈ നാട്ടിൽ ഭൂമിക്കുവേണ്ടി ദാഹിക്കുന്ന എത്രയോ ഹരിജനങ്ങളുണ്ട്. അവർക്ക് ഭൂമികൊടുക്കാൻ എന്തു നടപടിയാണ് ഈ ഗവൺമെൻറെടുത്തിട്ടുള്ളത്? അതിന്റെ പേരിൽ ഇവിടെ വേലികെട്ടുസമരവും തേങ്ങയിടീൽസമരവുമൊക്കെ നടന്നു. അവരെയൊക്കെ ഇപ്പോൾ പുച്ഛിച്ചു തള്ളുകയാണ്.

ഇന്ന് ഹരിജനങ്ങൾക്ക് മരിച്ചാൽ മറവുചെയ്യാൻ സ്ഥലമില്ലാത്ത പത്തു സെൻറു ഭൂമിക്ക് അധികാരമില്ലാത്ത എത്രയോ ഹരിജനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. അവർക്ക് ഭൂമികൊടുക്കുന്ന കാര്യത്തിൽ കടുത്ത അവഗണനയാണ് കാണിക്കുന്നത്. ഹരിജനോദ്ധാരണത്തിനുവേണ്ടി ഒരു ഡിപ്പാർട്ടുമെൻറുണ്ട്. അത് ഹരിജനങ്ങളെ ദ്രോഹിക്കുന്ന ഡിപ്പാർട്ടുമെൻറാണ്. ആ ഡിപ്പാർട്ടുമെൻറ് പിരിച്ചുവിടണമെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ആ ഡിപ്പാർട്ടുമെൻറിൽ ഇന്ന് ലംസംഗ്രാൻഡ് കൊടുക്കുന്ന ജോലിയും പ്രമോഷനും അല്ലാതെ ഈ നാട്ടിലെ പാവപ്പെട്ട ഹരിജൻക്കുട്ടികൾക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ളതെല്ലാം നിഷ്ക്രിയമായി കിടക്കുകയാണ്. താലൂക്കു മുഴുവനും പരിശോധിക്കുന്നതിന് താലൂക്ക് ഇൻസ്പെക്ടർ ഉണ്ട്. പത്തിരുപത് സ്ഥാപനങ്ങൾ പരിശോധിക്കുവാനുള്ള താലൂക്ക് ഇൻസ്പെക്ടർക്ക് ഒരു ക്ലാർക്കിനെപോലും കൊടുത്തിട്ടില്ല. അതു പറയുമ്പോൾ ഡയറക്ടറേറ്റിൽ 100 ഉദ്യോഗസ്ഥൻമാർ ശമ്പളവും വാങ്ങി യാതൊരു ജോലിയുമില്ലാതെ ഇരിക്കുകയാണ്. എന്തിനാണ് ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെ സൃഷ്ടിക്കുന്നത്? ഡെപ്യൂട്ടി ഡയറക്ടറുണ്ട്, ജോയിൻറ് ഡയറക്ടറുണ്ട്, ഫൈനാൻഷ്യൽ അസിസ്സ്റ്റൻറ് ഉണ്ടു; ഇങ്ങനെ നൂറുകണക്കിന് ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ ഉണ്ട്. അവർക്കു ലംസംഗ്രാൻറ് കൊടുക്കുന്ന ജോലി മാത്രം. ഈ നാട്ടിലെ ഹരിജനങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ സാധിക്കാതെ ഹരിജനോദ്ധാരണമെന്നു പറഞ്ഞുകൊണ്ട് നക്കാപിച്ചാ ചൂണ്ടികാണിച്ചുകൊണ്ട് ഹരിജനോദ്ധാരണം നടത്തുകയാണ്. നിയമസഭയുടെ കാര്യം പറഞ്ഞുകൊണ്ട് ശ്രീ. കരുണാകരൻ പറയുകയുണ്ടായി, നാലാംപദ്ധതിയുടെ വിഹിതം ചോദിച്ചുവാങ്ങേണ്ട മന്ത്രിമാർ അവിടെ ഇരിക്കുകയാണ്. എനിക്ക് ഒന്നുമാത്രമെ പറയുവാനുള്ളൂ. മൂന്നാം പദ്ധതിക്കാലത്ത് ശ്രീ. ആർ. ശങ്കറിൻറെ നേതൃത്വത്തിലുള്ള ഗവർമ്മെണ്ട് 71 കോടി രൂപ അനുവദിച്ചിട്ട് 26 കോടി രൂപ മാത്രമെ ചിലവഴിച്ചിട്ടുള്ളൂ. ബാക്കി നഷ്ടപ്പെടുകയും ചെയ്തു. കിട്ടിയ പണം ചെലവഴിക്കാൻ നിവൃത്തിയില്ലാതെ വന്നു നേതാവ് പറയുകയാണ് നാലാം പദ്ധതിക്കുവേണ്ടി വാദിക്കേണ്ട മന്ത്രിമാർ ഇവിടെ ഇരിക്കുകയാണെന്ന്. മാർക്സിസ്റ്റു പാർട്ടിയുടെ കുത്സിത പ്രവർത്തനം കൊണ്ട് അവർക്ക് കേന്ദ്രത്തിൽ പോയി വാദിക്കാൻ സാധിക്കുന്നില്ല എന്നാണ് പറയുന്നത്. കിട്ടിയ പണം ചെലവഴിക്കാൻ സാധിക്കാതെ ഇപ്പോൾ ചോദിച്ചുവാങ്ങാൻ ധൈര്യമി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതെ കേന്ദ്രമന്ത്രിമാരുടെ അടുത്തുപോയി ദാസിവേല ചെയ്തിട്ടും ഇപ്പോഴും മാർക്സിസ്റ്റുകാരെ കുറ്റം പറയുകയാണ്. ഈ കാര്യങ്ങളിൽ നിങ്ങളും അങ്ങേയറ്റം പരാജയപ്പെട്ടിരിക്കുന്നു എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: സർ, എല്ലാ ഡിമാൻറുകളും ഒന്നിച്ച് അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് തൊട്ടുതൊട്ടില്ല എന്നുള്ള രീതിയിൽ പറഞ്ഞ കാര്യങ്ങളും ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. ആദ്യമായി ഇൻഡസ്ട്രീസിന്റെ കാര്യം ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഇവിടെ കുറെക്കാലമായിട്ട് പുലിവരുന്നേ എന്നു പറയുന്നതുപോലെ റഷ്യൻ കൊളാബറേഷനോടുകൂടി ഒരു ഫൈറോകെമിക്കൽ ഇവിടെ തുടങ്ങുന്നുവെന്നും സൂക്ഷ്മോപകരണശാല പാലക്കാട്ട് തുടങ്ങുന്നുവെന്നുമൊക്കെ പറയുന്നു. ഇന്ന് മോസ്കോ ആണല്ലൊ ഇൻഡ്യ ഭരിക്കുന്നത്. അതുകൊണ്ട് ഇന്ന് കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്ന ആളുകളും അവരുടെ പാർലമെൻറംഗങ്ങളെക്കൊണ്ട് ശക്തിയായി വാദിച്ച് റഷ്യൻ കൊളാബറേഷനു ആവശ്യപ്പെടണം. ഞങ്ങളും പിന്താങ്ങുകയില്ലെന്ന് ഭയപ്പെടുത്തി സംഗതി വരുത്തുവാൻ ശ്രമിക്കണം.

ശ്രീ. എം. രാമുണ്ണി: കേരളം ഭരിക്കുന്നത് ആരാണ്?

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: അതുപോലെതന്നെ കോഴിക്കോട് പ്രദേശത്ത് ഇരുമ്പയിര് ധാരാളമുണ്ടെന്നും അതിലേക്ക് പ്രവർത്തനം ആവശ്യമാണെന്നും മുമ്പ് ടി. വി. എന്തോ അന്വേഷിച്ചിട്ടുണ്ടെന്നുമൊക്കെയാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സർ, ഇപ്പോഴും നമ്മുടെ അയൽ സംസ്ഥാനമായ മദ്രാസിലെ ഡി. എം. കെ. യിൽപ്പെട്ട എം. പി. മാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി കാര്യങ്ങളും സാധിക്കുന്നതുപോലെ നമ്മുടെ എം. പി. മാരും സമ്മർദ്ദം ചെലുത്തി കോഴിക്കോട്ടെ ഇരുമ്പയിര് ഖനനം ചെയ്യുന്നതിനും സ്റ്റീൽ പ്ലാൻറ് സ്ഥാപിക്കുന്നതിനുമുള്ള നടപടികളും ത്വരിതപ്പെടുത്തിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർ, എല്ലാ ഡിമാൻറുകളും ഉള്ളതുകൊണ്ട് മറ്റാരും സ്പർശിക്കാത്തകാര്യം, നിയമകാര്യങ്ങളും കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഇന്നത്തെ മുഖ്യമന്ത്രി 12 കൊല്ലങ്ങൾക്കുമുമ്പ് മന്ത്രിയായിരുന്ന അവസരത്തിൽ ക്രിമിനൽ ജുഡീഷ്യറിയെയും സിവിൽ ജുഡീഷ്യറിയെയും വേർതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. കഴിഞ്ഞ അസംബ്ലിയിൽ എഴുതി കൊടുത്ത ചോദ്യത്തിന് മറുപടിയായി ഈ സംസ്ഥാനത്തിലെ ക്രിമിനൽ ജുഡീഷ്യറിയും സിവിൽ ജുഡീഷ്യറിയും വേർതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നകാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന് മറുപടി തന്നു. നിയമവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ക്രിമിനൽ ജുഡീഷ്യറിയും സിവിൽ ജുഡീഷ്യറിയും വേർതിരിച്ച് രണ്ടും വളരെ നല്ലരീതിയിൽ കൈകാര്യം ചെയ്യാനുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും അവരുടെ പ്രമോഷനുള്ള സാധ്യതകളും വർദ്ധിപ്പിക്കുകയും ചെയ്യണം. അതു നമ്മുടെ സംസ്ഥാനത്ത് ആദ്യമായിട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ പബ്ലിക് പ്രാസിക്യൂട്ടർ സിവിൽകേസുകളും ക്രിമിനൽകേസുകളും വാദിക്കാൻ പോകുന്നു. രണ്ടും ഒരാളായിരിക്കുവാൻ പാടില്ലെന്ന് നിർദ്ദേശിക്കുകയാണ്.

ബഹുമാനപ്പെട്ട ആരോഗ്യ-ഗതാഗതമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്തുകയാണ്. അദ്ദേഹം കുറച്ചു മുമ്പ് പറഞ്ഞു തിരുവനന്തപുരത്തെ

LIBRARY ARCHIVES Kerala Legislative Assembly

അവഗണിക്കുന്നുവെന്ന് ഞാൻ പറയുന്നത് ശരിയല്ലെന്ന്. എനിക്ക് സ്വൽപ്പം സങ്കടമുള്ളത്; നെയ്യാറിൻകരയെ അവഗണിക്കുന്നു എന്നുള്ളതാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: എനിക്ക് അതുമാത്രമല്ല പറയാനുള്ളത്.....

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: ശ്രീ. ബാലകൃഷ്ണന്റെ സ്ഥലത്തെ അപേക്ഷിച്ച് ഒരു പ്രത്യേകത നെയ്യാറിൻകരയ്ക്ക് ഉണ്ട്. നെയ്യാറിൻകരയാണെങ്കിൽ സൈക്കിളും കാളവണ്ടിയും പിന്നെ ബസ്സിനെയും ആശ്രയിക്കുവാനെ പറ്റുകയുള്ളൂ. അതുകൊണ്ട് നെയ്യാറിൻകര ഒരു ട്രാൻസ്പോർട്ട് ഡിസ്ട്രിക്ടായി ഉയർത്തണം. അത് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി അടുത്തസാമ്പത്തികവർഷമെങ്കിലും ചെയ്യുമെന്ന് ആണ് എനിക്കു തോന്നുന്നത്.

ആരോഗ്യത്തെപ്പറ്റി പറയുവാനുള്ളത്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ വികസിപ്പിക്കുന്നതാണെന്ന് മുമ്പൊരു ദിവസം ചോദ്യോത്തരവേളയിൽ അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്തിനു തെക്കുള്ള ഭാഗത്തെയും മറക്കാതെ ഇരിക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. പക്ഷെ ഒന്നും നടന്നിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ പെരുങ്കടവിള എന്ന ഒരു സ്ഥലമുണ്ട്. അവിടത്തെ ആശുപത്രിയിൽ ഡാക്ടറില്ല. ഹെൽത്ത് സർവ്വീസ് ഡയറക്ടറാഫീസിലെ ഉദ്യോഗസ്ഥനെ ഫോണിൽ വിളിച്ച് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, ഒരു ഡാക്ടറെ അന്വേഷിച്ച് തന്നാൽ അവിടെ നിയമിക്കാമെന്ന്. എന്റെ ജോലി ഡാക്ടറെ അന്വേഷിക്കലല്ല, ഡാക്ടർ ഇല്ലെങ്കിൽ ശ്രദ്ധയിൽപ്പെടുത്തുക മാത്രമാണെന്ന് പറഞ്ഞു. അദ്ദേഹം പറഞ്ഞത്, ഞാൻ ശ്രമിച്ചിട്ട് കിട്ടുന്നില്ല, നിങ്ങളുടെ മന്ത്രിയോട് ചെന്ന് പറയണമെന്നായിരുന്നു. അവിടെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥൻ വയസ് തിരുത്തിയിരിക്കുന്നു എന്നുള്ള പരാതി നിയമസഭയിൽ ഉന്നയിച്ചതാണ്. ന്യായമായി അർഹതയുള്ളവർക്ക് എന്തുകൊണ്ട് പ്രമോഷൻ കൊടുത്തുകൂടാ. സർ, അതിൽ ഭയപ്പെട്ടിട്ട് കാര്യമൊന്നുമില്ല. എങ്ങനെയെല്ലാം രാഷ്ട്രീയ സമ്മർദ്ദം ഉണ്ടായാലും കുറ്റം ചെയ്തിട്ടുള്ളവരെ വെളിച്ചത്തു കൊണ്ടുവരണം. എന്റെ നിയോജകമണ്ഡലമായ കുന്നത്തുകാൽ ചെമ്പൂർ മുതലായ സ്ഥലങ്ങളിൽ ഡാക്ടർമാരില്ല. പത്രത്തിൽ 300 ഡാക്ടർമാരെ ജോലി ഇല്ലാതെ പിരിച്ചുവിട്ടിരിക്കുന്നുവെന്നു കാണുന്നു. തൊഴിലില്ലായ്മ ഒരു വശത്ത്; മറുവശത്ത് ആവശ്യത്തിന് ഡാക്ടർമാരെ കിട്ടുന്നില്ല. ഇതൊന്നും ബന്ധപ്പെടുത്തി ഡാക്ടർമാരില്ലാത്ത സ്ഥലങ്ങളിൽ ഡാക്ടർമാരെ നിയമിക്കാൻ സത്വരമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. ഹരിജനങ്ങൾക്കുവേണ്ടിയുള്ള വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ കാര്യം എന്റെ സ്നേഹിതൻ ശ്രീ. കുഞ്ഞൻ സംസാരിച്ചുകേട്ടു. എന്റെ ഓർമ്മശരിയാണെങ്കിൽ മുമ്പ് അധികാരത്തിലിരുന്ന കക്ഷികൾ ചെയ്ത തെറ്റു സി. സി. കുഞ്ഞനെ വച്ചുകൊണ്ടിരിക്കുന്നുവെന്നതാണ്. അതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടില്ല, നടപടി സ്വീകരിച്ചില്ല. അതുപോലെതന്നെ എന്റെ സ്നേഹിതൻ കുഞ്ഞൻ പറഞ്ഞു, പഴയ സർക്കാർ വളരെയൊക്കെ ഹരിജനങ്ങൾക്കുവേണ്ടി ചെയ്തുവെന്ന്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1800 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെ നിയമിച്ചതിൽ ഒരൊറ്റ ഹരിജൻ ഓഫീസറെങ്കിലും ഇല്ല എന്നാണ്. ഈ ഗവർമ്മെണ്ടും ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ആ നിലപാടാണോ സ്വീകരിക്കേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെൻറിൽ ബാലകൃഷ്ണൻനായരെ റിവർട്ടുചെയ്തിട്ട് അദ്ദേഹത്തിൻറെ കോളിഫിക്കേഷൻ റിലാക്സ് ചെയ്തിട്ട് വീണ്ടും നിയമിച്ചിരിക്കുന്നതിനെപ്പറ്റി എന്താണ് അഭിപ്രായം?

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: സ്നേഹിതാ ഈ കാര്യം ഞാൻ അസംബ്ലിയിൽ പറഞ്ഞിരുന്നതാണ്. ഗവർണ്ണരുടെ പ്രസംഗത്തിൽ ഹരിജൻ ഡിപ്പാർട്ടുമെൻറിന് എന്തെല്ലാം കുറവുണ്ടെന്നും എത്രത്തോളം പ്രാതിനിദ്ധ്യമുണ്ടെന്നും ഡെപ്യൂട്ടിസെക്രട്ടറിയുടെ ഗ്രേഡിൽ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ പോകുകയാണ് എന്നെല്ലാം പറഞ്ഞിട്ടുണ്ട്. എൻറെ ഓർമ്മ ശരിയാണെങ്കിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. ഫ്യൂസായ ബാറ്ററിയുടെ സെൽ പോലെ ആ സെൽ കളഞ്ഞുപോയി. ഡെപ്യൂട്ടി സെക്രട്ടറിയുടെ ഗ്രേഡിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് വേണ്ടത് ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട ഹരിജനവകുപ്പ് മന്ത്രിയോട് സ്നേഹാദരബുദ്ധ്യാ ഉപദേശിക്കുവാനുള്ളത്.

വ്യവസായ കാര്യങ്ങളെക്കുറിച്ച് ഇതിനുമുമ്പും ഞാൻ പറഞ്ഞിട്ടുള്ളതാണ്. നെയ്യാറിൻകരതാലൂക്കിൽ പനകയറ്റതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 15,000 ത്തോളം കുടുംബങ്ങൾ ഉണ്ട്. അവർ പുരോഗമനപരമായ ഒരു പരിപാടിയും വ്യവസായവകുപ്പ് നടപ്പിലാക്കിയിട്ടില്ല. ശ്രീ. പാഴിക്കാടൻ പറഞ്ഞു അവർക്കു ശരാശരി 30 രൂപ കിട്ടുന്നുണ്ടെന്ന്. സർ, അവർക്കു ഒരു രൂപാ പോലും കിട്ടാത്ത ദിവസവും ഉണ്ട്. നെയ്യാറിൻകരയുള്ള ഈ ഒരു വിഭാഗക്കാരെ അവഗണിക്കരുത്, അവർക്ക് എന്തെങ്കിലും നല്ലകാര്യങ്ങൾ ചെയ്തുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയതുപോലെ ഒരു റിസ്ക് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നകാര്യം ആലോചിക്കണമെന്ന് ഞാൻ ബന്ധപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ഇവിടെ ഭൂമി വിതരണം ചെയ്യുന്നത് നല്ല കാര്യമാണ്. ഭൂമി വിതരണം ചെയ്യുമ്പോൾ ഒരു കാര്യം നല്ലതുപോലെ ആലോചിക്കണമെന്ന് ഗവർമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. പുറമ്പോക്കു ഭൂമി കൊടുക്കുമ്പോൾ ഒരു കൃഷിക്കാരന് ലോണായിട്ടും ഗ്രാൻറായിട്ടും കൃഷിചെയ്യുവാനുള്ള തുക കൊടുക്കണമെന്ന് ബഡ്ജറിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ മിച്ചഭൂമി ഭൂമിയില്ലാത്ത ആളിനു കൊടുക്കുമ്പോൾ അവർക്കു കൃഷി ചെയ്യാൻ തുക കൊടുക്കണമെന്ന് ബഡ്ജറിൽ പറഞ്ഞിട്ടില്ല. മിച്ചഭൂമി വിതരണംചെയ്യുമ്പോൾ കൃഷിക്കാരന് കൃഷിചെയ്യാനുള്ള സൗകര്യം കൊടുത്തില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തെ ഉൽപ്പാദനം വളരെയധികം പിന്നോക്കമായിപ്പോകും. ഈ കാര്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻറെ സംസാരം നിർത്തുകയാണ്.

ശ്രീ. എം. രാമുണ്ണി: സർ, ഈ ഡിമാൻറിനെ എതിർത്തുകൊണ്ട്
12 NOON സംസാരിക്കുന്നതിനുമുൻപ് ഒരു ചെറിയ സബ്മിഷൻ ഉണ്ട്. ഇന്ന് കോഴിക്കോടു പട്ടണത്തിൽ ഞങ്ങളുടെ പാർട്ടിയോഗംനടത്തിക്കൊണ്ടിരുന്നപ്പോൾ യോഗം കലക്കാൻ കുറെ ലീഗുവാളണ്ടിയർമാർ പോയി. പോലീസ്, യോഗം നടത്തുന്നതിനു യാതൊരു സംരക്ഷണവും ചെയ്തില്ല എന്നു പറയേണ്ടിവന്നതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഇന്ന് ഈ സംസ്ഥാനം ഭരിക്കുന്ന കക്ഷിയുടെ, പ്രത്യേകിച്ചും ആഭ്യന്തരവകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ കക്ഷിയുടെ, ആളുകൾ, ഞങ്ങൾ നടത്തിയ യോഗം കലക്കാൻ നടത്തിയ ശ്രമം ലജ്ജാകരവും, ഒരിക്കലും പ്രോൽസാഹിപ്പിച്ചുകൂടാത്തതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെപ്പറ്റി ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അന്വേഷിക്കുമെന്നും ഞങ്ങൾക്കു വിവരം നൽകുമെന്നും വിശ്വസിക്കുന്നു.

സർ, ഞാൻ ഈ ഡിമാൻഡുകളെ എതിർക്കുകയാണ്. 17 ഡിമാൻഡുകളുണ്ട്. ഇവ ഒന്നായി അവതരിപ്പിച്ചതുകൊണ്ട് വിശദമായി എന്തെങ്കിലും പറയാനോ വിശദമായിനിരൂപണം നടത്തി അഭിപ്രായം രേഖപ്പെടുത്താനോ നിർവാഹമില്ലാത്ത സ്ഥിതിയാണ്. എനിക്ക് ഒരു കാര്യം പറയാനുള്ളത്, ലേബർ ആൻഡ് എംപ്ലോയ്മെൻറ് വകുപ്പിനെപ്പറ്റി ഒരു പാസിംഗ് റഫറൻസ് നടന്നതിനെസംബന്ധിച്ചാണ്. സർ, ലേബർ ആൻഡ് എംപ്ലോയ്മെൻറ് വകുപ്പ് ഒരു 'നായർ സർവീസ് സൊസൈറ്റി'യാണ്. സവർണ്ണ മേധാവിത്വം ഇത്രയേറെ കൊടികുത്തിവാഴുന്ന മറെറാരു ഡിപ്പാർട്ടുമെൻറില്ല. അതിൻെറ തലപ്പത്ത്, നീതിമാനെന്നുഞാൻ വിശ്വസിക്കുന്ന ഒരു മന്ത്രിയുള്ളതുകൊണ്ടു പറയുകയാണ്, ഇന്ന് പ്രമോഷൻകാര്യത്തിലായാലും ശരി ഉദ്യോഗനിയമനക്കാര്യത്തിലായാലുംശരി, ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിൻെറ ലക്കും ലഗാനുമില്ലാത്ത നടപടികളാണ് നടക്കുന്നത്. എംപ്ലോയ്മെൻറ് സർവീസിൽ, രജിസ്റ്റർചെയ്തിട്ടുള്ള ഹരിജൻ ഉദ്യോഗാർത്ഥികളെ താൽക്കാലിക പോസ്റ്റുകളിലേക്ക് അയയ്ക്കുമ്പോൾ റിസർവേഷൻ സീറ്റുകളുള്ളതിൽമാത്രമേ അയയ്ക്കുന്നുള്ളു. ഇതുമാറ്റി, പൊതുസീറ്റുകളിലേക്കും രജിസ്റ്റർ ചെയ്തിട്ടുള്ള ഹരിജൻ ഉദ്യോഗാർത്ഥികളെ അയയ്ക്കണം. ഇപ്പോൾ റിസർവേഷൻ സീറ്റുകളിൽമാത്രമേ അവർക്ക് ഇൻറർവ്യൂവിനു പോകാൻ കഴിയുന്നുള്ളൂ. അതുമാറ്റി, സംവരണമില്ലാത്ത സീറ്റുകളിലും അവർക്ക് ഇൻറർവ്യൂവിനു പോകാൻ കഴിയത്തക്കവിധത്തിൽ നിർദ്ദേശം നൽകണം.

ഹരിജൻ വെൽഫെയർ വകുപ്പിൻെറ ചരിത്രത്തിൽ ഇത്രയേറെ അധഃപതനമുണ്ടായ ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ എന്നു വേദനയോടുകൂടി ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു. അറുവഷളായ രീതിയിലാണ് അതു നടക്കുന്നത്. അതിൻെറ തുടക്കം ഗവർണറുടെ പ്രസംഗത്തിൽത്തന്നെ ഉണ്ടായിരുന്നത് ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ഗവൺമെൻറ് കള്ളംപറയിച്ചു എന്ന വസ്തുത ഞാൻ രേഖപ്പെടുത്തുകയാണ്.

My Government are very much interested in extending the social welfare and Harijan welfare activities for the benefit of the people.

സർ, ഗവർണർ ഇതു പ്രസംഗിച്ചപ്പോഴത്തന്നെ ഹരിജനക്ഷേമവകുപ്പിൻെറ ഡയറക്ടറേറ്റിൽ ഈ ഉദ്യോഗസ്ഥൻ ജോലിചെയ്തുകൊണ്ടിരിക്കുകയായിരുന്നു എന്നുള്ളതു നിഷേധിക്കാൻ സാധിക്കുമോ? ഈ ഉദ്യോഗസ്ഥനെ സെക്രട്ടേറിയറ്റിലേക്കു മാറ്റിയെന്നുള്ളതിൽ കവിഞ്ഞ് എന്താണ് ചെയ്തിട്ടുള്ളത്? ഇങ്ങനെയൊരുദ്യോഗം ഉണ്ടാക്കിയെന്നു ഗവർണറെക്കൊണ്ടു പറയിച്ചത് എന്തിനാണ്? ഈ ഗവൺമെൻറിൻെറ ഹരിജനക്ഷേമപ്രവർത്തനങ്ങളെപ്പറ്റി വളരെയധികം പ്രതിപാദിച്ചിട്ടുകാര്യമില്ല. ഉദ്യോഗനിയമനക്കാര്യത്തിൽ ഹരിജനങ്ങളോടുള്ള അവഗണന പരിഹരിക്കുന്നതിനു നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻെറ നിയമനംതന്നെ ഹരിജനങ്ങളോടുള്ള അവഗണനയായിരുന്നു എന്നു പറഞ്ഞാൽ ഇതിൻെറ ആഴം എത്രത്തോളമുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കും. സമീപകാലത്ത് നടന്ന സെൽ ഉദ്യോഗസ്ഥൻെറ നിയമനത്തെപ്പറ്റി എനിക്കു വലിയ നല്ലയഭിപ്രായമൊന്നുമില്ല. ഭരണഘടനയുടെ 335-ം 338-ം വകുപ്പുകളനുസരിച്ച് ഉദ്യോഗനിയമനങ്ങളിൽ ഹരിജനങ്ങൾക്കും ഷെഡ്യൂൾഡ് കാസ്റ്റ്—ഷെഡ്യൂൾഡ് ട്രൈബ്സുകൾക്കും പ്രാതിനിധ്യവും പരിരക്ഷയും നൽകിയിട്ടുണ്ട്. കഴിഞ്ഞ ഇരുപത്തിരണ്ടുകൊല്ലക്കാലമായി ഭരണഘടനയിൽ പരിരക്ഷയ്ക്കും പ്രാതിനിധ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനും വ്യവസ്ഥയുണ്ടായിരുന്നിട്ട്—അതു നടപ്പാക്കാൻ ഇൻഡ്യയുടെ ആഭ്യന്തരമന്ത്രിയുണ്ടായിരുന്നിട്ട്, ഗവർണർ ഉണ്ടായിരുന്നിട്ട് ചീഫ് സെക്രട്ടറി ഉണ്ടായിരുന്നിട്ട്—ആ പരിരക്ഷാവ്യവസ്ഥകളും നടപ്പാക്കാൻസാധിക്കാതിരിക്കുമ്പോൾ, ഡെപ്യൂട്ടിസെക്രട്ടറിയുടെ റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ നിയമിച്ചാൽ എല്ലാംശരിയാകുമെന്നു പറഞ്ഞാൽ അതാരു വിശ്വസിക്കാനാണ്; ഇതു പരാജയമാണെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി പറഞ്ഞിട്ടുണ്ട് ആഭ്യന്തരകാര്യമന്ത്രി, ഹോംസെക്രട്ടറി, ഗവർണർമാർ ഇവരൊക്കെ പരാജയപ്പെട്ടിടത്ത് ഡെപ്യൂട്ടിസെക്രട്ടറിയുടെ റാങ്കിലുള്ള ഒരുദ്യോഗസ്ഥൻ വിജയിക്കുമെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമാണ്. അതുകൊണ്ട് ഈ സെൽ ഉദ്യോഗസ്ഥനെ ചവിട്ടിമാറ്റാനും, ഹരിജനങ്ങൾക്ക് സംരക്ഷണത്തിന്റെ സഹായങ്ങൾ നൽകാനുള്ള ആത്മാർത്ഥതയോടുകൂടിയാണ് പറയുന്നതെങ്കിൽ ഹരിജനങ്ങൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെന്റു നടത്താനും, തയ്യാറുണ്ടോ എന്നു ഞാൻ വെല്ലുവിളിക്കുകയാണ്. നിങ്ങൾ ഇതു സ്വീകരിക്കുമെങ്കിൽ നിങ്ങളോടു പൂർണ്ണമായി സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. ഹരിജനങ്ങളോടുള്ള അവഗണന അവസാനിപ്പിക്കാനും അവർക്കു പ്രാതിനിധ്യം പരിപൂർണ്ണമായി നൽകാനും ഉദ്യോഗസ്ഥൻമാരെക്കൊണ്ടു സാധിക്കുകയില്ല. പുതിയ ഉദ്യോഗസ്ഥനെ ഏർപ്പെടുത്തിയതുകൊണ്ടു സാധിക്കുകയില്ല. അതു സാധിക്കാൻവേണ്ടി, ഹരിജനങ്ങൾക്കു പ്രത്യേകമായി ഒരു 'സ്പെഷ്യൽ റിക്രൂട്ടുമെന്റ്' ഏർപ്പെടുത്താൻ തയ്യാറുണ്ടോ എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ഹരിജനങ്ങൾക്കുള്ള സംരക്ഷണം നടപ്പിലാക്കുന്നതിനെപ്പറ്റി പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ ചെയർമാൻ നമ്മുടെ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. ഹരിജൻ എം. എൽ. എ. മാരെ അതിൽ മെംബർമാരായി നിയമിച്ചുകൊണ്ട് ഞങ്ങളെ അറിയിച്ചിട്ട് ഏഴുമാസത്തിലധികമായി. സർ, എന്തുകൊണ്ട്, സംരക്ഷണകാര്യത്തെപ്പറ്റി പരിശോധിക്കാനുള്ള ആ കമ്മിറ്റി വിളിച്ചുകൂട്ടുന്നില്ല? അതു വിളിച്ചുകൂട്ടുകയില്ല എന്ന് ഞങ്ങൾക്കറിയാം.

ശ്രീ. ടി. വി. തോമസ്: ഈ മുഖ്യമന്ത്രി വന്നിട്ട് ഏഴുമാസമായില്ലല്ലൊ?

ശ്രീ. എം. രാമുണ്ണി: നാലുമാസമായെന്നു സമ്മതിക്കുമല്ലൊ, നാലുമാസമായിട്ട് എന്തുചെയ്തു? കമ്മിറ്റി കൂടുകയില്ല. കമ്മിറ്റി കൂടുകയും എന്തെങ്കിലും തീരുമാനമെടുക്കുകയും ചെയ്താൽ നൂറ്റാണ്ടുകളോളം സർവ്വീസിൽ വച്ചുപുലർത്തിക്കൊണ്ടിരുന്ന സവർണ്ണാധിപത്യത്തിന്റെ അടിത്തറ ഇളകുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് സ്വാഭാവികമായും അച്യുതമേനോൻ കമ്മിറ്റി വിളിച്ചുകൂട്ടുകയില്ല. കഴിഞ്ഞ ഡിസംബർമാസത്തിൽ ഞാൻ പറഞ്ഞു, കമ്മിറ്റി വിളിച്ചുകൂട്ടി ഹരിജനങ്ങൾക്കു പറയാനുള്ളതു പറയാൻ സൗകര്യവും സ്വാതന്ത്ര്യവും നൽകണമെന്ന്. പക്ഷേ ഇതുവരെ അതനുസരിച്ച് റിസർവേഷൻ സംപ്രദായത്തെപ്പറ്റി പരിശോധന നടത്തിയിട്ടില്ല. ഇന്നത്തെ സംരക്ഷണവ്യവസ്ഥയനുസരിച്ച് ആദ്യം ഒന്നാം സ്ഥാനം നേടിയ ആൾക്കു കഴിഞ്ഞാൽ രണ്ടാമത് ഈഴവനും മൂന്നാമതു മുസ്ലീമും കഴിഞ്ഞ് നാലാമതാണ് ഷെഡ്യൂൾഡ് കാസ്റ്റുകാരന് ഉദ്യോഗം കിട്ടുന്നത്. ഈ രാജ്യത്ത് ഈഴവരെക്കാളും മുസ്ലീങ്ങളെക്കാളും പുരോഗമിച്ചവരാണോ ഹരിജനങ്ങൾ? ഇതൊന്നു മാറ്റണമെന്നു ഞങ്ങൾ പറഞ്ഞു. അതു ചെയ്യുന്നതിനുപകരം കമ്മിറ്റി ഉണ്ടാക്കിവച്ച്, ഒരു ഇമ്പാച്ചി ഉണ്ടാക്കിവച്ചു സെൽ ഉദ്യോഗസ്ഥനെക്കൊണ്ട് നടത്താം എന്ന് ഗവർണറെക്കൊണ്ട് ഒരു പ്രസംഗം വരെ നടത്തി. ഗവർണറെക്കൊണ്ട

LIBRARY ARCHIVES Kerala Legislative Assembly

വളരെ തെറ്റായ ഒരു പ്രസംഗം നടത്തിച്ചതിനെപ്പറ്റി കഴിഞ്ഞ പ്രാവശ്യം ഞാൻ പറഞ്ഞതാണ്; എങ്കിലും ഒന്നുകൂടി ആവർത്തിക്കുകയാണ്. ഗവർണറുടെ പ്രസംഗത്തിൽ പറയുന്നത് 'a separate cell is being set up under the control of an officer of the status of a Deputy Secretary attached to the Public Department in the Secretariat to ensure that adequate representation is given to scheduled castes and scheduled tribes in the matter of recruitment to public services.

ഹരിജനക്ഷേമപ്രവർത്തനങ്ങൾ ജനക്ഷേമകരമാക്കാൻ പോകുന്നുവെന്നാണ് ഗവർണർ പറയുന്നത്; എന്താണിതിന്റെ അർത്ഥം? ഹരിജനക്ഷേമപ്രവർത്തനങ്ങൾ ഹരിജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻ പോകുന്നുവെന്നു പറഞ്ഞാൽ മനസ്സിലാക്കാം. ജനോപകാരപ്രദമാക്കാൻപോകുന്നു എന്നു പറഞ്ഞാൽ ഈ നാട്ടിലെ എല്ലാ ആളുകൾക്കും ഉപകാരപ്രദമാക്കാൻ പോകുന്നു എന്നാണ് ഉദ്ദേശം. ഇതു ശരിയാണെങ്കിൽ ഇങ്ങനെ പരസ്യമായി പറഞ്ഞതു നന്നായി. ഹരിജനങ്ങളോടുള്ള അവഗണനയും ഹരിജനവിരുദ്ധപ്രവർത്തനങ്ങളും അനുസ്യൂതമായി നടന്നുകൊണ്ടിരിക്കുകയാണ്. ഇതു തിരുത്തണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീ. എം. രാമുണ്ണി: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് നിറുത്താം; ഒറ്റ വാചകം : ഇവിടെ ഹരിജനക്ഷേമ ഹോസ്റ്റലുകളുമുണ്ട്; അവയിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം ഒന്നു പുതുക്കണമെന്ന് ഈ സഭയിൽത്തന്നെ ആവശ്യപ്പെട്ടതാണ്. പക്ഷേ അവരുടെ സമരം എന്തോ കൊടുത്ത് നിറുത്തിയതിൽ ഞാൻ സന്തുഷ്ടനാണ്. പക്ഷേ ജീവിക്കാൻവേണ്ടി അവർ നടത്തിയ സമരമാണത്. എന്നാൽ ലാസ്റ്റുഗ്രേഡുകാരന്റെ ശമ്പളംപോലുംകൊടുക്കാതെ നിറുത്തുന്നത് ഒരു പരിഷ്കൃതഗവൺമെന്റിനു ഭൂഷണമല്ല. ഹരിജൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലായാലും ഏതു ഡിപ്പാർട്ടുമെന്റിന്റെ കീഴിലായാലും അവർക്കു ലാസ്റ്റുഗ്രേഡുകാരന്റെ ശമ്പളം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിമാൻഡിനെ എതിർക്കുന്നു.

ശ്രീ. പി. എസ്. നമ്പൂതിരി: സർ, വിവിധവകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകളെയെല്ലാം സ്പർശിക്കാൻ കഴിയുകയില്ലെങ്കിലും പ്രധാനമായി വ്യവസായവകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയെസംബന്ധിച്ച് ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇൻഡ്യയെപ്പോലുള്ള പിന്നോക്കരാജ്യങ്ങളെ പുരോഗമിപ്പിക്കുന്നതിനു കഴിവുള്ളതു വ്യവസായവത്കരണംമാത്രമാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ കഴിഞ്ഞ പത്തിരുപത്തിരണ്ടു കൊല്ലക്കാലത്തെ പ്രവർത്തനങ്ങളിൽ, തീർച്ചയായും വ്യവസായവത്കരണത്തിൽ അടിസ്ഥാനപരമായ ചില വൻകിടവ്യവസായങ്ങൾ രണ്ടും മൂന്നും പദ്ധതികളിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും, പ്ലാനിംഗിൽ ഒക്കെത്തന്നെ, ഇൻഡ്യയിൽ വേണ്ടത്ര പ്രധാന്യംകൊടുത്തിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. കേരളം വ്യവസായവത്കരണത്തിൽ തീർച്ചയായും പിന്നണിയിലാണ്. പക്ഷേ ഒരു സംസ്ഥാനത്തിനുമാത്രമായി വ്യവസായവത്കരണം സാധ്യമല്ല. ഇൻഡ്യാഗവൺമെന്റിന്റെ ലൈസൻസും മറ്റും വേണം. ലൈസൻസിംഗ് പദ്ധതികൊണ്ട് ദോഷങ്ങൾകാണും ഗുണങ്ങളും കാണാം. 1963–64–ലും 64–65–ലും വ്യവസായവകുപ്പിലേക്കു നീക്കിവച്ചിരുന്നത്. 2.90 കോടി രൂപയാണ്. 65–66 ൽ 2 കോടി; 66–67 ൽ 3.77 കോടി; 67–68 ൽ 4.80 കോടി പക്ഷേ 68–69 ൽ അത് 1.70 കോടിയായി വെട്ടിച്ചുരുക്കിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതെക്കാള്ളം കുറച്ചുകൂടി സംഖ്യ വർദ്ധിപ്പിച്ചിട്ടുള്ളത് വളരെ സ്വാഗതാർഹമാണ്. പക്ഷെ ആകെമൊത്തം എടുക്കുമ്പോഴും വ്യവസായവൽക്കരണത്തിൽ പൊതുവേ അശ്രദ്ധയാണ് കേരളഗവൺമെൻറു എടുത്തിട്ടുള്ളത് എന്നതാണ് വസ്തുത. വ്യവസായവൽക്കരണത്തിൽ കൂടിയല്ലാതെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാദ്ധ്യമല്ല, രാജ്യത്താകെ പുരോഗതി ഉണ്ടാക്കാൻ സാദ്ധ്യമല്ല. വ്യവസായവൽക്കരണത്തിൽ സ്വകാര്യമേഖലയിലുള്ളതിനെക്കാളും കൂടുതൽ പ്രാധാന്യം പൊതുമേഖലയിലുള്ള വ്യവസായങ്ങൾക്ക് കൊടുത്തിട്ടുള്ളത് വളരെ സ്വാഗതാർഹമാണ്. വ്യവസായവൽക്കരണത്തിന് ഈ സർക്കാർ മുൻകൈ എടുക്കുകയും കൂടുതൽ പണം പൊതുമേഖലയിലുള്ള വ്യവസായങ്ങളിൽ നിക്ഷേപിക്കുകയും ചെയ്യുന്നതിനുള്ള നടപടികളും എടുക്കേണ്ടതാണ്. ഇൻഡ്യയ്ക്ക് തന്നെ ആവശ്യമായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കേണ്ട എത്രയോ വ്യവസായശാലകളും നമ്മുടെ കേരളത്തിലുണ്ടാക്കാൻ സാധിക്കും. മരുന്നു നിർമ്മാണം ഇന്നും വിദേശകുത്തകയിലാണ്. അവർക്ക് ഇന്നു ഇറക്കുന്ന മൂലധനത്തിന്റെ പതിൻമടങ്ങ് ലാഭം അതിൽനിന്നും കിട്ടുന്നുണ്ടെന്നാണ് അറിയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഒരു മരുന്നുനിർമ്മാണശാല ആരംഭിക്കുന്നതിനാവശ്യമായ നടപടികളെടുക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തു കൂടുതൽ വ്യവസായങ്ങളും ആരംഭിക്കുവാനുള്ള സാദ്ധ്യതയുണ്ട്. മറ്റു രാജ്യങ്ങളുടെ സഹായത്തോടുകൂടി ഇവിടെ ആരംഭിക്കാവുന്ന വ്യവസായസ്ഥാപനങ്ങളും ആരംഭിക്കുന്നതിന് ഈ ഗവൺമെൻറ് മുൻകൈയെടുക്കേണ്ടതാണ്. അങ്ങനെ നമ്മുടെ സംസ്ഥാനത്തു വ്യവസായങ്ങളും ആരംഭിക്കുന്നതിനു കൂടുതൽ സംഖ്യ നീക്കിവയ്ക്കുന്നതിനു ശ്രമിക്കേണ്ടതാണ്. ഇതു പറയുമ്പോഴും പൊതുമേഖലയിലുള്ള വ്യവസായങ്ങളും ലാഭകരമായി നടത്തേണ്ടതു ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. നമ്മുടെ നാട്ടിൽ മുഴുവൻ സംസാരമുണ്ട്, പൊതുമേഖലയിലുള്ള വ്യവസായങ്ങളെല്ലാം നഷ്ടത്തിലാണ് നടക്കുന്നത് എന്ന്. അതു ശരിയല്ല. കണക്ക് പരിശോധിച്ചാൽ പല വ്യവസായങ്ങളും ലാഭത്തിൽ നടക്കുന്നുണ്ടെന്നു കാണാം. ടി. സി. സി., ട്രിവാൻഡ്രം റബ്ബർ വർക്സ് മുതലായ വ്യവസായങ്ങളെല്ലാംതന്നെ ഇന്നു ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ആ ലാഭം ഇനിയും വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. വ്യവസായങ്ങളെ നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥൻമാർക്ക് വ്യവസായങ്ങളെ ലാഭകരമായി നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം ഗവൺമെൻറിൽനിന്നും കൊടുക്കേണ്ടതാണ്. നമ്മുടെ ഗവൺമെൻറിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസ്ഥയസ്ഥാപനങ്ങളിൽ ആവശ്യത്തിൽ കൂടുതൽ സ്റ്റാഫ് പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കണം. അതുപോലെ എവിടെയാണ് അധികം ചെലവുണ്ടാകുന്നതെന്നു പരിശോധിക്കുകയും അതു പരിഹരിക്കാനുള്ള നടപടികളും എടുക്കുകയും വേണം. എല്ലാ വ്യവസായസ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ രീതിയിലുള്ള നടപടികളും എടുത്ത് നഷ്ടത്തിൽ നടക്കുന്നവ ലാഭത്തിൽ നടത്താനും ലാഭത്തിൽ നടത്തുന്നവയിൽനിന്നു കൂടുതൽ ലാഭം ഉണ്ടാക്കുന്നതിനും വളരെ ജാഗ്രതയോടുകൂടിയുള്ള ശ്രമം ആവശ്യമാണ്. ട്രാൻസ്പോർട്ടു കോർപ്പറേഷൻ പൊതുമേഖലയിൽ നടക്കുന്ന ഒരു വ്യവസായമാണ്. എന്റെ അറിവു ശരിയാണെങ്കിൽ ഈ അടുത്തകാലത്തായി അതിൽ നിന്നും ലാഭം കിട്ടിത്തുടങ്ങിയെന്നാണ്. 1967—69 കാലഘട്ടത്തിൽ അതിന്റെ കണക്ക് പരിശോധിച്ചാൽ വളരെ നഷ്ടത്തിലാണ് നടന്നിരുന്നത്. 1964—65—ൽ ലാഭകരമായി നടന്നിരുന്നതുമാണ്. ട്രാൻസ്പോർട്ടു വ്യവസായത്തിൽ നഷ്ടം ഉണ്ടാകേണ്ടകാര്യം എന്താണ് സർ? പ്രൈവറ്റു മേഖലയിൽ നടക്കുന്ന എത്രയോ ചെറിയ ബസ് ഉടമസ്ഥൻമാർക്ക് പോലും വളരെയധികം ലാഭം ഉണ്ടാക്കാൻ സാധിക്കുന്ന അവസരത്തിൽ പൊതുമേഖലയിൽ നടക്കുന്നതിന് ഇത്ര നഷ്ടം ഉണ്ടാകാനുള്ള കാരണം എന്താണ്? ഈ നഷ്ടം വരുത്തുന്നതിനുള്ള ഉത്തരവാദി ആരായാലും ശരി അവ-

LIBRARY ARCHIVES Kerala Legislative Assembly

രുടെ പേരിൽ കർശനമായ നടപടികളെടുക്കേണ്ടതാണ്. അതുപോലെതന്നെ പൊതുമേഖലയിൽ വ്യവസായങ്ങളുടെ നടത്തിപ്പിനു വേണ്ടി ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരെ മാത്രം നിയമിച്ചാൽ പോരാ, സാങ്കേതിക വൈദഗ്ധ്യം ലഭിച്ചവരെകൂടി നിയമിക്കുന്നതിനും അവരുടെ അഭിപ്രായം അറിയുന്നതിനും ശ്രമിക്കേണ്ടതാണ്. അതുപോലെതന്നെ വ്യവസായനടത്തിപ്പിൽ തൊഴിലാളികൾക്കുകൂടി ആവശ്യമായ പങ്കുകൊടുക്കുകയും അവരുടെ നിർദ്ദേശങ്ങൾ കൂടി കേൾക്കാനും, ആ നിർദ്ദേശങ്ങൾ അർഹിക്കുന്ന ഗൗരവത്തോടുകൂടി കണക്കിലെടുക്കുകയും ചെയ്താൽ തീർച്ചയായും കുറെക്കൂടി ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കും. ഈ അവസരത്തിൽ ഒരു കാര്യം കൂടി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. അതായത് നമ്മുടെ വ്യവസായസ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ചെലവഴിക്കാനുള്ള മാർഗ്ഗങ്ങളെ പറ്റിയാണ്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സോപ്പു ഫാക്ടറി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കാരണം അതിൽ ഉൽപ്പാദിപ്പിക്കുന്ന സോപ്പ് ചെലവാക്കാൻ സാധിക്കുന്നില്ല. എനിക്ക് പറയുവാനുള്ളത് ഈ വ്യവസായ സ്ഥാപനങ്ങളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ സർക്കാരിനാവശ്യമുള്ളത് ഇവിടെ നിന്നും വാങ്ങുന്നതിനും അതു ഗവൺമെൻറു സ്ഥാപനങ്ങളിലേക്ക് സപ്ലൈ ചെയ്യുന്നതിനും ആവശ്യമായ നടപടികളെടുക്കണമെന്നതാണ്. ഇതുപോലെ ഇലക്ട്രിക് സാധനങ്ങൾ ഉണ്ടാക്കുന്നുണ്ട്. അവയും ഗവൺമെൻറിലേക്ക് ആവശ്യമുള്ളത് വാങ്ങാൻ ശ്രമിക്കണം. ഗവൺമെൻറു ആവശ്യത്തിനു പൊതുമേഖലാസ്ഥാപനങ്ങളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ തന്നെ വാങ്ങിക്കുന്നതിനെ നിർബന്ധിക്കേണ്ടതാണ്. കൈത്തറിയുടെ കാര്യം ശ്രീ. എൻ. കെ. ബാലകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. സർക്കാർ ആവശ്യത്തിനുള്ള തുണി നമ്മുടെ കൈത്തറി സ്ഥാപനങ്ങളിൽ നിന്നുംതന്നെ വാങ്ങിക്കുന്നതിന് നിർബന്ധിക്കേണ്ടതാണ്. അതുപോലെതന്നെ കയറിന്റെ കാര്യം പറയുകയുണ്ടായി. സർക്കാർ വക ടൂറിസ്റ്റു ബംഗ്ലാവുകളിലും സർക്കാർ ഓഫീസുകളിലുമെല്ലാം കയറുപായും കയറുകൊണ്ടുള്ള മറ്റു സാധനങ്ങളും ഉപയോഗിക്കുന്നുണ്ട്. വ്യവസായമന്ത്രിയുടെ ഓഫീസിലും ഈ സാധനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇവിടങ്ങളിലെല്ലാം തന്നെ പൊതുമേഖലയിൽ ഉണ്ടാക്കുന്ന സാധനങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ അവയിൽ ഇന്നുണ്ടായിരിക്കുന്ന നഷ്ടം നികത്താൻ സാധിക്കും. അതേസമയം വ്യവസായസ്ഥാപനങ്ങളിലും മറ്റും രാജ്യദ്രോഹപരമായി നടത്തുന്ന സമരങ്ങൾ ഒഴിവാക്കുന്നതിന് എല്ലാ തൊഴിലാളി സംഘടനകളും ഗവൺമെൻറും ശ്രമിക്കേണ്ടതാണ്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ജോലി കൊടുക്കാമെന്നു പറഞ്ഞു 82,000 ഓളം വിദ്യാർത്ഥികളിൽ നിന്നും ഫീസു വാങ്ങിയതിനുശേഷം അവർക്കൊന്നും തന്നെ ഉദ്യോഗംകൊടുക്കാതെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ആളുകൾ അവരുടെ സിൽബന്ധികൾക്ക് ജോലി വാങ്ങിച്ചുകൊടുത്തതിനെപ്പറ്റി എല്ലാവർക്കും അറിയാവുന്നതാണ്. അതിനെപ്പറ്റി ബഹുമാനപ്പെട്ട രാജൻ ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ കൂടുതലായി ഒന്നുംതന്നെ പറയാൻ ആഗ്രഹിക്കുന്നില്ല. അനർഹരായ ആളുകളെ അതിൽ നിയമിച്ചതിന്റെ ഫലമായി ബഹുമാനപ്പെട്ട മന്ത്രി അവരെ പിരിച്ചുവിടുകയുണ്ടായി. അതിനെത്തുടർന്നുണ്ടായ തൊഴിൽ സമരം ഒത്തുതീർപ്പിലെത്തിക്കുകയും ഒരു ജഡ്ജിയെക്കൊണ്ട് അതിനെപ്പറ്റി അന്വേഷിക്കാമെന്നും തകരാറുണ്ടെങ്കിൽ അത് പരിഹരിക്കാൻ തയാറാണെന്നും പറയുകയുണ്ടായി. സർ, ഇവിടെ ഉണ്ടായത് ഒരു തൊഴിൽത്തർക്കമാണോ? തൊഴിൽത്തർക്കമാണെങ്കിൽ ലേബർ കമ്മിഷനു തൊഴിൽത്തർക്കം ഉണ്ടാകാൻ പോകുന്നുവെന്നുള്ള അപേക്ഷയുടെ ഒരു കോപ്പി പോലും അയച്ചിട്ടില്ല. അതൊരു തൊഴിൽതർക്കം അല്ലാതെ രാഷ്ട്രീയ സമരമാക്കാൻ വേണ്ടി മറ്റുള്ള ആളുകളെ കൊണ്ടുവന്നു സമരം നടത്തുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. ഇത്തരത്തിലുള്ള സമരങ്ങളും ഒഴിവാക്കുന്നതിനും തൊഴിലാളി സംഘടനകളും ഗവൺമെൻറും ശ്രമിക്കേണ്ടതാണ്. ആവശ്യമായ എല്ലാ നടപടികളും എടുത്തു പൊതുമേഖലാ വ്യവസായങ്ങളും ലാഭകരമായി നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. ചടയൻ: സർ, ഞാൻ ആദ്യമായി സംസാരിക്കാൻ ആഗ്രഹിക്കുന്നത് ഹരിജനക്ഷേമവകുപ്പിനെസംബന്ധിച്ചാണ്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഹരിജനക്ഷേമവകുപ്പിലേക്ക് ചെലവഴിക്കുന്നതിനുവേണ്ടി പതിനഞ്ചുലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പതിനഞ്ചു ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചതുകൊണ്ട് അക്കാര്യം ശരിക്ക് കൈകാര്യം ചെയ്യുമോയെന്ന് പരിശോധിച്ചാൽ ഇല്ലെന്നു കാണാം. ഈ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നുള്ള കാര്യം വളരെയധികം ബോദ്ധ്യമായിട്ടുണ്ട്. ഈ സ്റ്റേറ്റിൽ നൂറോളം ഹരിജൻവെൽഫെയർ സെൻറുകളുണ്ട്. ഓരോ സെൻറിലും ഇരുപതും മുപ്പതും കുട്ടികൾ വീതം പരിശീലനം നടത്തുന്നുണ്ട്. ആ സെൻറുകളിൽ സൂപ്പർവൈസ് നടത്തുന്നതിനോ ശരിയായി പഠിപ്പിക്കുന്നതിനോ ആവശ്യമായ ആളുകൾ ഇല്ല. അതുപോലെ കുട്ടികൾക്ക് പരിശീലിക്കുന്നതിന് ആവശ്യമായ മരത്തടിയോ, ചൂരലോ, മറ്റു സാധനങ്ങളോ ഒന്നുംതന്നെ എത്തിച്ചുകൊടുക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിനു കഴിയുന്നില്ല. ഞാൻ ഒന്നുരണ്ടു സ്ഥലം സന്ദർശിച്ചപ്പോൾ അവിടെയെല്ലാം കുട്ടികൾ വെറുതെയിരിക്കുന്ന കാഴ്ചയാണ് കാണാനിടയായത്. ഹരിജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഈ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിക്കുന്നവർ ഒന്നുംതന്നെ ചെയ്യുന്നില്ലെന്നുള്ളതാണ് വാസ്തവം. ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവയ്ക്കുന്ന തുക അത്രയും ഈ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് ശമ്പളം കൊടുക്കുന്നതിനേയുള്ളൂ. കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നുണ്ടോ അവിടെയെല്ലാം ശരിയായി പ്രവർത്തനം നടത്തുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും അതിനുവേണ്ടി നീക്കിവയ്ക്കുന്ന പണം തക്കതായ ആവശ്യത്തിനുതന്നെ ചെലവഴിക്കുന്നുണ്ടോ എന്നും നോക്കുന്നതിനും താലൂക്ക് ഓഫീസറോ ഡിസ്ട്രിക്ട് ഓഫീസറോ തയാറാകുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. പി. കുഞ്ഞൻ പറയുകയുണ്ടായി താലൂക്ക് ഇൻസ്പെക്ടറൻമാർക്ക് കുറെക്കൂടി സ്റ്റാഫ് കൊടുക്കണമെന്നും, ഇന്നുള്ള സ്റ്റാഫിനെക്കൊണ്ട് പ്രവർത്തി എടുക്കാൻ സാധിക്കാത്ത സ്ഥിതിയിലായിട്ടുണ്ടെന്നും. മോഡൽ വെൽഫെയർ സെൻറിൽ രണ്ടു കൊല്ലക്കാലം പരിശീലനം ലഭിച്ചു പാസായ ആളുകൾക്ക് എന്തെങ്കിലും ആനുകൂല്യം ഉദ്യോഗകാര്യങ്ങളിൽ കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഹരിജനക്ഷേമവകുപ്പിലേക്ക് കൂടുതൽ പണം അലോട്ട് ചെയ്യുന്നുണ്ടെങ്കിലും ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ വൈമനസ്യം കൊണ്ട് ഹരിജനക്ഷേമ പ്രവർത്തനങ്ങളൊന്നും കാര്യമായി നടക്കുന്നില്ല. ഹരിജനക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. പക്ഷെ അതുകൊണ്ട് ഹരിജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. മാത്രമല്ല ഹരിജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി നീക്കിവയ്ക്കുന്ന പണം മുഴുവനും ഈ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിനേ വരികയുള്ളൂ. ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെൻറിൽ ഒരു ഡയറക്ടറും ഒരു ജോയിൻറ് ഡയറക്ടറും നിലവിലുണ്ട്. അതുകൂടാതെ ഇപ്പോൾ ഒരു ഡെപ്യൂട്ടി ഡയറക്ടറെക്കൂടി നിയമിച്ചിരിക്കുകയാണ്. സർ, വളരെയധികം തുക ശമ്പളംകൊടുത്തു ഇങ്ങനെയൊരു പോസ്റ്റു നാക്കേണ്ട ആവശ്യമെന്താണ്? ഡയറക്ടറും ജോയിൻറ് ഡയറക്ടറും കൂടി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നിടത്ത് ഇനി ഒരു ഉദ്യോഗസ്ഥന്റെ ആവശ്യമില്ലെന്നുള്ളതാണ് വാസ്തവം. ഹരിജനഡിപ്പാർട്ടുമെന്റു് ഇന്ന് ഹരിജനങ്ങളുടെ പണം ധൂർത്തടിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റായി മാറിയിരിക്കുകയാണ്. ഇത്ര വൃത്തികേടുകാണിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റിനുവേണ്ടി എന്തിനാണ് ഇത്രയധികം പണം ചെലവഴിക്കുന്നത്? ഈ സംപ്രദായം മാറ്റിയിട്ട് ഹരിജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി അവരുടെ ഉന്നമനത്തിനുവേണ്ടി ഈ പണം ചെലവഴിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇന്ന് ഹരിജനങ്ങൾക്ക് അർഹിക്കുന്ന രീതിയിലുള്ള ഉദ്യോഗമോ പ്രമോഷനുകളോ കിട്ടുന്നില്ല. അവർക്ക് അർഹിക്കുന്ന ജോലി ഇതുവരെയും കൊടുക്കാൻ ഒരു ഗവൺമെന്റിനും സാധിച്ചിട്ടില്ല. ഈ ഗവൺമെന്റു വന്നതിനുശേഷം ഹരിജനങ്ങൾക്ക് വിവിധ ഡിപ്പാർട്ടുമെന്റിലുള്ള നിയമനങ്ങളിൽ അവരുടെ പ്രമോഷൻ കാര്യങ്ങളിൽ തക്കതായ പ്രാതിനിദ്ധ്യം കിട്ടുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. സീനിയറായ ഹരിജൻ ഉദ്യോഗസ്ഥൻമാരിരിക്കേ ജൂനിയറായ മറ്റുള്ളവർക്ക് പ്രമോഷൻ കൊടുത്തുവെന്നും ഡെപ്യൂട്ടി സെക്രട്ടറിയുടെ സ്കെയിലിൽ കൊടുത്തുവെന്നും ശ്രീ. രാമുണ്ണി പറയുകയുണ്ടായി. സർ, അതു വളരെ ഖേദകരമായിപ്പോയി. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നു, പുതിയ സ്കെയിലുകൾ ഉണ്ടാക്കുന്നു; പക്ഷെ അതിൽ ഹരിജനങ്ങൾക്ക് അർഹിക്കുന്നത് കിട്ടുന്നില്ല. ഇതിന്റെ അർത്ഥമെന്താണെന്നു മനസിലാകുന്നില്ല. ഹരിജനങ്ങൾക്ക് കിട്ടേണ്ടതു് കൊടുക്കുന്നതിന് വേണ്ട നടപടികൾ എടുക്കണം. അവർക്ക് അർഹിക്കുന്നത് കിട്ടാൻ ഇടയാക്കാത്ത സഹാചര്യം ഒരു കാലത്തും വരുത്തരുത്. ഹരിജനക്ഷേമത്തിന് ഒരു പുതിയ മന്ത്രിയാണ്, ഇപ്പോഴിവിടെയുള്ളത്. അദ്ദേഹത്തിന് ഹരിജനങ്ങളുടെ കാര്യങ്ങൾ നല്ലതുപോലെ അറിയാമെന്നുള്ളതുകൊണ്ട്, ഹരിജനങ്ങൾക്ക് ഇന്നുള്ള അവശതകൾ കണക്കിലെടുത്തുകൊണ്ട് മുമ്പുണ്ടായിട്ടുള്ള തെറ്റുകൾ തിരുത്തി, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെകൊണ്ട് കാര്യങ്ങൾ ക്രൈകാര്യം ചെയ്യിക്കുകയും, ഹരിജനക്ഷേമത്തിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള സംഖ്യ അവർക്ക് ഉപയോഗപ്രദമായ കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിനും വേണ്ട നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അടുത്തതായി എനിക്ക് പറയുവാനുള്ളത് മലപ്പുറം ജില്ലയെപ്പറ്റിയാണ്. അവിടത്തെ ആളുകളുടെ ആരോഗ്യപരമായ കാര്യങ്ങളെപ്പറ്റിയാണ് എനിക്ക് പ്രധാനമായും ചൂണ്ടിക്കാണിക്കുവാനുള്ളത്. മലപ്പുറം ജില്ല രൂപീകരിച്ചതിനുശേഷം അവിടെയുള്ള താലൂക്കു ആശുപത്രി നാനൂറു കിടക്കകളുള്ള ഒരു ഡിസ്ട്രിക്ട് ആശുപത്രിയാക്കിയിരിക്കുകയാണ്. ഡിസ്ട്രിക്ടു ആശുപത്രിയാക്കിയെന്നുള്ളതല്ലാതെ അവിടത്തേക്കാവശ്യമായ യാതൊരു നടപടികളും എടുത്തിട്ടില്ലെന്നുള്ളതാണ് വാസ്തവം. ആരോഗ്യപരമായ കാര്യങ്ങളിൽ വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് നിലമ്പൂർ. അവിടെ ഒരാശുപത്രിയുണ്ട്. അവിടെ ഡോക്ടറോ മറ്റുള്ള സ്റ്റാഫോ ആവശ്യത്തിനില്ല. മാത്രമല്ല അവിടെ വരുന്ന രോഗികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ മരുന്ന് എത്തിച്ചുകൊടുക്കുന്നില്ല. അവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ആവശ്യമായ മരുന്ന് എത്തിച്ചുകൊടുക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. എടവണ്ണ എന്ന സ്ഥലത്ത് ഒരു ഹെൽത്ത് സെൻറർ ഉണ്ട്. അവിടെ ആവശ്യത്തിന് മരുന്നും ഡോക്ടറും ഇല്ലെന്നുള്ള പരാതികൾ നാട്ടുകാരിൽനിന്നും വളരെക്കാലമായി ഉണ്ടാകുന്നുണ്ട്. പക്ഷേ യാതൊരു പരിഹാരനടപടിയും ഇതുവരെയായിട്ടും എടുത്തിട്ടില്ല. കേരളത്തിലെ പത്ത് ജില്ലകളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് മലപ്പുറം. ആ ജില്ലയ്ക്ക് ഇന്ന് പല ആവശ്യങ്ങളും ഉണ്ട്. ആ ജില്ല രൂപീകരിക്കാനുള്ള പ്രധാന കാരണം തന്നെ അവിടെയുള്ള ജനങ്ങളുടെ വിഷമതകൊണ്ടാണ്. അവർക്ക് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യസഹായമോ, വിദ്യാഭ്യാസസൗകര്യമോ, ഗതാഗതസൗകര്യമോ മറ്റു സൗകര്യങ്ങളോ ഒന്നുംതന്നെ ഇല്ല. ഈ ജില്ലയ്ക്ക് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന് ഞാൻ മന്ത്രിയോടു അപേക്ഷിക്കുകയാണ്.

എനിക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രിയോടു ഒരു കാര്യം അഭ്യർത്ഥിക്കുവാനുണ്ട്. വ്യവസായസ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ ഹരിജനങ്ങൾക്ക് പത്തു ശതമാനം റിസർവേഷൻ അനുവദിക്കണമെന്നുണ്ട്. പക്ഷെ ഇപ്പോൾ രണ്ടു ശതമാനംപോലും കിട്ടുന്നില്ല. ഇങ്ങനെയുള്ള തെറ്റുകൾ മുൻഗവൺമെന്റുകളുടെ കാലത്ത് ചെയ്തിട്ടുള്ളതിനെ ഈ ഗവൺമെന്റ് എങ്കിലും തിരുത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഹരിജനങ്ങൾക്ക് ലഭിക്കേണ്ടതായ പത്തുശതമാനം റിസർവ്വേഷനും കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നപേക്ഷിക്കുകയാണ്. ട്രാൻസ്പോർട്ട് മന്ത്രിയോടു ഒരു കാര്യം കൂടി അപേക്ഷിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളാം. ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ കഴിഞ്ഞകാലങ്ങളിൽ നടന്നിട്ടുള്ള നിയമനങ്ങളിൽ ഹരിജനങ്ങൾക്ക് പത്ത് ശതമാനം റിസർവേഷൻ കിട്ടേണ്ടതിൽ മൂന്ന് ശതമാനം മാത്രമേ കിട്ടിയിട്ടുള്ളൂ. ഇനിയുള്ള ട്രാൻസ്പോർട്ടു കോർപ്പറേഷനിലേക്കുള്ള നിയമനത്തിലെങ്കിലും ഷെഡ്യൂൾഡ്കാസ്റ്റിനും, ഷെഡ്യൂൾഡ് ട്രൈബ്സിനും കിട്ടേണ്ടതായ പത്തുശതമാനം റിസർവേഷനും കൊടുക്കുന്നതിന് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, സാധാരണയായി വ്യവസായവകുപ്പിനെപ്പറ്റിയുള്ള ചർച്ച ഒരു ദിവസം നടക്കുകയായിരുന്നു പതിവ്. ഇന്നു നിരവധി വകുപ്പുകളുടെ കൂട്ടത്തിൽ വ്യവസായവകുപ്പിനെ സംബന്ധിച്ചുകൂടി ഉള്ള ചർച്ചയാണ്. ഇവിടെ നടന്ന ചർച്ചകളിൽ പ്രധാനമായും വ്യവസായവകുപ്പിനെ സംബന്ധിച്ചും ലേബർ വകുപ്പിനെ സംബന്ധിച്ചും പരാമർശനമുണ്ടായി. ആ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും സ്പർശിച്ചു സംസാരിക്കാൻ സമയം കിട്ടുമെന്നു എനിക്കു തോന്നുന്നില്ല. എങ്കിലും ചില കാര്യങ്ങളെ സംബന്ധിച്ചെങ്കിലും പരാമർശിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. ശ്രീ. സി. കെ. ബാലകൃഷ്ണൻ ആദ്യമായി സംസാരിച്ചുകൊണ്ട് നമ്മുടെ പരമ്പരാഗതമായ വ്യവസായങ്ങളുടെ കാര്യത്തെ സംബന്ധിച്ച് പറഞ്ഞു. കയർ, കൈത്തറി, കശുവണ്ടി എന്നീ വ്യവസായങ്ങളെ സംബന്ധിച്ചാണു പ്രധാനമായും അദ്ദേഹം സംസാരിച്ചത്. ഈ വ്യവസായങ്ങളെ പുനരുദ്ധരിക്കുക എന്നു പറയുന്നത് ശ്രമകരമായ ഒരു കാര്യമാണെന്നുള്ളത് ഈ സഭ സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. ഈ വ്യവസായങ്ങളിൽ ലക്ഷക്കണക്കിനാളുകൾ തൊഴിൽ ചെയ്യുന്നുണ്ട്. ഈ വ്യവസായങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ നില മെച്ചപ്പെടുത്തുന്നതിനും ഗവൺമെന്റ് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. പെട്ടെന്നു ഫലമുണ്ടാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ ഒരുപക്ഷേ കഴിഞ്ഞിട്ടില്ലെങ്കിലും ഈ വ്യവസായങ്ങളുടെ അടിസ്ഥാനപരമായ തകരാറുകൾ പരിഹരിക്കുന്നതിനും അത് പുനഃസംഘടിപ്പിക്കുന്നതിനും ആത്മാർത്ഥമായ ഒരു ശ്രമം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. അത് ശ്രീ. ബാലകൃഷ്ണൻ നിഷേധിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഏറ്റവും പ്രധാനമായി അദ്ദേഹം ചൂണ്ടിക്കാണിച്ചത് കയർ വ്യവസായത്തിന്റെ കാര്യമാണ്. ആ വ്യവസായത്തിലെ തൊഴിലാളികൾക്ക് മിനിമംകൂലി നിശ്ചയിച്ചിട്ടുള്ളത് കുറവാണെന്നും ആ കൂലി പരിഷ്കരിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. അതേസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഗവൺമെന്റുതന്നെ കയർത്തൊഴിലാളികളുടെ മിനിമംവേജസ് പരിഷ്ക്കരിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിലെ ഒരംഗമാണ് ശ്രീ. സി. കെ. ബാലകൃഷ്ണനെന്നും ഞാൻ മനസിലാക്കുന്നു. അദ്ദേഹം കൂടി ഉൽസാഹിച്ചാൽ ആ കമ്മിറ്റിയുടെ റിപ്പോർട്ട് വളരെവേഗം ഗവൺമെന്റിന് സമർപ്പിക്കുവാൻ സാധിക്കും. അവരോട് ഞാൻ തന്നെ നേരിട്ടാവശ്യപ്പെട്ടിരിക്കുന്നത്, കമ്മിറ്റിയുടെ സാധാരണഗതിയിലുള്ള റിപ്പോർട്ട് പൂർത്തിയാക്കുന്നതിനു മൻപ്, പൂർണ്ണമായ ഒരു റിപ്പോർട്ട് തരുന്നതിനു മുൻപ് ഒരു ഇടക്കാല റിപ്പോർട്ട് തരാൻ കഴിയുമെന്നുണ്ടെങ്കിൽ ഗവൺമെന്റ് അതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകാമെന്നാണ്. അദ്ദേഹം കൂടി ഉൽസാഹിച്ച് മിനിമംവേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് വളരെവേഗം തരുകയോ അല്ലെങ്കിൽ ഒരു ഇടക്കാല റിപ്പോർട്ട് തരുകയോ ചെയ്താൽ കൂലിയെ സംബന്ധിച്ചുള്ള നടപടി ഗവൺമെന്റ് അതിവേഗത്തിൽ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. എ. മജീദ്: മിനിമം വേജസ് കമ്മിറ്റി ഒരു തവണ നമ്മുടെ സംസ്ഥാനത്ത് പര്യടനം നടത്തിക്കഴിഞ്ഞു. അവരുടെ റിപ്പോർട്ട് കഴിയുന്നതുംവേഗം തന്ന് ഈ തൊഴിലാളികളെ രക്ഷിക്കണമെന്നുള്ള നിർദ്ദേശം കൊടുക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ നിർദ്ദേശം കൊടുക്കണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. ബാലകൃഷ്ണൻ സ്വാധീനം ചെലുത്തി ഇടക്കാല റിപ്പോർട്ട് തരുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ഇതുവരെ കിട്ടാതിരിക്കുന്നതുകൊണ്ട് അങ്ങനെയൊരു നിർദ്ദേശം ഗവൺമെന്റ് കൊടുക്കാൻ തയ്യാറാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഞാൻ ആ കമ്മിറ്റിയിലെ ഒരു മെമ്പറാണെന്നുള്ളത് ശരിയാണ്. ചെയർമാനും കമ്മിറ്റിഅംഗങ്ങളുമായി വേറെ അനേകം ആളുകളുണ്ട്. എന്നെമാത്രം ചാർജുചെയ്ക്കുന്നതുപോലെ തോന്നി.

ശ്രീ. പി. രവീന്ദ്രൻ: ചാർജ് വച്ചതല്ല. അദ്ദേഹംകൂടി കമ്മിറ്റിയിൽ സ്വാധീനം ചെലുത്തി ഇടക്കാല റിപ്പോർട്ട് തരുവിക്കാൻ ശ്രമിക്കണമെന്നാണ് പറഞ്ഞത്. കയർ വ്യവസായം പുന:സംഘടിപ്പിക്കാൻ കാര്യമായ നടപടികളൊ സ്വീകരിച്ചില്ലെന്ന് ശ്രീ. ബാലകൃഷ്ണൻ പറഞ്ഞു. അദ്ദേഹം വിമർശനത്തിനുവേണ്ടിമാത്രം അത് പറഞ്ഞതായിരിക്കുമെന്നാണ് തോന്നുന്നത്. കാരണം ഈ വ്യവസായം പുന:സംഘടിപ്പിക്കുന്നതിനുവേണ്ടി ശ്രീ. ടി. വി. തോമസ് ഒരു സ്കീം തയ്യാറാക്കുകയുണ്ടായി. ആ പദ്ധതി സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കിയതാണ്. ശ്രീ. ബാലകൃഷ്ണൻകൂടി അംഗമായിരുന്ന കയർ ഉപദേശക സമിതി ഐകകണ്ഠേന അംഗീകരിച്ചതാണ് ആ പദ്ധതി. ആ പദ്ധതി കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. 15 കോടിയിലധികം രൂപ അഞ്ചു വർഷംകൊണ്ട് ചെലവാക്കുന്ന ഒരു പദ്ധതിയാണ് ഇൻഡ്യാഗവൺമെന്റിന്റെ മുൻപിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ആ പദ്ധതിയനുസരിച്ചുള്ള തുകകളൊന്നും ഇതുവരെ കേന്ദ്രഗവൺമെന്റ് നൽകിയിട്ടില്ല. ആ പദ്ധതിയെസംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ഇൻഡ്യാഗവൺമെന്റ് ഒരു സ്റ്റഡീടീമിനെ നിയോഗിച്ചു. ആ സ്റ്റഡീടീം ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് പറഞ്ഞത്. പക്ഷേ ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടില്ല. വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റഡീടീമിന്റെ കാലാവധി ആറുമാസത്തേക്കുകൂടി നീട്ടിക്കൊടുത്തു അങ്ങനെ നീട്ടി കൊടുക്കരുതെന്നും, കഴിയുന്നതും വേഗം സ്റ്റഡീടീമിന്റെ റിപ്പോർട്ട് ഇൻഡ്യാഗവൺമെന്റ് വാങ്ങണമെന്നും സംസ്ഥാന ഗവൺമെന്റ് ഇൻഡ്യാഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. ഞാൻ കേന്ദ്രമന്ത്രിയെകണ്ട് പ്രത്യേകമായി ഈ കാര്യത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ആ സ്റ്റഡീ ടീം നമ്മുടെ സംസ്ഥാനത്തു വരുകയും കയർ വികസനപദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്യുമെന്നുമാണ് പറഞ്ഞത്. കയർ ഉപദേശക സമിതിയിലുള്ള എം. എൽ. എ. മാരേയും സ്റ്റഡീ ടീമിലുള്ള അംഗങ്ങൾക്ക് കണ്ടു സംസാരിക്കണമെന്നു ആഗ്രഹമുണ്ടായിരുന്നു. ഗവൺമെന്റിനും ആഗ്രഹമുണ്ടായിരുന്നു. അതേസംബന്ധിച്ച് എല്ലാ എം. എൽ. എ. മാർക്കും ഗവൺമെന്റിൽനിന്ന് കത്തു കൊടുക്കുകയുണ്ടായി. സ്റ്റഡീ ടീം തിരുവനന്തപുരത്തു വരുമ്പോൾ ഈ സ്കീമിനെ സംബന്ധിച്ച് അവരുമായി ചർച്ച ചെയ്യണമെന്ന് കത്തെഴുതിയിരുന്നു. എനിക്ക് പിന്നീട് കിട്ടിയ അറിവ് ശ്രീ. ടി. വി. തോമസ് ഒഴികെ മറ്റാരുകളാരും സ്റ്റഡീ ടീമിന്റെ മുൻപിൽ ഈ പദ്ധതിയെ സംബന്ധിച്ച് സംസാരിക്കാൻ പോയില്ലെന്നാണ്. ആ കമ്മിറ്റിയിലെ ആളുകൾ എം. എൽ. എ. മാരെ പ്രതീക്ഷിച്ച് കാത്തിരുന്നു. ശ്രീ. ടി. വി. തോമസ് ഒഴികെ മറ്റാരും സ്റ്റഡീ ടീമിന്റെ മുൻപിൽ പോയില്ലെന്നു ഖേദപൂർവം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. എന്തായാലും സ്റ്റഡീ ടീം ഈ പദ്ധതിയെ സംബന്ധിച്ച് ഒരു റിപ്പോർട്ട് വളരെ വേഗം തയ്യാറാക്കുന്നതിനും ഈ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യേണ്ടതിന്റെ കാര്യത്തെ സംബന്ധിച്ചും ശക്തിയായ നിവേദനം സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുണ്ട്. വളരെ താമസിയാതെ തന്നെ അതനുസരിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് നടപടി സ്വീകരിക്കുമെന്നുമാണ് ഈ ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അങ്ങനെ വലിയ ബൃഹത്തായ ഒരു പദ്ധതി നടപ്പാക്കാനുള്ള സാമ്പത്തികശേഷിയില്ലാത്തതുകൊണ്ടാണ് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ഈ പദ്ധതി നടപ്പാക്കാൻ ശ്രമിക്കുന്നത്. എങ്കിലും പെറിയ തോതിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളും സംസ്ഥാന ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ഇതിനകം തന്നെ നമ്മുടെ സംസ്ഥാനത്തെ പത്തു പ്രോജക്ടുകളായി തിരിക്കുകയും ആ പ്രോജക്ടുകളിൽ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട് ആ സൊസൈറ്റികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. പല സൊസൈറ്റികൾക്കും ഇതിനകം വായ്പ അനുവദിച്ചുകൊടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി തൊണ്ടുവില നിയന്ത്രിച്ചിട്ടുണ്ട്. കഴിഞ്ഞ ഡിസംബർ ഒന്നാംതീയതി മുതൽ അഴുക്കു തൊണ്ടിന്റെ വില നിയന്ത്രിച്ചു. പച്ചത്തൊണ്ടിന്റെ വിലകൂടി പരിഷ്കരിച്ച് നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും അഴുക്കു തൊണ്ടിന്റെ വില നിയന്ത്രിക്കുന്നതിന് കേന്ദ്രഗവൺമെന്റ് തയ്യാറായി. പച്ചത്തൊണ്ടിന്റെ വില സ്വാഭാവികമായി കുറയുകയും, അതൊന്നു നോക്കിയതിനുശേഷംമതി പച്ചത്തൊണ്ടിന്റെ വില നിയന്ത്രിക്കുകയും ചെയ്യേണ്ടതെന്നാണ് കേന്ദ്രഗവൺമെന്റ് പറഞ്ഞത്. അത് പാടില്ലെന്നും പച്ചത്തൊണ്ടിന്റെ വിലകൂടിനിയന്ത്രിക്കുന്നതിന് അനുവാദം പെട്ടെന്നു കിട്ടണമെന്നും സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തൊണ്ടുവില നിയന്ത്രിച്ചതിനുശേഷം അഴുക്കുതൊണ്ട് കിട്ടുന്നതിനുള്ള ചില പ്രയാസങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് അഴുക്കുതൊണ്ട് കിട്ടുന്നതിനാവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അഴുക്കുതൊണ്ടിന്റെ വില നിയന്ത്രിച്ചാൽ അത് ആ വ്യവസായത്തെ സാരമായി ബാധിക്കുമെന്നും പല സംഭവവികാസങ്ങളും അതിനിടയിലുണ്ടാകുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായമാകെ തകർന്നുപോകുമെന്നും അതുകൊണ്ട് തൊണ്ടുവില നിയന്ത്രണംഅപകടകരമാണെന്നുമുള്ള ഒരു അഭിപ്രായഗതിയുണ്ടായി. എങ്കിലും തൊണ്ടുവില നിയന്ത്രിക്കണമെന്ന് ഈ മേഖലയിലുള്ള എല്ലാ ആളുകളുടേയും അഭിപ്രായത്തെ ആദരിച്ചും തൊണ്ടുവില നിയന്ത്രിക്കുന്നത് പ്രയോജനകരമാണെന്നും കരുതി അങ്ങനെയൊരു നടപടി സ്വീകരിച്ചു. പക്ഷേ പ്രതീക്ഷിച്ചതുപോലെ വലിയ കുഴപ്പങ്ങളുണ്ടായില്ലെങ്കിലും ചില മേഖലകളിൽ അഴുക്കുതൊണ്ട് കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അഴുക്കുതൊണ്ടിന്റെ വില നിയന്ത്രിച്ചതുമൂലം ചില മേഖലകളിൽ പച്ചത്തൊണ്ട് ലഭ്യമല്ലാതെ വരുകയും ചെയ്തിട്ടുണ്ട്. അതുപരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർക്ക് അഴുക്കുതൊണ്ടെടുത്ത് സഹകരണസംഘങ്ങൾക്ക് നൽകുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ തൊഴിലാളി സംഘടനകളും മറ്റു പ്രാദേശിക രംഗത്ത് പ്രവർത്തിക്കുന്ന പൊതുജനപ്രവർത്തകരും ഉൾപ്പെടുന്ന ഇംപ്ലിമെന്റേഷൻ കമ്മിറ്റികളുണ്ടാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ ഗവൺമെന്റിന്റെ മെഷിനറിയും തൊഴിലാളി യൂണിയനുകളുടെ പ്രതിനിധികളും യോജിച്ച് തൊണ്ടുവില നിയന്ത്രിച്ചതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ആ കാര്യത്തിൽ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് സമ്മതിക്കുന്നു. അതു പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് വളരെ വേഗത്തിൽ സ്വീകരിച്ചുവരികയാണ്. തൊണ്ടഴുക്കുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിച്ചുപോയി എന്നും അത് കുറയ്ക്കണമെന്നും അഭിപ്രായമുണ്ട്. കയർ ഉപദേശകസമിതിയും അത് കുറയ്ക്കണമെന്നു ശുപാർശ ചെയ്യുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ലൈസൻസ് ഫീസ് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കുറയ്ക്കാമെന്ന് കേന്ദ്രഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ ഉത്തരവ് കേന്ദ്രഗവൺമെന്റിൽ നിന്നും സംസ്ഥാനഗവൺമെന്റിനു കിട്ടിയിട്ടില്ല. വളരെ താമസിയാതെ തന്നെ കിട്ടുമെന്നാണ് കരുതുന്നത്. ചുരുക്കമായി എനിക്ക് പറയാനുള്ളത് കയർ വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തുന്നുണ്ട്. അതിൽ ചില പ്രായോഗികമായ ബുദ്ധിമുട്ടുകൾ സ്വഭാവികമായി ഉണ്ടാകും. അതു പരിഹരിക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. കയർ ഡെവലപ്പ്മെന്റ് കാർപ്പറേഷന്റെ കാര്യം പറഞ്ഞു. അതിനു പരിമിതമായ തോതിലുള്ള ഷെയർ ക്യാപ്പിറ്റലും ലോണുമുണ്ട്. ചെറുകിട കയർ ഫാക്ടറികളിൽ നിന്ന് കയറുൽപ്പന്നങ്ങൾ വാങ്ങി എക്സ്പോർട്ട് ചെയ്യുക എന്നുള്ളതാണ് ഈ കാർപ്പറേഷന്റെ ജോലി. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കു കുറേ തുക കൊടുത്തിട്ടുണ്ട്. അടുത്ത വർഷത്തെ ബഡ്ജറ്റിലും സാമാന്യം ഭേദപ്പെട്ട തുക കൊടുക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇത്രയും തുക കൊണ്ട് ചെറുകിട ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങിവിൽക്കാൻ കഴിയുമോ എന്ന് ശ്രീ. അച്യുതാനന്ദൻ സംശയം പ്രകടിപ്പിച്ചു. അതിനാവശ്യമായ പണം മുഴുവൻ ഗവൺമെന്റ് കൊടുക്കണമെന്നുള്ള രീതിയിലല്ല കാർപ്പറേഷൻ വിഭാവനം ചെയ്തിട്ടുള്ളത്. പ്രാരംഭ പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം ചെയ്യുക, വായ്പ കൊടുക്കേണ്ടതിന് ഷെയറായിട്ട് കുറെ തുക നിക്ഷേപിക്കുകയും ചെയ്യുക, പിന്നെ ബാങ്കുകളിൽനിന്ന് ആവശ്യമായ സാമ്പത്തിക സഹായം കിട്ടുക ഈ രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ബാങ്കിംഗ് ഫൈനൽസ് ആവശ്യമായ തോതിൽ പ്രാരംഭ പ്രവർത്തനങ്ങൾക്കുശേഷം കാർപ്പറേഷനു കിട്ടുമെന്നാണ് കരുതുന്നത്. ഇതിനകം അഞ്ചുലക്ഷത്തിലധികം രൂപാ വിലപിടിപ്പുള്ള സാധനങ്ങൾ എക്സ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനുള്ള സഹായം കാർപ്പറേഷന് കിട്ടീട്ടുണ്ട്. ഗവൺമെൻറ് പ്രത്യേകമായി മുൻകൈയെടുത്ത് ശ്രമിച്ചതിൻെറ ഫലമായിട്ടാണ് വേഗം അഞ്ചു ലക്ഷം രൂപക്കുള്ള സാധനങ്ങളും എക്സ്പോർട്ട് ചെയ്യുന്നതിനുള്ള ഏർപ്പാടുകളുണ്ടായിട്ടുള്ളത്. അതിൽക്കവിഞ്ഞ് കയർവ്യവസായത്തെ സംബന്ധിച്ച് ഒന്നും പറയണമെന്നു ഉദ്ദേശിക്കുന്നില്ല.

കേരള ഇലക്ട്രിസിറ്റി ബോർഡിനെപ്പറ്റി ശ്രീ. സി. കെ. ബാലകൃഷ്ണൻ കുറെയൊക്കെ കാര്യങ്ങളും പറഞ്ഞു. കെ. പി. എസ്. നായരുടെ റിപ്പോർട്ടും, പി. എസ്. പത്മനാഭൻെറ റിപ്പോർട്ടും നടപ്പിലാക്കിയില്ലെന്നു പറഞ്ഞു. ശങ്കരൻകമ്മിഷൻ റിപ്പോർട്ട് തൊട്ടിട്ടില്ലെന്നു പറഞ്ഞു. ശങ്കരൻ കമ്മിഷൻെറ മുഴുവൻ ശുപാർശകളും അംഗീകരിച്ചിട്ടുണ്ട്. സഭയിൽ ഞാനീക്കാര്യം ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുള്ളതാണ്. കാൺട്രാക്ട് കൊടുത്തതിനെ സംബന്ധിച്ചും, അതിലുള്ള മറ്റു അപാകതകളെ സംബന്ധിച്ചും, ഇലക്ട്രിസിറ്റിബോർഡ് എടുക്കേണ്ടതായ നടപടികളെക്കുറിച്ചും ഇവിടെ ചർച്ച ഉണ്ടായതാണ്. ശങ്കരൻ കമ്മിഷൻെറ എല്ലാ ശുപാർശകളും ഗവൺമെൻറ് അംഗീകരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെൻറുതന്നെ അതിനാവശ്യമായ നിർദ്ദേശങ്ങളും ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ശങ്കരൻ കമ്മിഷൻെറ റിപ്പോർട്ടിൽ ചില കൺട്രാക്ടർമാരിൽനിന്നും അതുപോലെതന്നെ ബന്ധപ്പെട്ട എൻജിനീയറൻമാരിൽനിന്നും വമ്പിച്ച തുകകളും ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നു റെക്കമെൻറ് ചെയ്തിരുന്നു. എന്നിട്ട് ആരുടെയെങ്കിലും പേരിൽ തുക ഈടാക്കാനുള്ള നടപടികളെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരുടെ പേർക്കെല്ലാമാണെന്നു പറയാമോ?

ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ എല്ലാ ശുപാർശകളും ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് നടപടികളും സ്വീകരിക്കണമെന്ന് ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശവും കൊടുത്തിട്ടുണ്ട്. അത് ഏതു ഘട്ടത്തിൽ ഇരിക്കുന്ന എന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. അതുപോലെതന്നെ കെ. പി. എസ്. നായരുടെയും, പി. എസ്. പത്മനാഭൻെറയും റിപ്പോർട്ടുകളിലെ ശുപാർശകളെല്ലാം ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. അത് ഒരു ദിവസംകൊണ്ട് നടപ്പിലാക്കാവുന്ന ശുപാർശകളല്ല. സിസ്റ്റർ മാറ്റിക്കായിട്ട് ക്രമേണ നടപ്പിൽ ആക്കേണ്ടതാണ്. ആ ശുപാർശകളെല്ലാം നടപ്പിലാക്കുന്നതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡ് നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: നടപടികളും എടുക്കുന്നതിന് ആവശ്യപ്പെട്ടുവെന്നുപറഞ്ഞു. 31-12-69-നു മുമ്പാണോ ഇലക്ട്രിസിറ്റി ബോർഡിനോട് അപേക്ഷിച്ചിരുന്നത്. അതിലെ ഇഞ്ചിനീയറുടെ പേരിൽ നടപടി എടുക്കേണ്ടതുണ്ട്. ആ ഇഞ്ചിനീയർ 31-12-69-ൽ റിട്ടയർ ചെയ്തുപോകും. പിന്നെ നടപടി എടുക്കാൻ ഒക്കുകയില്ല.

ശ്രീ. പി. രവീന്ദ്രൻ: തീയതി കൃത്യമായി ഓർമ്മയില്ലെങ്കിലും ഉദ്യോഗസ്ഥൻെറ പേരിൽ നടപടി നടത്തണമെന്നു പറഞ്ഞുകൊണ്ടുതന്നെയാണ് നോട്ടീസ് കൊടുത്തിട്ടുള്ളത്. അവരുടെ പേരിൽ നടപടി നടത്താൻ കഴിയുമെന്നുതന്നെയാണ് ഗവൺമെൻറിൻെറ വിശ്വാസം.

ശ്രീമതി. കെ. ആർ. ഗൗരി: ഏതു ദിവസമെന്നാണ് അറിയേണ്ടത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: ആ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുന്നതിനു മുമ്പുതന്നെയാണ്. ചെയർമാന്റെ പേരിലുള്ള നടപടി അദ്ദേഹത്തെ ചെയർമാൻ സ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്നു മാത്രമായിരുന്നു. എന്നാൽ ചെയർമാനെ നീക്കം ചെയ്യുന്നതിനു മുമ്പുതന്നെ ബോർഡിന്റെ ചെയർമാൻ ഷിപ്പ് രാജിവച്ചു പോയിരുന്നതുകൊണ്ട് ആ നടപടി എടുക്കേണ്ടിവന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ചീഫ് ഇഞ്ചിനീയറുടെ കാര്യമാണ് ചോദിച്ചത്.

ശ്രീ. പി. രവീന്ദ്രൻ: ഞാൻ പറഞ്ഞതും അതാണ്. ആ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുന്നതിനുമുമ്പുതന്നെയാണ് ഗവൺമെന്റ് നിർദ്ദേശം കൊടുത്തത്. തീയതി കൃത്യമായി ഓർമ്മയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കഴിഞ്ഞദിവസം കോൺട്രാക്ടർമാരിൽ ആരുടെയും പേരിൽ നടപടി എടുത്തിട്ടില്ലെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. ഇപ്പോഴത്തെ പറഞ്ഞതിൽനിന്നും കോൺട്രാക്ടർമാരുടെ പേരിലും നടപടി എടുത്തിട്ടുണ്ടെന്നാണ് തോന്നുന്നത്. വിശദവിവരം അറിയില്ലെന്നുപറഞ്ഞു. തുക ഈടാക്കാൻ കോൺട്രാക്ടർമാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ എടുത്തിട്ടുണ്ടെന്നു പറയാൻ കഴിയുമോ?

ശ്രീ. പി. രവീന്ദ്രൻ: ഓരോന്നായി പറയാൻ ബുദ്ധിമുട്ടുണ്ട് ശങ്കരൻകമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളെല്ലാംതന്നെ നടപ്പാക്കിയിട്ടുണ്ട്. ട്രാൻസ്മിഷന്റെറയും ഡിസ്ട്രിബ്യൂഷന്റെറയും കാര്യത്തെസംബന്ധിച്ച് ശ്രീ. സി. കെ. ബാലകൃഷ്ണൻ പറഞ്ഞു. അതിനെസംബന്ധിച്ച് നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഇവിടെ ഇടുക്കി സ്കീമിൽ കണ്ടിയൻ സ്പെഷ്യലൈസ്ഡ് ഇഞ്ചിനീയറെ അവിടെനിന്നു മാറ്റി ആഫീസിൽ പോസ്റ്റു ചെയ്യുന്നതിനുപകരം അങ്ങനെ സ്പെഷ്യലൈസു ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിലേക്ക് നിയമിച്ചുകൂടേ?

ശ്രീ. പി. രവീന്ദ്രൻ: പ്രോജക്ടു നടപടികളിൽ ആവശ്യമായ വൈദഗ്ദ്ധ്യമുള്ള ഇഞ്ചിനീയറെയാണ് അവിടെ നിയമിച്ചിട്ടുള്ളത്.

ശ്രീ. എം. കെ. എ. ഹമീദ്: ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളും മുഴുവനും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. സ്വീകരിക്കാത്ത നിർദ്ദേശങ്ങളും ഏതൊക്കെയാണ്. അതു സ്വീകരിക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. പി. രവീന്ദ്രൻ: എല്ലാ നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ട്. നടപടികളും വേണ്ട എന്നു പറഞ്ഞതിനും നടപടികളും എടുത്തിട്ടുണ്ട്. അതു പോലെതന്നെ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ അയേൺ ഉപയോഗിച്ച് സ്റ്റീൽ പ്ലാന്റ് സ്ഥാപിക്കുന്നതിനെസംബന്ധിച്ചു പറഞ്ഞു. കോഴിക്കോട്ടുള്ള ഇരുമ്പയിരു നിക്ഷേപത്തെസംബന്ധിച്ചും പരിശോധനകളും നടന്നുകൊണ്ടിരിക്കുകയാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ ജിയോളജിക്കൽ സർവ്വേ ഡിപ്പാർട്ടുമെന്റും നമ്മുടെ ഡിപ്പാർട്ടുമെന്റും ചേർന്നുകൊണ്ട് വളരെവേഗം ഇതിന്റെ ഗവേഷണം പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിൽനിന്ന് 300 മില്യൻ ടൺ അയിര് ലഭ്യമാകുമെന്നാണ് കാണു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. വളരെവേഗം പ്രോജക്ടു റിപ്പോർട്ടു തയ്യാറാക്കുന്നതും ഗവേഷണം പൂർത്തിയാക്കുന്നതിനും നടപടികളും എടുത്തുവരികയാണ്. ഇന്നലെ കേന്ദ്രഗവൺമെന്റിൽനിന്ന് എനിക്കു കിട്ടിയ കത്തിൽ പ്രോജക്ടു റിപ്പോർട്ടുപൂർത്തിയായിക്കഴിഞ്ഞാൽ കേരളത്തിൽ സ്റ്റീൽ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം കേന്ദ്രഗവൺമെന്റ് അവനുഭാവപൂർവ്വം പരിഗണിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ഈ കത്ത് ഇന്നലെയാണ് കിട്ടിയത്. ഈ കാര്യത്തിൽ ഗവൺമെന്റ് യാതൊരു അലസമനോഭാവവും കൈക്കൊള്ളുന്നതല്ല. വളരെ വേഗത്തിൽ നടപടികളും മുന്നോട്ടു കൊണ്ടുപോകുന്നതിന് ശ്രമിക്കുന്നതാണ്.

അതുപോലെതന്നെ കൈത്തറിയെ സംബന്ധിച്ച് ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ഇവിടെ പറഞ്ഞു. മിനിമം വേജസ് നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അതുപോലെതന്നെ പ്രൈമറി സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളും പരിശോധിക്കുന്നതിനും അതിന്റെ ന്യൂനതകളും പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനും വേണ്ടി ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ അതിനാവശ്യമായ നടപടികളും നടത്താൻ കഴിയുമെന്നാണ് ഗവൺമെന്റു കരുതുന്നത്. അതുപോലെതന്നെ അദ്ദേഹം സ്പെഷ്യൽ റിബേറ്റു നൽകുന്ന കാര്യത്തെപ്പറ്റി പറഞ്ഞു. ഈ ഏപ്രിൽ 1—ാംതീയതിമുതൽ 8—ാംതീയതിവരെ സ്പെഷ്യൽ റിബേറ്റ് അനുവദിക്കുന്നതിന് ഗവൺമെന്റ് നടപടികളും സ്വീകരിക്കുന്നതാണ്.

സർ, ഇവിടെ നിരവധി പ്രശ്നങ്ങളെസംബന്ധിച്ചു പറയുകയുണ്ടായി. അതു സംബന്ധിച്ചെല്ലാം പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ശ്രീ. കെ. സി. വാമദേവൻ ചില കാര്യങ്ങളും പറഞ്ഞു. ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേയുടെ കാര്യം പറഞ്ഞു. ഈ വരുന്ന ജൂൺമാസത്തിൽ അതിന്റെ പ്രവർത്തനം ആരംഭിക്കും. അതുപോലെതന്നെ ഐ. ടി. ഐ. കെട്ടിടത്തിന്റെ കാര്യം പറഞ്ഞു. അതു പൊളിച്ചുമാറണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിനാവശ്യമായ നടപടികളും എയർപോർട്ട് വികസന നടപടികളോടൊപ്പം ഗവൺമെന്റ് ചെയ്യുന്നതാണ്.

അതുപോലെതന്നെ തൊഴിൽ നയത്തെസംബന്ധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദൻ ചില കാര്യങ്ങളും പറഞ്ഞു. പ്രധാനമായും ഒന്നുരണ്ടു. തൊഴിൽതർക്കങ്ങളും ചൂണ്ടിക്കാണിച്ചാണ് അദ്ദേഹം ആക്ഷേപങ്ങളും പുറപ്പെടുവിച്ചത്. ആ തൊഴിൽ തർക്കങ്ങളല്ലാതെ എത്രയോ പ്രധാനപ്പെട്ട മറ്റു തൊഴിൽ തർക്കങ്ങളും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒത്തുതീർപ്പിൽ എത്തിച്ചിട്ടുണ്ട്. ലേബർ ഡിപ്പാർട്ടുമെന്റും അതുപോലെതന്നെ ലേബർ കമ്മീഷണറും ലേബർ മന്ത്രിയെന്നുള്ള നിലയിൽ ഞാനും നിരവധി തൊഴിൽതർക്കങ്ങളും, വളരെ പ്രാധാന്യമർഹിക്കുന്ന തൊഴിൽ തർക്കങ്ങളും ഒത്തുതീർപ്പിൽഎത്തിച്ചിട്ടുണ്ട്. ഒന്നോ രണ്ടോ തൊഴിൽ തർക്കങ്ങളും മാത്രമാണ് ഈ വിധത്തിൽ കൂടിയാലോചനകളിൽകൂടി പരിഹരിക്കാൻ കഴിയാതെ പോയത്. വുഡ്ലാൻസ് ഹോട്ടലിലെ തൊഴിൽ തർക്കത്തെപ്പറ്റി ഇവിടെ ശ്രീ. അച്യുതാനന്ദൻ ചൂണ്ടികാണിക്കുകയുണ്ടായി. അതു രമ്യമായി തീർക്കുന്നതിനുവേണ്ടി പരമാവധി ശ്രമിച്ചിട്ടുണ്ട്. ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ടെന്നുള്ള കാര്യം ശ്രീ. ലോറൻസ് നിഷേധിക്കുമെന്നു തോന്നുന്നില്ല. ശ്രീ. അച്യുതാനന്ദൻ ലോറൻസിനോടു ചോദിച്ചാൽ അദ്ദേഹം സത്യാവസ്ഥ പറയുമെന്നുമാത്രമേ എനിക്കു പറയാനുള്ളു.

അതുപോലെതന്നെ ഇവിടെ വ്യവസായവൽക്കരണത്തെസംബന്ധിച്ചുമാക്കെ നിരവധി കാര്യങ്ങളും സ്പർശിക്കുകയുണ്ടായി. സമയമില്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അതിനെസംബന്ധിച്ചു പറയാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ഒരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ശ്രീ. ടി. വി. തോമസ് ജപ്പാൻ സന്ദർശനം നടത്തിയതിനെ സംബന്ധിച്ചും എന്തോ വരാൻ പോകുന്നു, അതു വന്നില്ല എന്നും ഈ സഭയിൽ പറഞ്ഞുകേട്ടു. അദ്ദേഹത്തിന്റെ ജപ്പാൻ സന്ദർശനത്തിന്റെ ഫലമായി നമുക്കിവിടെ പല വ്യവസായങ്ങളും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളകാര്യം ഈ സഭയെ അറിയിക്കാൻ എനിക്കു സന്തോഷമുണ്ട്. ജപ്പാൻ യാത്രയുടെ ഫലമായി

1. Expansion of Transformers & Electricals
2. Dry Cell Battery Project
3. Transfer Picture Printing Plant, Kerala Ceramics
4. Automatic Bottle making plant

ഈ അഞ്ചു പ്രോജക്ടുകളും നടപ്പിലാക്കുന്നതിനു ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതു മുഴുവനും ആരംഭിച്ചിട്ടില്ലെങ്കിലും അതിനുള്ള എല്ലാ നടപടികളും പൂർത്തിയായി. വളരെ താമസിയാതെതന്നെ അതു നടപ്പിലാക്കാൻ കഴിയുന്നതാണ്. അതുപോലെതന്നെ നമ്മുടെ രാജ്യത്ത് സ്വകാര്യമേഖലയിലും പൊതുമേഖലയിലും കൂടുതൽ വ്യവസായങ്ങളും ആരംഭിക്കുന്നതിനുള്ള അടിത്തറ പാകാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതോടുകൂടി ഭൂമിയുടെ നിക്ഷേപത്തുക വ്യവസായരംഗത്തേക്ക് മാറ്റാൻ കഴിയുമെന്നാണ് കരുതുന്നത്. ഇങ്ങനെ കൂടുതൽ വ്യവസായങ്ങളും മീഡിയം ഇൻഡസ്ട്രീസ് നമ്മുടെ രാജ്യത്ത് കൂടുതൽ സ്ഥാപിക്കാൻ കഴിയും. അങ്ങനെ നമ്മുടെ രാജ്യത്തെ വിഭവങ്ങളും ഉപയോഗിച്ചുകൊണ്ട്, വിദ്യുച്ഛക്തി ഉപയോഗിച്ചുകൊണ്ട് നമ്മുടെ സമർദ്ധന്മാരായ തൊഴിലാളികളുടെ കഴിവുകളും ഉപയോഗിച്ചുകൊണ്ട് കൂടുതൽവ്യവസായശാലകളും നമ്മുടെ രാജ്യത്ത് ആരംഭിക്കാൻ കഴിയുമെന്നുതന്നെ ഗവൺമെന്റു കരുതുന്നു. അതിനാവശ്യമായ പ്രോജക്ടുകളും ഗവൺമെന്റ് തയ്യാറാക്കുന്നുണ്ട്. ചില വ്യവസായശാലകളും ഓരോ താലൂക്കിലും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഡവലപ്പ്മെന്റ് ബ്ലോക്കുകളും ഉണ്ടാക്കി വ്യവസായങ്ങളെ ആകർഷിക്കുന്നതിനുള്ള നടപടികളും ഗവൺമെന്റു സ്വീകരിച്ചിട്ടുണ്ട്. ആകെക്കൂടി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയും വ്യവസായവൽക്കരണം വളരെവേഗം മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടിയും വിശേഷിച്ചും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ട് വ്യവസായങ്ങളും ആരംഭിക്കുന്നതിനുവേണ്ടിയും ആത്മാർത്ഥമായ പരിശ്രമം ഈ ഗവൺമെന്റ് നടത്തുന്നുണ്ട്. ഈ സഭയുടെ നിർലോഭമായ സഹായസഹകരണമുണ്ടെങ്കിൽ വളരെ താമസിക്കാതെ തന്നെ നേരത്തെ ഒരുക്കി ഇട്ടിരിക്കുന്ന ഈ രംഗത്ത് നിരവധി പുതിയ വ്യവസായങ്ങളും ആരംഭിക്കാൻ കഴിയുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അങ്ങനെ ഈ സഭയുടെ എല്ലാ ഭാഗത്തുമുള്ള പിൻതുണ ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടി ഈ ഡിമാൻറുകളും പാസാക്കിത്തരണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ): സർ, ഇവിടെ ഞാൻ അവതരിപ്പിക്കപ്പെട്ട ഡിമാൻറുകളെപ്പറ്റി ഒന്നുരണ്ടുകാര്യങ്ങളാണ് പ്രധാനമായും ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട കാസർകോടു മെമ്പർ പ്രസംഗിച്ചു, കാസർകോടിനെ ഇറിഗേഷൻ പ്രവർത്തനങ്ങളിൽ അവഗണിക്കപ്പെട്ടിരിക്കുകയാണെന്ന്. ഏതെങ്കിലും പ്രദേശത്തെ അവഗണിക്കണമെന്ന ഉദ്ദേശം ഗവൺമെന്റിനില്ല. ആ പ്രദേശത്ത് ചില സ്കീമുകളെല്ലാം ആരംഭിച്ചിട്ടുണ്ട്. ഇനിയും ചില സ്കീമുകൾക്കുവേണ്ട നടപടികളും എടുത്തു

LIBRARY ARCHIVES Kerala Legislative Assembly

വരികയാണ്. മൈനർ ഇറിഗേഷനുള്ള നടപടികളും കൈക്കൊണ്ടു വരികയാണ്. ആ പ്രദേശത്തെ അവഗണിച്ചു എന്നു ഞാൻ വിശ്വസിക്കുന്നില്ല. മുപ്പള്ള റിവറിന്റെ ആനിക്കെട്ടിന് 1.5 ലക്ഷം രൂപയും സിറിയ റിവറിന്റെ ആനിക്കെട്ടിന് 10.2 ലക്ഷം രൂപയും, മെയിൻ കനാൽ വർക്കിന് 4.6 ലക്ഷം രൂപയും.....

Shri K. Mahabala Bhandary: When were these works taken up? Can the Minister tell this House when the anicut at Bombana has been constructed? It is under the Madras Government.....

Shri O. Koran: It was constructed in 1969.....

അവഗണിക്കപ്പെട്ട ജില്ലയാണെന്നു പറഞ്ഞതുകൊണ്ടു പറയുകയാണ് അവിടെയുള്ള സ്ഥലങ്ങളല്ലേ ഇതൊക്കെയും. ചെയ്ത കാര്യങ്ങളും ചെയ്തു എന്നു പറയാതിരിക്കാൻ പറ്റുകയില്ല. അതുകൊണ്ട് അവഗണിക്കുന്നു എന്നുള്ള പ്രശ്നമില്ല. ഇനി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ള കാര്യത്തെപ്പറ്റി അന്വേഷിക്കാം.

മറ്റൊന്ന് കാഞ്ഞിരപ്പുഴപദ്ധതിയെപ്പറ്റി ശ്രീ. കുഞ്ഞൻ പറയുകയുണ്ടായി. കാഞ്ഞിരപ്പുഴ സ്കീമിന്റെ വർക്ക് കാര്യക്ഷമമായി മുന്നോട്ടു പോകുന്നില്ലെന്നു പറഞ്ഞതിന്റെ കാരണം ഗവൺമെന്റിന് വേണ്ടത്ര ഫണ്ട് കിട്ടാത്തതുകൊണ്ടാണ്. കിട്ടിയ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്.

അതുപോലെതന്നെ കാർഷികയൂണിവേഴ്സിറ്റിയുടെ കാര്യം ശ്രീ. വാമദേവൻ പറഞ്ഞു. ഇതിന് പ്രത്യേകം ഒരു കമ്മിറ്റിയെ നിയമിച്ച് ആ കമ്മിറ്റി പഠനം നടത്തിയശേഷം സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ എടുത്തിട്ടുള്ളത്.

മറ്റൊന്നുള്ളത് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് ഇവിടെ ശ്രീ. രാമുണ്ണി പറയുകയുണ്ടായി. അദ്ദേഹം എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് അറിഞ്ഞുകൂടാ. ഈ ഗവൺമെന്റു വന്നതിനുശേഷം 41 വീടുകൾ ഓരോ ജില്ലയിലും കൊടുത്തിട്ടുണ്ട്. നാനൂറിൽപ്പരം വീടുകൾ ഈ അടുത്ത അവസരത്തിൽ ഗവൺമെന്റു കൊടുക്കാൻ അംഗീകരിച്ചിട്ടുണ്ട്. അതിനുംപുറമെ അടുത്തവർഷം ഒരു ഫൈനാൻസിംഗ് കോർപ്പറേഷൻ ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെന്റിൽ വരാൻ പോവുകയാണ്. ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിൽ വരുത്താൻ കേന്ദ്രഗവൺമെന്റിൽ നിന്ന് അംഗീകാരം കിട്ടിയിട്ടുണ്ട്.

ശ്രീ. പി. കുഞ്ഞൻ: മന്ത്രി വീടുകൾ കൊടുത്തു എന്നു പറഞ്ഞു. ഈ ഗവൺമെന്റു വന്നതിനുശേഷം മാത്രമാണോ വീടുകൾ കൊടുത്തത്. 57 മുതൽ കൊടുത്തിരുന്നതല്ലേ?

ശ്രീ. ഒ. കോരൻ: ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ താലൂക്കിലും 41 വീടുകൾവീതം കൊടുത്തിട്ടുണ്ട്. മുമ്പും കൊടുത്തിരുന്നു. ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്ന് രാമുണ്ണി പറഞ്ഞതുകൊണ്ടു പറഞ്ഞതാണ്. ശ്രീ. രാമുണ്ണി നടത്തിക്കൊണ്ടിരുന്ന ഹരിജൻ ഹോസ്റ്റലിന്റെ കണക്കു കൊടുക്കാത്തതിന്റെ ഫലമായി അവിടത്തെ കുട്ടികൾ പട്ടിണി കിടക്കാൻ പോവുകയാണ്. കണക്ക് ആഡിറ്റു ചെയ്യാത്തതിന്റെ ഫലമായി കുട്ടികൾ പട്ടിണി കിടക്കേണ്ട സാഹചര്യത്തിൽ എത്തിയിരിക്കുകയാണ്. തന്നെ ഏൽപ്പിച്ച ഹോസ്റ്റലിന്റെ ഗ്രാന്റുകൊടുത്ത കണക്ക് കൊടുക്കാത്തതിന്റെ ഫലമായി ഇപ്പോൾ കിട്ടാനുള്ള ഗ്രാന്റ് തടഞ്ഞുവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് താൻ ഏറെറടുത്ത പണിയുടെ ഉത്തരവാദിത്വംപോലും തീർക്കാൻ കഴിയാത്ത ആഹം ഹരിജൻ ഡിപ്പാർട്ടുമെൻറിനെപ്പററി പ്രസംഗിക്കുകയുണ്ടായി.

ശ്രീ. എം. രാമുണ്ണി: മന്ത്രി തെററിദ്ധരിപ്പിക്കുകയാണ്. അദ്ദേഹം പ്രസിഡൻറായിരുന്ന കാലത്ത് ഞാൻ സെക്രട്ടറിയായിരുന്നു. അതിൻെറ ചാർജ് രണ്ടുകൊല്ലത്തിനുമുൻപേ ഞാൻ വിട്ടതാണ്. ഇതു തെററിദ്ധരിപ്പിക്കുന്നതാണ്, തെററാണ്.

ശ്രീ. ഒ. കോരൻ: ആഡിററു ചെയ്ത കണക്കു കൊടുക്കാത്തതിൻെറ ഫലമായി ഗ്രാൻറു തടഞ്ഞുവച്ചിരിക്കുകയാണ്.

ശ്രീ. എം. രാമുണ്ണി: ഇപ്പോഹം മന്ത്രിയായിരിക്കുന്നതുകൊണ്ട് ഗ്രാൻറുകൊടുക്കാൻ പ്രയാസമില്ലല്ലോ.

ശ്രീ. ഒ. കോരൻ: കണക്ക് ആഡിററു ചെയ്യാതെ എങ്ങനെയാണ് ഗ്രാൻറുകൊടുക്കുന്നത്.

ശ്രീ. എം. കെ. കൃഷ്ണൻ: ഗ്രാൻറ് ഇൻ എയിഡ് ഹോസ്പിററലുകഹം നടത്തുന്ന ആളുകഹം, മാനേജിംഗ് കമ്മിററിയിൽ ഗവൺമെൻറ് നോമിനേററു ചെയ്യുന്ന ആളുകഹം ഉണ്ടായിരുന്നില്ല. ഇവരെക്കൂടി ഉഹക്കൊള്ളിച്ചുകൊണ്ടു കമ്മിററി സംഘടിപ്പിച്ചെങ്കിൽമാത്രമേ ഈവക ഹോസ്പിററലുകഹംക്ക് ഗ്രാൻറ് കൊടുക്കാവൂ എന്ന് നിലവിലുണ്ടായിരുന്ന നിയമവ്യവസ്ഥ ഈ ഗവൺമെൻറ് അധികാരത്തിൽവന്നതിനുശേഷം മാററുകയുണ്ടായോ; ഉണ്ടായെങ്കിൽ ഈ ഗ്രാൻറ് ഇൻ എയിഡ് ഹോസ്പിററലുകഹം നടത്തുന്ന ആളുകഹം കണക്കും മററും ബോദ്ധ്യപ്പെടുത്താത്തതുകൊണ്ടുവരുന്ന ബുദ്ധിമുട്ടുകഹം അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ട ഹരിജൻ വിദ്യാർത്ഥികളായതുകൊണ്ട് ഈ നിയമം ഈ ഗവൺമെൻറു വന്നശേഷം അതിൽ ഭേഗതികഹം വരുത്തി ഹരിജൻ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുകയില്ലേ?

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു തെററാണ്. കുട്ടികഹംക്ക് ഗ്രാൻറു കൊടുക്കുന്നതിന് ഇങ്ങനെ ഒരു നിയമമില്ല. ഗ്രാൻറ് കൊടുക്കാൻ കഴിയുമോ എന്നു ആലോചിക്കുന്നതാണ്. കമ്മിററിയുടെ ഇന്നത്തെ ഘടന മാററിയതുകൊണ്ട് ഗ്രാൻറു കിട്ടുന്നതിനു് യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. അതുപോലെതന്നെ ഇവിടെ സെൽ രൂപീകരണത്തെപ്പററി പറഞ്ഞു. സെക്രട്ടേറിയററിൽ ഒരു ഡെപ്യൂട്ടി സെക്രട്ടറിയുടെ ഗ്രേഡിൽ ഒരു സെൽരൂപീകരിക്കാൻ ഗവൺമെൻറ് തീരുമാനിച്ചു.

മി. സ്പീക്കർ: മണി ഒന്നായി ഇനി അവസാനിപ്പിക്കാം.

The cut motions moved by Shri C. B. Chandrasekhara Warrier to Demands XXVII, XXIX and XXXIX were put and lost.

The cut motions moved by Dr. George Thomas were by leave withdrawn.

The Question that Government be granted a sum of Rs. 1,18,04,000 under Demand XXVII—Industries was put and carried.

The Demand was passed and the grant was made.

The question that Government be granted a sum of Rs. 1,09,64,600 under Demand XXIX—Labour and Employment was put and carried.

LIBRARY ARCHIVES Kerala Legislative Assembly

The Demand was passed and the grant was made.

The question that Government be granted a sum of Rs. 2,81,79,200 under Demand XXXIX—Forest was put and carried.

The Demand was passed and the grant was made.

The cut motions moved by Shri C. B. Chandrasekhara Warrier to Demands XIX, XXI, IV, XXV, and L were put and lost.

The Cut motions moved by Dr. George Thomas were by leave withdrawn.

The question that Government be granted a sum of Rs. 11,27,75,200 under Demand XIX—Medical was put and carried.

The Demand was passed and the grant was made.

The question that Government be granted a sum of Rs. 4,45,23,600 under Demand XX—Public Health was put and carried.

The Demand was passed and the grant was made.

The question that Government be granted a sum of Rs. 2,15,00,300 under Demand XXI—Public Health Engineering was put and carried.

The Demand was passed and the grant was made.

The question that Government be granted a sum of Rs. 21,24,000 under Demand IV—Taxes on Vehicles was put and carried.

The Demand was passed and the grant was made.

The question that Government be granted a sum of Rs. 30,61,500 under Demand XXXV—Transport Schemes was put and carried.

The Demand was passed and the grant was made.

The question that Government be granted a sum of Rs. 10,50,000 under Demand L—Capital outlay an Transport Schemes was put and carried.

The Demand was passed and the grant was made.

The cut motions moved by Shri C. B. Chandrasekhara Warrier to Demands XXX, XXXII and XLVI were put and lost.

The Cut motions moved by Dr. George Thomas were by leave withdrawn.

The question that Government be granted a sum of Rs. 3,82,72,100 under Demand XXX—Harijan Welfare was put and carried.

The Demand was passed and the grant was made.

The question that Government be granted a sum of Rs. 5,96,85,200 under Demand XXXII—Irrigation was put and carried.

The Demand was passed and the grant was made.

The question that Government be granted a sum of Rs. 5,54,60,900 under Demand XLVI—Capital Outlay on Irrigation was put and carried.

The Demand was passed and the grant was made.

Demand No. XXXIII—Public Works

LIBRARY ARCHIVES Kerala Legislative Assembly